# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**www.ksad.kerala.gov.in**

## ചെമ്മരുതി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

**2023-2024**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**ജില്ലാ ഓഡിറ്റ് കാര്യാലയം**
**തിരുവനന്തപുരം.-695001**

**ഇ-മെയിൽ: lfadtvm@yahoo.in**
**ഫോൺ : 0471-2331231**

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.റ്റി.വി.എം/ജി.പി 8/1888/2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001
തീയതി: 22/12/2024
ഇ-മെയിൽ: lfadtvm@yahoo.in
ഫോൺ: 0471-2331231

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ചെമ്മരുതി ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : ചെമ്മരുതി ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചെമ്മരുതി ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.റ്റി.വി.എം/ജി.പി 8/1888/2024 തീയ്യതി: 22/12/2024

# തിരുവനന്തപുരം ജില്ലയിലെ ചെമ്മരുതി ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13** , **1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18,** (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ ചെമ്മരുതി ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2023 മുതൽ 31-03-2024 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 65 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 65 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

### ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| പ്രതാപ്കുമാർ ആർ | ഡെപ്യൂട്ടി ഡയറക്ടർ | 21-11-2024 | 30-11-2024 |

### ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 21-11-2024 | 30-11-2024 |

### ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.സാബു.ജി.,ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.)
ശ്രീ.സജേഷ്.ആർ.എസ്.,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ.സുജേഷ്.എസ്.,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി രശ്മി.ആർ.വി.,സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ.ഹരികൃഷ്ണൻ.ആർ.,ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി പ്രിയങ്ക.വി | പ്രസിഡന്റ് | 01-04-2023 | 31-03-2024 |
| ശ്രീ.അനിൽകുമാർ.ഡി. | സെക്രട്ടറി | 01-04-2023 | 15-07-2023 |
| ശ്രീ.എസ്.ഷാനികുമാർ | സെക്രട്ടറി | 15-07-2023 | 31-03-2024 |

## <u>നിർവ്വഹണഉദ്യോഗസ്ഥർ</u>

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.കിരൺചന്ദ്.എസ്.ഡി. | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2023 | 15-07-2023 |
| ശ്രീ.കെ.വിനോദ് കുമാർ | അസിസ്റ്റന്റ് സെക്രട്ടറി | 15-07-2023 | 31-03-2024 |
| ശ്രീമതി ഷൈന ഹാഷിം | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2023 | 31-03-2024 |
| ഡോ.ഷൈലി.എസ്.രാജു | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2023 | 31-03-2024 |
| ഡോ.മുരളീകൃഷ്ണൻ.കെ.എസ്. | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2023 | 06-07-2023 |
| ഡോ.സബിത.എ. | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 06-07-2023 | 31-03-2024 |
| ഡോ.ശാന്തിജയലക്ഷ്മി.എസ്.ആർ. | വെറ്ററിനറി സർജൻ | 01-04-2023 | 30-09-2023 |
| ഡോ.ആശ.എസ്.ജെ. | വെറ്ററിനറി സർജൻ | 01-10-2023 | 31-12-2023 |
| ഡോ.ശാന്തിജയലക്ഷ്മി.എസ്.ആർ | വെറ്ററിനറി സർജൻ | 01-01-2024 | 02-01-2024 |
| ഡോ.ഫഹദ്.എ.ആർ. | വെറ്ററിനറി സർജൻ | 03-01-2024 | 31-03-2024 |
| ശ്രീമതി ലക്ഷ്മി ഭാസി | കൃഷി ഓഫീസർ | 01-04-2023 | 11-05-2023 |
| ശ്രീമതി റോഷ്ന.എസ്. | കൃഷി ഓഫീസർ | 12-05-2023 | 31-03-2024 |
| ശ്രീമതി ഷീല.വി. | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2023 | 31-03-2024 |
| ശ്രീമതി ബീന | ഹെഡ്മിസ്ട്രസ് | 01-04-2023 | 06-07-2023 |
| ശ്രീമതി സിന്ധു.ജി.എസ് | ഹെഡ്മിസ്ട്രസ് | 07-07-2023 | 31-03-2024 |
| ശ്രീമതി കൃഷ്ണകുമാരി | ഫിഷറീസ് ഓഫീസർ | 01-04-2023 | 31-03-2024 |
| ശ്രീ.വിനോദ്.ആർ.എസ്. | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2023 | 31-03-2024 |
| ശ്രീ.സന്ദീപ് | വി.ഇ.ഒ.സർക്കിൾ-1 | 01-04-2023 | 17-08-2023 |
| ശ്രീമതി പ്രീതി.ബി.എസ്. | വി.ഇ.ഒ.സർക്കിൾ-1 | 18-08-2023 | 31-08-2023 |
| ശ്രീമതി ആശാരാജ് | വി.ഇ.ഒ.സർക്കിൾ-1 | 01-09-2023 | 31-03-2024 |
| ശ്രീ.ഷാജി.ജെ. | വി.ഇ.ഒ.സർക്കിൾ-2 | 01-04-2023 | 17-07-2023 |

| | | | |
|---|---|---|---|
| ശ്രീ.സന്ദീപ് | വി.ഇ.ഒ.സർക്കിൾ-2 | 18-07-2023 | 19-07-2023 |
| ശ്രീമതി പ്രീതി.ബി.എസ്. | വി.ഇ.ഒ.സർക്കിൾ-2 | 20-07-2023 | 31-03-2024 |
| ഡോ.സൗമ്യ.യു.എസ്. | മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി. | 01-04-2023 | 31-03-2024 |

# ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | വാർഷിക അനുപാതങ്ങൾ, അക്കൗണ്ട്സിന്മേലുള്ള കുറിപ്പുകൾ എന്നിവ വാർഷിക ധനകാര്യപത്രികയ്ക്കൊപ്പം സമർപ്പിച്ചിട്ടില്ല | 1-1-1 |
| 3 | ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിലെ ക്യാഷ് ഫ്ലോ തുകയും മുന്നിരിപ്പ് നീക്കിയിരിപ്പ് തുകകളുടെ വ്യത്യാസവും തമ്മിൽ പൊരുത്തപ്പെടുന്നില്ല. | 1-1-2 |
| 4 | സ്റ്റോക്കുകളുടെ മൂല്യനിർണയം നടത്തി വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തുന്നില്ല | 1-1-3 |
| 5 | തൻവർഷത്തെ തനത്ഫണ്ട് വരവ്-ചെലവുകൾ ക്രമീകരിച്ചതിന്റെ ഷെഡ്യൂൾ വാർഷിക കണക്കുകളോടൊപ്പം ലഭ്യമാക്കിയിട്ടില്ല | 1-1-4 |
| 6 | ബാങ്കിൽ നിക്ഷേപിച്ച തുകകൾ ക്രെഡിറ്റ് ആയില്ല | 1-1-5 |
| 7 | അക്രൂവൽ ചെയ്യേണ്ട വരുമാനങ്ങളുടെ പ്രതിമാസ ജേണൽ എൻട്രി നടത്തിയിട്ടില്ല | 1-1-6 |
| 8 | ആസ്തി സൃഷ്ടിക്കുന്നതിനായി ചെലവഴിച്ച പാർട്ട് ബിൽ തുകകൾ Capital Work In Progress ശീർഷകത്തിലേയ്ക്ക് മാറ്റിയില്ല | 1-1-7 |
| 9 | വിവിധ കാലയളവുകളിൽ ബാങ്ക് ബുക്കുകളിൽ ക്രെഡിറ്റ് ബാലൻസ് | 1-1-8 |
| 10 | ദുരിതാശ്വാസ നിധി - അക്കൗണ്ട് നീക്കിയിരിപ്പും ബി -2 ഷെഡ്യൂൾ പ്രകാരമുള്ള നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല. | 1-1-9 |
| 11 | സ്ഥിര ആസ്തികൾക്ക് ഡിപ്രീസിയേഷൻ കണക്കാക്കിയില്ല | 1-1-10 |
| 12 | മുൻകൂർ ഹെഡിൽ രസീത് ചെയ്ത തുകകൾ ക്രമീകരിച്ചിട്ടില്ല | 1-1-11 |
| 13 | Capital Contribution തുക അതത് ഹെഡുകളിൽ രേഖപ്പെടുത്തുന്നില്ല | 1-1-12 |
| 14 | രജിസ്റ്ററുകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല | 1-1-13 |
| 15 | ഗ്രാന്റ് നീക്കിയിരിപ്പ് തുകകൾ പൊരുത്തപ്പെടുന്നില്ല. | 1-1-14 |
| 16 | വസ്തു നികുതി - തുകകൾ പൊരുത്തപ്പെടുന്നില്ല | 1-1-15 |
| 17 | Gross Surplus Of Income Over Expenditure കണക്കാക്കിയതിൽ അപാകം | 1-1-16 |
| 18 | എം.ജി.എൻ.ആർ.ഇ.ജി.എസ് അഡ്മിൻ ഫണ്ട് വിവരങ്ങൾ ക്യാഷ് ബുക്കിലേതുമായി പൊരുത്തപ്പെടുന്നില്ല | 1-1-17 |
| 19 | വാർഷിക ധനകാര്യപത്രിക പരിശോധനയിലെ മറ്റ് നിരീക്ഷണങ്ങൾ | 1-1-18 |
| 20 | ബജറ്റ് | 1-2 |
| 21 | സാമ്പത്തികവിശകലനം | 1-3 |
| 22 | ഗ്രാന്റ് വിനിയോഗം - അപാകങ്ങൾ | 1-4-1 |
| 23 | ഗ്രാന്റ് വിനിയോഗം | 1-4 |
| 24 | പദ്ധതി അവലോകനം | 1-5 |
| 25 | ക്ഷേമ പെൻഷനുകൾ | 1-6 |
| 26 | ക്യാഷ് ബാലൻസ് പരിശോധന | 1-7 |
| 27 | ആഭ്യന്തരനിയന്ത്രണം | 1-8 |
| 28 | ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 1-9 |
| 29 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 30 | കരാർ ചമയ്ക്കാൻ കാലതാമസം വരുത്തിയ കരാറുകാരനിൽ നിന്നും പിഴ ഈടാക്കിയില്ല. | 1-11 |
| 31 | ഇൻഷ്വറൻസ് പോളിസി എടുക്കാത്ത കരാറുകാരിൽ നിന്നും 6,398/- രൂപ പിഴ ഈടാക്കിയില്ല. | 1-12 |
| 32 | ബിൽഡിംഗ് പെർമിറ്റ് രജിസ്റ്ററിന്റെ പരിപാലനം ക്രമപ്രകാരമല്ല | 1-13 |

| | | |
|---|---|---|
| 33 | പോസ്റ്റ് ഒക്കുപ്പെൻസി ഓഡിറ്റ് നടത്തിയിട്ടില്ല | 1-14 |
| 34 | വിമുക്ത ഭടൻമാരുടെ കെട്ടിടനികുതി ഇളവ് രേഖകൾ ഹാജരാക്കേണ്ടതാണ്. | 1-15 |
| 35 | സേവന ഉപനികുതി ഈടാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. | 1-16 |
| 36 | വാണിജ്യ സ്ഥാപനങ്ങൾ ട്രേഡേഴ്സ് ലിസ്റ്റിലെയും സഞ്ചയ സ്റ്റേറ്റ്മെന്റിലെയും വിശദാംശങ്ങൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല. | 1-17 |
| 37 | കുടിശ്ശിക രജിസ്റ്റർ പരിപാലിച്ചിട്ടില്ല. | 1-18 |
| 38 | റേഷൻ കടകളിൽ നിന്നും ലൈസൻസ് ഫീസ്, തൊഴിൽ നികുതി എന്നിവ ഈടാക്കിയില്ല | 1-19 |
| 39 | തൊഴിൽ നികുതി ഈടാക്കാൻ ബാദ്ധ്യസ്ഥരായവരുടെ ഡേറ്റാബേസ് സൂക്ഷിക്കേണ്ടതാണ് | 1-20 |
| 40 | Places Of Public Resort Act പ്രകാരമുള്ള ലൈസൻസ് ഇല്ലാതെ ജിംനേഷ്യങ്ങൽ പ്രവർത്തിക്കുന്നു. | 1-21 |
| 41 | സ്വകാര്യ ആശുപത്രികളുടെയും പാരാമെഡിക്കൽ സ്ഥാപനങ്ങളുടയെും രജിസ്ട്രേഷൻ-നടപടിക്രമങ്ങൾ പാലിക്കേണ്ടതാണ്. | 1-22 |
| 42 | വാടക ഇനത്തിലെ തുക ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്. | 1-23 |
| 43 | കുഴൽ കിണർ നിർമ്മാണം വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല 10,00,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-24-1 |
| 44 | ഐ.കെ.എമ്മിന് വിഹിതം നൽകൽ വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല-2,29,855/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-24-2 |
| 45 | വണ്ടിപ്പുര കുടിവെള്ള പദ്ധതി- വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല- 4,20,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-24-3 |
| 46 | വിനിയോഗ സാക്ഷ്യപത്രങ്ങൾ ഹാജരാക്കിയില്ല- 16,49,855/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-24 |
| 47 | ശാസ്ത്രീയ അറവുശാലകളുടെ നിർമ്മാണം നടപടി സ്വീകരിക്കേണ്ടതാണ്. | 1-25 |
| 48 | കാവുകളുടെ സംരക്ഷണം തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്. | 1-26 |
| 49 | വെതർ സ്റ്റേഷൻ നിർമ്മാണം നടപടികൾ സ്വീകരിക്കേണ്ടതാണ്. | 1-27 |
| 50 | ലൈബ്രറി സെസ് - യഥാസമയം അടവാക്കുന്നില്ല | 1-28 |
| 51 | വെള്ളക്കരം അടവാക്കൽ- തുടർ നടപടി സ്വീകരിക്കേണ്ടതാണ്. | 1-29 |
| 52 | എം.ജി.എൻ.ആർ.ഇ.ജി.എസ് ഭരണചെലവുകൾക്കായി നൽകുന്ന മുൻകൂർ തുകകൾ യഥാസമയം റീകൂപ്പ് ചെയ്യുന്നില്ല. | 1-30 |
| 53 | പഠനമുറി നിർമ്മാണം- പൂർത്തീകരണ വിവരം ലഭ്യമാക്കേണ്ടതാണ്. | 1-31 |
| 54 | ഗ്രാമസഭ യോഗം ചേരൽ - സർക്കാർ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്. | 1-32 |
| 55 | ലൈഫ് ഭവന പദ്ധതി - പൊതു അപാകങ്ങൾ | 1-33 |
| 56 | ലൈഫ് ഭവന നിർമ്മാണം 2023-24 (പട്ടികജാതി) - അധികമായി അനുവദിച്ച 2,60,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-34-1 |
| 57 | ലൈഫ് ഭവന നിർമ്മാണം 2022-23 (SC) - അധികമായി അനുവദിച്ച 2,00,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-34-2 |
| 58 | ലൈഫ് ഭവന നിർമ്മാണം 2023-24 (ജനറൽ) - അക്വിറ്റൻസ് രജിസ്റ്റർ പ്രകാരം 2024-25 സാമ്പത്തിക വർഷം അധിക തുക അനുവദിച്ചു | 1-34-3 |
| 59 | ലൈഫ് ഭവന പദ്ധതി - അധിക ആനുകൂല്യം അനുവദിച്ചു. | 1-34 |
| 60 | ഭവന പുനരുദ്ധാരണം - അപാകങ്ങൾ | 1-35 |
| 61 | ശാരീരിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് പദ്ധതിയിലെ അപാകങ്ങൾ | 1-36 |
| 62 | ആദായ നികുതി സ്രോതസ്സിൽ നിന്നു കുറവ് ചെയ്തില്ല | 1-37 |

| | | |
|---|---|---|
| 63 | മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ്-ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്തവർക്കും സ്കോളർഷിപ്പ് അനുവദിച്ചു | 1-38 |
| 64 | മരാമത്ത് പ്രവൃത്തികൾ - മോണിട്ടറിംഗ് സമിതി റിപ്പോർട്ട് ലഭ്യമല്ല | 1-39 |
| 65 | എം ബുക്ക് പ്രകാരമുള്ള പ്രവൃത്തി സ്ഥല പരിശോധനയിൽ കണ്ടെത്താൻ കഴിഞ്ഞില്ല - 6,071/- രൂപയുടെ ചെലവ് നിരാകരിക്കുന്നു. | 1-40 |
| 66 | ഹോമിയോ മരുന്നുകൾ പൂർണമായി ലഭ്യമായില്ല - 83,789/- രൂപ തടസ്സം ചെയ്യുന്നു | 1-41 |
| 67 | Road Restoration ഫീസ്- പ്രയോജനപ്പെടുത്താൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. | 1-42 |
| 68 | ജനറൽ കമ്മിറ്റി തീരുമാനങ്ങൾ - തുടർ നടപടി വിവരങ്ങൾ അറിയിക്കേണ്ടതാണ്. | 1-43 |
| 69 | ദുരിതാശ്വാസനിധി - വരവു ചെലവുകളില്ല | 1-44 |
| 70 | ശുചിത്വവും സുസ്ഥിരതയും ഉറപ്പാക്കൽ - ഹരിതകർമ്മസേന മുഖാന്തിരമുള്ള മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ | 1-45 |
| 71 | പാലിയേറ്റീവ് കെയർ വാഹനം ഉപയോഗം അപാകങ്ങൾ | 1-46 |
| 72 | ഉപകരണങ്ങളും റീ എജന്റും വാങ്ങുന്നതിനുള്ള പദ്ധതിയിൽ ഫർണ്ണിച്ചർ വാങ്ങി. | 1-47 |
| 73 | പത്രപരസ്യം സർക്കാർ ഉത്തരവ് പ്രകാരമുള്ള നിരക്കിനേക്കാൾ ഉയർന്ന നിരക്കിൽ തുക നൽകി. | 1-48 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| 1 | എം ബുക്ക് പ്രകാരമുള്ള പ്രവൃത്തി സ്ഥല പരിശോധനയിൽ കണ്ടെത്താൻ കഴിഞ്ഞില്ല - 6,071/- രൂപയുടെ ചെലവ് നിരാകരിക്കുന്നു. | 3-1 |
| **ഭാഗം 4** | | |
| 1 | സംയുക്ത പ്രോജക്ടുകളുടെ വിവരം | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് | 4-3 |
| 4 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 5 | സ്ഥിരനിക്ഷേപങ്ങളുടെ വിവരം | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 8 | ചാർജ്/സർചാർജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. ചെമ്മരുതി ഗ്രാമ പഞ്ചായത്തിന്റെ 2024 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31/03/2024 തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 05.07.2024 തീയതിയിലെ 3 നം തീരുമാനം പ്രകാരം അംഗീകരിച്ച് 09.07.2024 തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4), 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട്, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് റൂൾസ്, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അദ്ധ്യായം 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിങ്ങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. സി. & എ. ജി. ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ് വാർഷിക ധനകാര്യപത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. വാർഷിക ധനകാര്യപത്രികകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യപത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ പഞ്ചായത്ത് രാജ് സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിങ്ങ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് റിപ്പോർട്ട് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

<u>വിശേഷണങ്ങളോട് കൂടിയ അഭിപ്രായം</u>

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, ചെമ്മരുതി ഗ്രാമ പഞ്ചായത്തിന്റെ 2023-24 വർഷത്തേയ്ക്കുള്ള വാർഷിക ധനകാര്യപത്രികകൾ 31.03.2024ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും 31.03.2024 ലെ സാമ്പത്തിക നിലയുടെയും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

### 1-1-1 വാർഷിക അനുപാതങ്ങൾ, അക്കൗണ്ട്സിന്മേലുള്ള കുറിപ്പുകൾ എന്നിവ വാർഷിക ധനകാര്യപത്രികയ്ക്കൊപ്പം സമർപ്പിച്ചിട്ടില്ല

2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ , ചട്ടം 62-2(ഇ) പ്രകാരമുള്ള അക്കൗണ്ടിന്മേലുള്ള കുറിപ്പുകൾ, ചട്ടം 62-2 (എഫ്) പ്രകാരമുള്ള വാർഷിക അനുപാതങ്ങൾ എന്നിവ തയ്യാറാക്കി വാർഷിക ധനകാര്യ പത്രികക്കൊപ്പം സമർപ്പിച്ചിട്ടില്ല. അപാകം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (29/21.07.2024) മറുപടിയായി ഐ.എൽ.ജി.എം.എസ് – ൽ ഇവ ഉൾപ്പെടുത്തുന്നതിനുള്ള സംവിധാനമില്ലായെന്ന് അറിയിച്ചു. ഐ.കെ.എമ്മുമായി ബന്ധപ്പെട്ട് അപാകം പരിഹരിക്കേണ്ടതാണ്.

### 1-1-2 ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിലെ ക്യാഷ് ഫ്ലോ തുകയും മുന്നിരിപ്പ് നീക്കിയിരിപ്പ് തുകകളുടെ വ്യത്യാസവും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

"Net Decrease In Cash And Cash Equivalence" ആയി രേഖപ്പെടുത്തിയ തുകയും ( 38,14,211/-) "Net Cash Generated By Operating + Investing + Financing Activity" ആയി രേഖപ്പെടുത്തിയ തുകയും (2,41,65,297/-) തമ്മിൽ പൊരുത്തപ്പെടുന്നില്ല. സോഫ്റ്റ്‌വെയറിലെ പ്രശ്നമാണ് അപാകത്തിനായി കാരണമായി വിശദീകരിച്ചത് (ഓഡിറ്റ് അന്വേഷണം നം.29/21.07.2024).

## 1-1-3 സ്റ്റോക്കുകളുടെ മൂല്യനിർണയം നടത്തി വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തുന്നില്ല

2023-24 വർഷാന്ത്യത്തിൽ ഗ്രാമപഞ്ചായത്തിലെ സ്റ്റോക്ക് മൂല്യനിർണയം നടത്തി വാർഷിക ധനകാര്യപത്രികയിലെ B-14 Stock In Hand (Inventories) ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല. ഐ.എൽ.ജി.എം.എസ് സോഫ്റ്റ്‌വെയറിൽ ഇവ ഉൾപ്പെടുത്തുന്നതിനുള്ള സംവിധാനമില്ലായെന്ന് അറിയിച്ചു (ഓഡിറ്റ് അന്വേഷണം നം.29/21.07.2024). ഐ.കെ.എമ്മുമായി ബന്ധപ്പെട്ട് അപാകം പരിഹരിക്കേണ്ടതാണ്.

## 1-1-4 തൻവർഷത്തെ തനത്ഫണ്ട് വരവ്-ചെലവുകൾ ക്രമീകരിച്ചതിന്റെ ഷെഡ്യൂൾ വാർഷിക കണക്കുകളോടൊപ്പം ലഭ്യമാക്കിയിട്ടില്ല

2023-24 വർഷത്തെ ജനറൽ ലഡ്ജർ ട്രയൽ ബാലൻസ് പ്രകാരം (Head Code- 310900101) Excess Of Income Over Expenditure ഹെഡിലെ നീക്കിയിരിപ്പ് തുക 11475676.2/- രൂപയാണ്. എന്നാൽ ബാലൻസ് ഷീറ്റ് ബി-1 പ്രകാരം 310900101-Excess Of Income Over Expenditure ലെ തുക 12589199.20/- രൂപ ആണ്. ബി-1 ഷെഡ്യൂൾ പ്രകാരമുള്ള Excess Of Income Over Expenditure നിർണ്ണയിച്ചതു സംബന്ധിച്ച സ്റ്റേറ്റ്മെന്റ് ലഭ്യമാക്കിയില്ല. അപാകം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (29/21.07.2024) മറുപടിയായി ഐ.എൽ.ജി.എം.എസ് – ൽ ഇവ ഉൾപ്പെടുത്തുന്നതിനുള്ള സംവിധാനമില്ലായെന്ന് അറിയിച്ചു. ഐ.കെ.എമ്മുമായി ബന്ധപ്പെട്ട് അപാകം പരിഹരിക്കേണ്ടതാണ്.

## 1-1-5 ബാങ്കിൽ നിക്ഷേപിച്ച തുകകൾ ക്രെഡിറ്റ് ആയില്ല

എ) STATE BANK OF INDIA PALAYAMKUNNU (37289819391) അക്കൗണ്ടിന്റെ 31.03.2024 തീയതിയിലെ റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽ 48394/- രൂപ Cheque Deposited But Not Cleared ആയി രേഖപ്പെടുത്തിയിരിക്കുന്നു. വൗച്ചർ നമ്പർ 117220900102 തീയതി 31.03.2018 പ്രകാരമുള്ള 7534/- രൂപയും ഉൾപ്പെടുന്ന പ്രസ്തുത തുകയിൽ 7534/-രൂപ ഒഴികെയുള്ള തുക 2024 ഏപ്രിൽ, മെയ് മാസങ്ങളിൽ ക്രെഡിറ്റ് ആയതായി അറിയിച്ചു. 7534/- രൂപ 2017-18 സാമ്പത്തിക വർഷം സഞ്ചയസോഫ്റ്റ്‌വെയറിൽ ഓൺലൈനായി രസീത് ചെയ്തതാണെങ്കിലും പ്രസ്തുത തുക ഐ.കെ.എമ്മിൽ നിന്നും പഞ്ചായത്ത് അക്കൗണ്ടിലേയ്ക്ക് ക്രെഡിറ്റ് ആയിട്ടില്ലായെന്ന് അറിയിച്ചു (ഓഡിറ്റ് അന്വേഷണം നം.29/21.07.2024). തുക പഞ്ചായത്ത് അക്കൗണ്ടിലേയ്ക്ക് ലഭ്യമാക്കി വിവരം രേഖകൾ സഹിതം അറിയിക്കേണ്ടതാണ്.

ബി) Sub Treasury Varkala. (799013000000904) അക്കൗണ്ടിന്റെ 31.03.2024 തീയതിയിലെ റീക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽ ചെക്ക് നം. 2661164 തീയതി 15-04-2021 പ്രകാരം 34425/- രൂപ Cheque Deposited But Not Cleared ആയി രേഖപ്പെടുത്തിയിരിക്കുന്നു. പ്രസ്തുത തുകയിൽ 33750/- രൂപ മാത്രമാണ് അക്കൗണ്ടിൽ ക്രെഡിറ്റായതെന്നും പലിശ ഇനത്തിൽ പ്രസ്തുത രസീതിൽ ഉൾപ്പെട്ട 675/- രൂപ അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചു (ഓഡിറ്റ് അന്വേഷണം നം.29/21.07.2024). പ്രസ്തുത അക്കൗണ്ടിന്റെ 2024 സെപ്റ്റംബർ വരെയുള്ള റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിലും 34,425/-രൂപ ക്രെഡിറ്റ് ആയിട്ടില്ല. തുക അക്കൗണ്ടിലേയ്ക്ക് ക്രെഡിറ്റ് ചെയ്ത് വിവരം രേഖകൾ സഹിതം അറിയിക്കേണ്ടതാണ്.

## 1-1-6 അക്രൂവൽ ചെയ്യേണ്ട വരുമാനങ്ങളുടെ പ്രതിമാസ ജേണൽ എൻട്രി നടത്തിയിട്ടില്ല

കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2) പ്രകാരം ഗ്രാമപഞ്ചായത്തിന്റെ അക്രൂവൽ ചെയ്യേണ്ട വരുമാനങ്ങളുടെ കാര്യത്തിൽ ഡിമാന്റ് സംബന്ധിച്ചതും, ഡിമാന്റുകളിലും അഡ്ജസ്റ്റ്മെന്റുകളിലും വരുത്തേണ്ട മാറ്റങ്ങൾ സംബന്ധിച്ചതും, തിരിച്ച് നൽകൽ/ കുറവ് വരുത്തൽ എന്നിവ സംബന്ധിച്ചതും, എഴുതിത്തള്ളൽ എന്നിവ സംബന്ധിച്ചതും, പിരിവിന്റെ വിശദാംശങ്ങൾ സംബന്ധിച്ചതുമായ പ്രതിമാസ സമ്മറി സ്റ്റേറ്റ്മെന്റുകൾ സെക്രട്ടറി തയ്യാറാക്കേണ്ടതും, ഇവയുടെ അടിസ്ഥാനത്തിൽ അക്കൗണ്ട് പുസ്തകത്തിൽ ആവശ്യമായ രേഖപ്പെടുത്തൽ വരുത്തേണ്ടതുമാണ്. മേൽപറഞ്ഞ കാര്യങ്ങളിൽ പുതിയ വിവരങ്ങൾ ഒന്നും രേഖപ്പെടുത്തേണ്ടതില്ലെങ്കിൽ ഒരു "ശൂന്യപത്രിക" തയ്യാറാക്കേണ്ടതാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ അക്രൂവൽ ചെയ്യേണ്ട വരുമാനങ്ങളായ വസ്തു നികുതിക്കും തൊഴിൽ നികുതിക്കും 2023-24 വർഷാവസാനം മാത്രമാണ് എൻട്രി രേഖപ്പെടുത്തിയിട്ടുള്ളത്. വിശദാംശം ചുവടെ ചേർക്കുന്നു.

| ഹെഡ് കോഡ് | ഇനം | ഡിമാന്റ് രേഖപ്പെടുത്തിയ തീയതി |
|---|---|---|
| 110100101 | Property Tax On Residential Buildings | 31.03.2024 |
| 110100102 | Property Tax On Non Residential Buildings | |
| 110200101 | Profession Tax - Institutions | |

അപാകം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (29/21.07.2024) വ്യക്തമായ മറുപട് ലഭ്യമാക്കിയില്ല. വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-1-7 ആസ്തി സൃഷ്ടിക്കുന്നതിനായി ചെലവഴിച്ച പാർട്ട് ബിൽ തുകകൾ Capital Work In Progress ശീർഷകത്തിലേയ്ക്ക് മാറ്റിയില്ല

2023-24 സാമ്പത്തിക വർഷം അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പിലാക്കിയ പ്രവർത്തികളിൽ പാർട്ട് ബില്ലായി നൽകിയതിൽ ആസ്തി സൃഷ്ടിക്കുന്നതിനായി ചെലവഴിച്ച ചുവടെ ചേർക്കുന്ന പ്രോജക്ടുകൾക്ക് തത്തുല്യമായ തുക Capital Work In Progress – B11(B) ഷെഡ്യൂളിൽ ഉൾപ്പെടുത്തിയില്ല.

| പ്രോജക്ട് നം./ പേര് | ചെലവ് തുക | ഫണ്ട് |
|---|---|---|
| 68/24, ചെമ്മരുതി ഗ്രാമപഞ്ചായത്ത് വെറ്ററിനറി സബ്സെന്റർ നിർമ്മാണം വാർഡ് 6 | 664144 | തനത് ഫണ്ട് |

അപാകം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (29/21.07.2024) മറുപടിയായി ഭാവിയിൽ ഇത്തരം അപാകങ്ങൾ ഒഴിവാക്കുന്നതാണെന്ന് അറിയിച്ചു.

## 1-1-8 വിവിധ കാലയളവുകളിൽ ബാങ്ക് ബുക്കുകളിൽ ക്രെഡിറ്റ് ബാലൻസ്

വിവിധ അക്കൗണ്ടിൽ വിവിധ കാലയളവുകളിൽ ക്രെഡിറ്റ് ബാലൻസ് കാണുന്നു.

THE FEDERAL BANK HOUSING (11290100430077) – 03.06.2023 മുതൽ 06.06.2023 വരെ 10.07.2023 മുതൽ 30.03.2024 വരെ KERALA GRAMIN BANK - NREGS-85646 (40351101085646) – 05.03.2024 മുതൽ 30.03.2024 വരെ

വരവ് തുകകൾ യഥാസമയം രസീത് ചെയ്ത് പ്രതിമാസം റീക്കൺസിലിയേഷൻ നടത്തി ബാങ്ക് ബുക്കിൽ ക്രെഡിറ്റ് ബാലൻസ് ഉണ്ടാകുന്ന സാഹചര്യം ഒഴിവാക്കേണ്ടതാണ്.

## 1-1-9 ദുരിതാശ്വാസ നിധി - അക്കൗണ്ട് നീക്കിയിരിപ്പും ബി -2 ഷെഡ്യൂൾ പ്രകാരമുള്ള നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല.

ബാലൻസ് ഷീറ്റ് ബി - 2 ഷെഡ്യൂൾ ഹെഡ് കോഡ് 311100101 – Panchayath Distress Relief Fund ന്റെ നീക്കിയിരിപ്പ് 6950/- രൂപയും ഇതിനായുള്ള DCB 12807 നമ്പർ അക്കൗണ്ടിലെ നീക്കിയിരിപ്പ് 4581/- രൂപയുമാണ്. അപാകം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (29/21.07.2024) മറുപടിയായി ദുരിതാശ്വാസ നിധിയുടെ രജിസ്റ്റർ തയ്യാറാക്കി വ്യത്യാസം ക്രമീകരിക്കാൻ വേണ്ട നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചു. തുടർനടപടി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-1-10 സ്ഥിര ആസ്തികൾക്ക് ഡിപ്രീസിയേഷൻ കണക്കാക്കിയില്ല

ബാലൻസ് ഷീറ്റ് B-11(A) ഷെഡ്യൂളിൽ വിവിധ ഹെഡുകളിലായി ആസ്തികൾക്ക് Accumulated Depreciation രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും പ്രസ്തുത ഹെഡുകളിലെ Depreciation ഏത് ഹെഡിലുൾപ്പെട്ട ആസ്തിയുടേതാണെന്ന് വ്യക്തമല്ല. കൂടാതെ താഴെപ്പറയുന്ന ഇനങ്ങൾക്ക് 2023-24 വർഷം ഇൻകം & എക്സ്പെൻഡിച്ചറിൽ ഡിപ്രീസിയേഷൻ കണക്കാക്കിയിട്ടില്ല. 2022-23 വർഷം വരെയുള്ള ACCUMULATED DEPRECIATION ആണ് 2023-24 വർഷത്തെ ബാലൻസ് ഷീറ്റിലും ഉൾപ്പെട്ടിട്ടുള്ളത്.

| ഹെഡ് കോഡ് | ഇനം |
|---|---|
| 416100102 | Accumulated Depreciation - Roads And Bridges |
| 416100103 | Accumulated Depreciation – Sewerage And Drainage |
| 416100104 | Accumulated Depreciation - Waterways |
| 416100105 | Accumulated Depreciation - Public Lighting |
| 416100106 | Accumulated Depreciation - Plant Ant Machinery |
| 416100110 | Accumulated Depreciation - Other Fixed Assets |

അപാകം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (29/21.07.2024) മറുപടിയായി അധികമായ ഡിപ്രീസിയേഷൻ നൽകുമ്പോൾ Income & Expenditure Report Error സംഭവിക്കുന്നുവെന്ന് അറിയിച്ചു. പ്രസ്തുത മറുപടി അംഗീകരിക്കാവുന്നതല്ല. പഞ്ചായത്തിലെ എല്ലാ സ്ഥിര ആസ്തികൾക്കും നിശ്ചിത നിരക്കിൽ ഡിപ്രീസിയേഷൻ നൽകേണ്ടതാണ്.

## 1-1-11 മുൻകൂർ ഹെഡിൽ രസീത് ചെയ്ത തുകകൾ ക്രമീകരിച്ചിട്ടില്ല

2022-23 വർഷത്തെ ബാലൻസ് ഷീറ്റ് പ്രകാരമുള്ള ചുവടെ ചേർക്കുന്ന മുൻകൂർ വരവ് തുകകൾ, 2023-24 വർഷം വരുമാന ഹെഡിലേയ്ക്ക് ക്രമീകരിച്ചിട്ടില്ല.

| ഹെഡ് കോഡ് | ഇനം | തുക |
|---|---|---|
| 350410199 | Advance Collection Of Revenues – Other Taxes | 778.00 |
| 350410401 | Advance Collection Of Revenues – Rent From Buildings | 18829.00 |

അപാകം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (29/21.07.2024) മറുപടിയായി ബന്ധപ്പെട്ട രജിസ്റ്ററുകൾ പരിശോധിച്ച് അപാകം ക്രമീകരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി. തുടർനടപടി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-1-12 Capital Contribution തുക അതത് ഹെഡുകളിൽ രേഖപ്പെടുത്തുന്നില്ല

Development Fund, Finance Commission Grant, Maintenance Grant തുടങ്ങിയ ഓരോ ഫണ്ടുകളുടെയും Capital Contribution രേഖപ്പെടുത്തുന്നതിന് ബാലൻസ് ഷീറ്റ് B-3 ഷെഡ്യൂളിൽ ഹെഡുകൾ അനുവദിച്ചിട്ടുണ്ട് എന്നാൽ അനുവദിച്ചിട്ടുള്ള അതത് ഹെഡുകളിൽ Capital Contribution തുക രേഖപ്പെടുത്താതെ ഹെഡ് കോഡ് 312109901 - Capital Contribution എന്ന പൊതുവായ ഹെഡിലാണ് തുക ഉൾപ്പെടുത്തിയിട്ടുള്ളത് അപാകം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (29/21.07.2024) മറുപടിയായി മുഴുവൻ ഫണ്ടിന്റെയും വിവരം ഒറ്റ ലെഡ്ജറിൽ ലഭിക്കുമെന്നതിനാലാണ് ഇപ്രകാരം Capital Contribution രേഖപ്പെടുത്തുന്നതെന്ന് മറുപടി ലഭ്യമാക്കി. പ്രസ്തുത മറുപടി അംഗീകരിക്കാവുന്നതല്ല. ഓരോ ഫണ്ടുകളുടെയും Capital Contribution ബാലൻസ് ഷീറ്റ് B-3 ഷെഡ്യൂളിലെ അതത് ഹെഡുകളിൽ തന്നെ രേഖപ്പെടുത്തേണ്ടതാണ്.

## 1-1-13 രജിസ്റ്ററുകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല

അഡ്വാൻസ് രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ, ലോൺ രജിസ്റ്റർ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല പ്രസ്തുത രജിസ്റ്ററുകൾ പരിശോധനയ്ക്ക് ലഭ്യമാക്കുവാൻ ഓഡിറ്റ് റിക്വിസിഷൻ (01/21.07.2024) നൽകിയെങ്കിലും രേഖകൾ ലഭ്യമാക്കിയില്ല. ആയതിനാൽ വാർഷിക ധനകാര്യ പത്രികയിലെ നീക്കിയിരിപ്പ് തുകകളുടെ കൃത്യത പരിശോധിക്കാനായിട്ടില്ല. രജിസ്റ്ററുകൾ കാലികമാക്കി പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-1-14 ഗ്രാന്റ് നീക്കിയിരിപ്പ് തുകകൾ പൊരുത്തപ്പെടുന്നില്ല.

വിവിധ ഗ്രാന്റുകളുടെ വാർഷിക ധനകാര്യ പത്രിക B-4 ഷെഡ്യൂൾ പ്രകാരമുള്ള നീക്കിയിരിപ്പും ബാങ്ക് ബുക്ക് പ്രകാരമുള്ള നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല. നീക്കിയിരിപ്പ് വിശദാംശം ചുവടെ ചേർക്കുന്നു.

| ഗ്രാന്റ് | 2023-24ബാലൻസ് ഷീറ്റ് (B-4 ഷെഡ്യൂൾ) പ്രകാരം | ബാങ്ക് ബുക്ക് പ്രകാരം (B-17 ഷെഡ്യൂൾ) |
|---|---|---|
| CFC | 4275990 (Basic – 1554282, Tied - 2721708) | 4391084 |
| Health Grant Towards Conversion Of PHCs And Subcentres In Health And Wellness Centres | 438905 | 438904 |

അപാകം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (29/21.07.2024) വ്യക്തമായ മറുപടി ലഭ്യമാക്കിയില്ല. വ്യത്യാസത്തിന്റെ കാരണം രേഖകൾ സഹിതം ലഭ്യമാക്കേണ്ടതാണ്.

## 1-1-15 വസ്തു നികുതി - തുകകൾ പൊരുത്തപ്പെടുന്നില്ല

Property Tax On Residential Building, Non Residential എന്നിവയുടെ വാർഷിക ധനകാര്യപത്രികയിലെ കളക്ഷൻ ബാലൻസ് തുകകളും സഞ്ചയ സോഫ്റ്റ് വെയർ വിവരങ്ങളും പൊരുത്തപ്പെടുന്നില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ഇനം | ഡിമാന്റ് | കളക്ഷൻ | ബാലൻസ് (ലൈബ്രറി സെസ് ഉൾപ്പെടെ) |
|---|---|---|---|

| | വാർഷിക ധനകാര്യ പത്രിക | സഞ്ചയ | വാർഷിക ധനകാര്യ പത്രിക | സഞ്ചയ | വാർഷിക ധനകാര്യ പത്രിക | സഞ്ചയ |
|---|---|---|---|---|---|---|
| Property Tax On Residential Building-Current | 2241873 | 2243590 | 2234174 | 2239941 | 0 | 3415 |
| Property Tax On Non Residential Building-Current | 1664528 | 1664623 | 1663270 | 1661309 | 0 | 1331 |

അപാകം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (29/21.07.2024) വ്യക്തമായ മറുപട് ലഭ്യമാക്കിയില്ല. വ്യത്യാസത്തിന്റെ കാരണം രേഖകൾ സഹിതം ലഭ്യമാക്കേണ്ടതാണ്.

## 1-1-16 Gross Surplus Of Income Over Expenditure കണക്കാക്കിയതിൽ അപാകം

Income & Expenditure Statement Abstract Report ൽ Gross Surplus/(Deficit)Of Income Over Expenditure After Prior Period Items തുക കണക്കാക്കിയതിൽ Prior Period Income And Expenditure തുകകളുടെ Net Difference ആയി 1567833 എന്നതിന് പകരം -1512873 എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. കൂടാതെ Gross Surplus Of Income Over Expenditure തുകയിൽ 54960 രൂപ കുറവായി രേഖപ്പെടുത്തിയിട്ടുണ്ട്. അപാകം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (29/21.07.2024) റിപ്പോർട്ട് സിസ്റ്റം ജനറേറ്റഡ് ആണെന്നാണ് അറിയിച്ചത് ഐ.കെ.എമ്മുമായി ബന്ധപ്പെട്ട് അപാകം പരിഹരിക്കേണ്ടതാണ്.

## 1-1-17 എം.ജി.എൻ.ആർ.ഇ.ജി.എസ് അഡ്മിൻ ഫണ്ട് വിവരങ്ങൾ ക്യാഷ് ബുക്കിലേതുമായി പൊരുത്തപ്പെടുന്നില്ല

ട്രയൽ ബാലൻസ് പരിശോധിച്ചതിൽ 2023-24 സാമ്പത്തിക വർഷം MGNREGS ഭരണ ചെലവുകൾക്കുള്ള മുന്നിരിപ്പ് 703978/- രൂപയും, ക്യാഷ് ബുക്ക് പ്രകാരമുള്ള മുന്നിരിപ്പ് 721566.48 രൂപയുമാണ്. കൂടാതെ ക്യാഷ് ബുക്ക് പ്രകാരമുള്ള ചെലവ് 1377518 ( കേരള ഗ്രാമീൺ ബാങ്ക് - 1334209+ IOB വടശ്ശേരിക്കോണം 43309) രൂപയും വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള ചെലവ് 1359931 രൂപയുമാണ്. വ്യത്യാസത്തിന്റെ കാരണം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (57/30.11.2024) വ്യക്തമായ മറുപടി ലഭ്യമാക്കിയില്ല വ്യത്യാസത്തിന്റെ കാരണം രേഖകൾ സഹിതം ലഭ്യമാക്കേണ്ടതാണ്.

## 1-1-18 വാർഷിക ധനകാര്യപത്രിക പരിശോധനയിലെ മറ്റ് നിരീക്ഷണങ്ങൾ

1)2022-23 വർഷത്തെ ബാലൻസ് ഷീറ്റ് ബി - 9 ഷെഡ്യൂളിൽ ബാധ്യതയായി രേഖപ്പെടുത്തിയ ചുവടെ ചേർക്കുന്ന തുകകകൾ 2023-24 വർഷവും ക്രമീകരിച്ചിട്ടില്ല.

| ഹെഡ് കോഡ് | ഇനം | തുക |
|---|---|---|
| 350200119 | Recoveries Payable - Covid | 146400 |
| 350200202 | Recoveries Payable – Value Added Tax | 104 |
| 350200299 | Recoveries Payable – Other Deductions | 400 |
| 350300103 | Government And Other Dues Payable – Value Added Tax | 13987 |
| 350300106 | Government And Other Dues Payable – Revenue Recovery | 165424 |
| 350300111 | Government And Other Dues Payable – Flood Cess | 186 |
| 350300112 | Government And Other Dues Payable – Value Of Court Fee Stamp | 14565* |
| 350300199 | Government And Other Dues Payable – Others | 481163 |

* തൻവർഷം ലഭിച്ച 7110/- രൂപ ഉൾപ്പെടെ

അപാകം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (29/23.11.2024) മറുപടിയായ് മേൽതുകകൾ പഞ്ചായത്ത് കമ്മിറ്റിയിൽ അവതരിപ്പിച്ച് ലയബിലിറ്റി ക്രമീകരിക്കുന്നതാണെന്ന് അറിയിച്ചു. തുടർനടപടി വിവരം ലഭ്യമാക്കേണ്ടതാണ്.

2) വിവിധ നിർവഹണ ഏജൻസികൾക്ക് നൽകിയ തുകകൾ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്ക് ക്രമീകരിച്ചിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| നിർവഹണ ഏജൻസി | മുന്നിരിപ്പ് | തൻവർഷം നൽകിയ തുക | വിനിയോഗ സാക്ഷ്യപത്രം ലഭിക്കാൻ അവശേഷിക്കുന്ന തുക |
|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | 16400 | 420000 | 436400 |
| കെ.എസ്.ഇ.ബി. | 7913990 | 199210 | 8113200 |

2022-23 സാമ്പത്തിക വർഷം വിനിയോഗസാക്ഷ്യപത്രം ലഭിക്കാനവശേഷിച്ച തുകയോടൊപ്പം തൻവർഷം അഡ്വാൻസ് നൽകിയ തുക കൂടി ഉൾപ്പെട്ടിട്ടുണ്ട്. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി മുൻകൂർ

തുകകൾ ക്രമീകരിക്കാത്തത് സംബന്ധിച്ച വിശദീകരണം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (29/23.11.2024) മറുപടിയായി വിനിയോഗസാക്ഷ്യപത്രം ലഭ്യമാകുന്ന മുറയ്ക്ക് തുക ക്രമീകരിക്കുന്നതാണെന്ന് അറിയിച്ചു.

3) ഹെഡ്കോഡ് 450500501 Advance To Implementing Officers ഇനത്തിൽ മുൻകൂർ നൽകിയതിൽ 2022-23 വർഷം ക്രമീകരിക്കാൻ അവശേഷിച്ച 655018/- രൂപ തൻവർഷവും ക്രമീകരിച്ചില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (29/23.11.2024) മറുപടിയായി രജിസ്റ്റർ പരിശോധിച്ച് തുക ക്രമീകരിക്കുന്നതാണെന്ന് അറിയിച്ചു. വിവരം രേഖകൾ സഹിതം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-2 ബജറ്റ്

ഗ്രാമ പഞ്ചായത്തിന്റെ 2023-24 വർഷത്തെ ബജറ്റ്, റിവൈസ്റ്റ് ബജറ്റ് എന്നിവ സംബന്ധിച്ച വിവരം താഴെ ചേർക്കുന്നു

| | ബജറ്റ് | റിവൈസ്റ്റ് ബജറ്റ് |
|---|---|---|
| പാസ്സാക്കിയ തീയതി | 24.03.2023 | 08.02.2024 |
| ഭരണസമിതി തീരുമാനം | 1(1) | 1(1) |
| മുന്നിരിപ്പ് | 10186804 | 10186804 |
| പ്രതീക്ഷിത വരവ് | 451474000 | 572500254 |
| ആകെ | 461660804 | 582687058 |
| പ്രതീക്ഷിത ചെലവ് | 448836000 | 580033882 |
| നീക്കിയിരിപ്പ് | 12824804 | 2653176 |

## 1-3 സാമ്പത്തികവിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 65151919 |
| വരവ് | 78275818 |
| ആകെ | 143427737 |
| ചെലവ് | 82090029 |
| നീക്കിയിരിപ്പ് | 61337708 |

## 1-4-1 ഗ്രാന്റ് വിനിയോഗം - അപാകങ്ങൾ

ഗ്രാന്റ് വിനിയോഗവുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1) ഗ്രാമപഞ്ചായത്തിൽ 2023-24 സാമ്പത്തിക വർഷം മേഖലാ അടിസ്ഥാനത്തിൽ പദ്ധതി മാർഗരേഖ പ്രകാരമുള്ള തുക വകയിരുത്തിയിട്ടുണ്ടെങ്കിലും ഭാഗികമായി മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. മേഖല അടിസ്ഥാനത്തിലുള്ള ചെലവ് വിവരം ചുവടെ ചേർക്കുന്നു.

| മേഖല | വിഭാഗം | അടങ്കൽ (മറ്റുള്ളവ ഒഴികെ) | ചെലവ് (മറ്റുള്ളവ ഒഴികെ) | ചെലവ് % |
|---|---|---|---|---|
| **ഉല്പാദനം** | പൊതുവിഭാഗം | 12653854 | 7618745 | 60.21 |
| | പട്ടികജാതി | 810300 | 238500 | 29.43 |
| **സേവനം** | പൊതുവിഭാഗം | 107623474 | 32770396 | 30.45 |
| | പട്ടികജാതി | 69934223 | 33026850 | 47.23 |
| **പശ്ചാത്തലം** | പൊതുവിഭാഗം | 29907424 | 12100378 | 40.46 |

2) സ.ഉ(കൈ)നം.84/2022/തസ്വഭവ തീയതി 19.04.2022 ഖണ്ഡിക 5.4.1.9 പ്രകാരം ഗ്രാമപഞ്ചായത്തുകൾ പൊതു വിഭാഗം വികസനഫണ്ടിലെ സാധാരണ വിഹിതം, എസ്.സി.പി, റ്റി.എസ്.പി എന്നിവ കൂട്ടിയ തുകയുടെ കുറഞ്ഞത് പത്തു ശതമാനം വനിതാഘടകപദ്ധതിയ്ക്ക് വകയിരുത്തേണ്ടതാണ്. മേൽ ഉത്തരവ് ഖണ്ഡിക 5.4.1.10 പ്രകാരം ഗ്രാമപഞ്ചായത്തുകൾ പൊതു വിഭാഗം വികസനഫണ്ടിലെ സാധാരണ വിഹിതം എസ്.സി.പി, ടി.എസ്.പി എന്നിവ കൂട്ടിയ തുകയുടെ 5 ശതമാനം കുട്ടികൾ, ഭിന്നശേഷിയുള്ളവർ ട്രാൻസ്ജന്റേഴ്സ് എന്നിവരുടെ ക്ഷേമത്തിനും വികസനത്തിനും വേണ്ടിയും കുറഞ്ഞത് 5 % തുക വയോജനങ്ങളുടെ ക്ഷേമത്തിനും പാലിയേറ്റീവ് കെയർ പ്രകാരമുള്ള പരിചരണത്തിനും

വകയിരുത്തണം.പ്രസ്തുത വിഭാഗങ്ങൾക്ക് വകയിരുത്തിയ തുക പൂർണ്ണമായും ചെലവഴിച്ചതായ് കാണുന്നില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| **വിഭാഗം** | **അടങ്കൽ തുക (മറ്റുള്ളവ ഒഴികെ)** | **ചെലവഴിച്ച തുക (മറ്റുള്ളവ ഒഴികെ)** | **ചെലവ് ശതമാനം (%)** |
|---|---|---|---|
| വനിത ഘടക പദ്ധതി | 4119560 | 950747 | 23.08 |
| കുട്ടികൾ | 7833355 | 4835338 | 61.73 |
| വൃദ്ധർ | 3881684 | 3053069 | 78.65 |
| ഭിന്നശേഷിയുള്ളവർ | 1090500 | 847384 | 77.71 |

ഫണ്ട് ലഭ്യമാകുന്നതിലെ കാലതാമസമാണ് ചെലവ് ശതമാനം കുറയാൻ കാരണമായി വിശദീകരിച്ചത്.
3) സംയുക്ത പ്രോജക്ടുകളുടെ നിർവ്വഹണം സംബന്ധിച്ച 23.01.2017-ലെ സ.ഉ(അ)07/2017/ധന. പ്രകാരം പദ്ധതി നിർവ്വഹണം നടത്തുന്ന തദ്ദേശ സ്ഥാപനത്തിന്റെ സെക്രട്ടറി ഓരോ വർഷവും മാർച്ച് 31-ന് സംയുക്ത പ്രോജക്ടുമായി ബന്ധപ്പെട്ട സ്പെഷ്യൽ ടി.എസ്.ബി. അക്കൗണ്ടിലെ ചെലവുകൾ ട്രഷറിയിലെ തുകകളുമായി പൊരുത്തപ്പെടുത്തേണ്ടതും അൺ ക്യാഷ്ഡ് ചെക്കുകൾ പ്രകാരം നല്കേണ്ട തുകകൾ കിഴിച്ചുള്ള മേൽ തീയതിയിലെ നീക്കിയിരിപ്പ് തുക സർക്കാരിലേക്ക് സറണ്ടർ ചെയ്യേണ്ടതുമാണ് എന്ന് വ്യക്തമാക്കിയിരുന്നു. കൂടാതെ, 03.07.2018-ലെ സ.ഉ(അ)100/2018/ധന.,തീ. 24.01.2019-ലെ സ.ഉ(അ)7/2019/ധന ഉത്തരവുകൾ പ്രകാരം സംയുക്ത പ്രോജക്ടുകൾക്ക് ഫണ്ട് കൈമാറുന്ന രീതിക്ക് പകരം 01.04.2019 മുതൽ അലോട്ട്മെന്റ് രീതി അവലംബിച്ചിട്ടുണ്ട്. ധനകാര്യ വകുപ്പിന്റെ 30.09.2021 ലെ 86/2021/ഫിൻ സർക്കുലർ പ്രകാരം സംയുക്ത പ്രോജക്ടുകൾക്കായി പുതിയ ട്രഷറി അക്കൗണ്ടുകൾ ആരംഭിക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകിയിരുന്നു. പ്രസ്തുത സർക്കുലർ പ്രകാരം തദ്ദേശ സ്ഥാപനങ്ങൾ ഒരു സാമ്പത്തിക വർഷം വിനിയോഗിക്കാത്ത തുകകൾ സാമ്പത്തിക വർഷാവസാനം സർക്കാരിലേയ്ക്ക് തിരികെ ഒടുക്കണമെന്നും നിർദ്ദേശിച്ചിരുന്നു. തുടർന്ന് ധനകാര്യ വകുപ്പിന്റെ 26.05.2022 ലെ 41/2022/ഫിൻ നമ്പർ സർക്കുലർ പ്രകാരം 2022-23 വർഷം മുതൽ അലോട്ട്മെന്റ് രീതി പുനസ്ഥാപിച്ചിട്ടുണ്ട്. എന്നാൽ സംയുക്ത പ്രോജക്ടുകൾക്ക് മുനിസിപ്പൽ കോർപ്പറേഷൻ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളിൽ നിന്നും മുൻവർഷങ്ങളിൽ ലഭിച്ച താഴെപ്പറയുന്ന തുകകൾ 2023-24 വർഷത്തിൽ ചെലവഴിക്കുകയോ തിരികെ ഒടുക്കുകയോ ചെയ്തിട്ടില്ല.

| **ക്രമ നം** | **തദ്ദേശ സ്ഥാപനം** | **തുക** |
|---|---|---|
| 1 | ബ്ലോക്ക് പഞ്ചായത്ത് | 1146404 |
| 2 | ജില്ലാ പഞ്ചായത്ത് | 35200 |

ചെലവഴിക്കാൻ അവശേഷിക്കുന്ന ബ്ലോക്ക് പഞ്ചായത്ത് വിഹിതം തിരികെ ഒടുക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.
**4)** പ്രത്യേക ഉദ്ദേശ്യങ്ങൾക്കായി ലഭിച്ച Grants / Contributions തുകകൾ 2023-24 സാമ്പത്തിക വർഷം ചെലവഴിച്ചിട്ടില്ല. 2022-23 സാമ്പത്തിക വർഷം നീക്കിയിരിപ്പായി അവശേഷിച്ച അതേ തുക തന്നെയാണ് 2023-24 വാർഷികധനകാര്യപത്രികയിലെ ബാലൻസ് ഷീറ്റ് B-4 ഷെഡ്യൂളിലും ഉൾപ്പെട്ടിട്ടുള്ളത്. വിശദാംശം ചുവടെ ചേർക്കുന്നു.

| ഹെഡ് കോഡ് | ഇനം | B-4 ഷെഡ്യൂൾ പ്രകാരമുള്ള തുക | ചെലവഴിക്കാത്തതിന്റെ കാരണം (21/22.11.2024 ന്റെ മറുപടി) | ഓഡിറ്റ് നിർദ്ദേശം |
|---|---|---|---|---|
| 320200304 | Grants, Funds & Contributions For Specific Purposes - Other Than Development Fund And State Sponsored Scheme Funds - Grant For Solid Waste Management | 25000 | തുക ചെലവഴിച്ചിട്ടുണ്ട്. കണക്കുകൾ ക്രമീകരിക്കാത്തതിനാലാണ് ബാലൻസ് നിലനിൽക്കുന്നത്. | തുക ക്രമീകരിച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്. |
| 320200399 | Grants, Funds & Contributions For | 11,962 | തുക ചെലവഴിച്ചിട്ടുണ്ട്. കണക്കുകൾ | തുക ക്രമീകരിച്ച് വിവരം റിപ്പോർട്ട് |

| | | | | |
|---|---|---|---|---|
| | Specific Purposes - Other Than Development Fund And State Sponsored Scheme Funds - Other Purposes | | ക്രമീകരിക്കാത്തതിനാലാണ് ബാലൻസ് നിലനിൽക്കുന്നത്. | ചെയ്യേണ്ടതാണ്. |
| 320300199 | Grants, Funds & Contributions For Specific Purposes - Other Government Agencies | 48,495 | നിലവിലെ ബാലൻസ് 33087/- രൂപയാണ്. | വ്യത്യാസം ക്രമീകരിച്ചും, ചെലവഴിക്കാതെ അവശേഷിക്കുന്ന തുക ചെലവഴിച്ചും വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്. |
| 320500101 | Grants, Funds & Contributions For Specific Purposes - Welfare Bodies-Capital | 12,640 | വിമുക്തിക്ക് അനുവദിച്ചതിന്റെ ബാലൻസ് തുക | ചെലവഴിക്കാതെ അവശേഷിക്കുന്ന തുക ചെലവഴിച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്. |
| 320800199 | Other Grants, Funds & Contributions For Specific Purposes - Capital | 315,000 | തുക ചെലവഴിച്ചിട്ടുണ്ട്. കണക്കുകൾ ക്രമീകരിക്കാത്തതിനാലാണ് ബാലൻസ് നിലനിൽക്കുന്നത്. | തുക ക്രമീകരിച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ് |
| 320200101 | Development Fund - General - Capital | 96,855 | തുക ചെലവഴിച്ചിട്ടുണ്ട്. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാകുന്ന മുറയ്ക്ക് തുക ക്രമീകരിക്കുന്നതാണ്. | തുടർ വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ് |
| 320200105 | Development Fund - Central Finance Commission Grant - Performance Grant | 4,997,536 | തുക ചെലവഴിച്ചിട്ടുണ്ട്. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാകുന്ന മുറയ്ക്ക് തുക ക്രമീകരിക്കുന്നതാണ്. | തുടർ വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ് |

5) Beneficiary Contribution ഇനത്തിൽ ചെലവഴിക്കാതെ അവശേഷിക്കുന്ന 189664/- രൂപ ഏതൊക്കെ പ്രോജക്ടുകൾക്കായി ലഭിച്ചതാണെന്നും, അവ ചെലവഴിക്കാത്തതിന്റെ കാരണവും ആവശ്യപ്പെട്ട് നൽകിയ അന്വേഷണക്കുറിപ്പിന് (21/22.11.2024) മറുപടി ലഭ്യമാക്കിയില്ല. ഗുണഭോക്തൃ വിഹിതം ചെലവഴിക്കാത്തതിന്റെ കാരണം രേഖകൾ സഹിതം ലഭ്യമാക്കേണ്ടതാണ്.

6) ഹെഡ് കോഡ് 320200207 Fund For Transferred Institutions - Ayurveda- Capital ഇനത്തിൽ മുൻവർഷം ചെലവഴിക്കാതെ അവശേഷിച്ച 450000/- രൂപയും തൻവർഷം ലഭിച്ച 500000/- രൂപയും ഉൾപ്പെടെ 950000/- രൂപ ചെലവഴിക്കാത്തതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്. ആയുർവേദ സബ്സെന്ററ് പണിയുന്നതിനായി 500000/- രൂപ 2024-25 പ്രോജക്ട് വച്ചിട്ടുള്ളതായി അറിയിച്ചു. തുക പൂർണ്ണമായും ചെലവഴിച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

7) ഹെഡ് കോഡ് 320200301 Grants, Funds & Contributions For Specific Purposes - Other Than Development Fund And State Sponsored Scheme Funds - Crematorium ഇനത്തിൽ 5880000/- രൂപ ചെലവഴിക്കാതെ അവശേഷിക്കുന്നു. 28.01.2022 മുതലുള്ള ലെഡ്ജർ പരിശോധിച്ചതിൽ ലൈഫ് സ്റ്റേറ്റ് ഷെയർ തുകയാണ് പ്രസ്തുത ഹെഡിൽ രസീത് ചെയ്യുന്നത്. Crematorium – ന് ആവശ്യമായ സ്ഥലം കണ്ടെത്താൻ കഴിയാത്തതിനാലാണ് തുക ചെലവഴിക്കാതെ അവശേഷിക്കുന്നതെന്നും വിഷയം അടുത്ത പഞ്ചായത്ത് കമ്മിറ്റിയിൽ വച്ച് പരിഹരിക്കാൻ സാധിക്കാത്ത പക്ഷം തുക തിരിച്ചടയ്ക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ചെലവഴിക്കാതെ അവശേഷിക്കുന്ന തുക ഏതിനത്തിലേതാണെന്ന് പരിശോധിച്ച് തുടർനടപടി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

(അവലംബം – ഓഡിറ്റ് അന്വേഷണക്കുറിപ്പ് 21/22.11.2024 ന്റെ മറുപടി)

## 1-4 ഗ്രാന്റ് വിനിയോഗം

| ഗ്രാന്റ് | മുന്നിരിപ്പ് | വരവ് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 24023897 | 20687935 | 3335962 |
| വികസനഫണ്ട് (എസ്.സി.പി) | 0 | 18456342 | 15042941 | 3413401 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (CFC-Tied) | 0 | 3361000 | 4930817 | -1569817 |

| | | | | |
|---|---|---|---|---|
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (CFC-Untied) | 0 | 4481000 | 4804144 | -323144 |
| മെയിന്റനൻസ് ഗ്രാന്റ്-റോഡിതരം | 0 | 5132000 | 4245743 | 886257 |
| മെയിന്റനൻസ് ഗ്രാന്റ്-റോഡ് | 0 | 6898000 | 3731974 | 3166026 |
| കേന്ദ്രാവിഷ്കൃത ഫണ്ട് | 0 | 0 | 2163685 | -2163685 |
| സംസ്ഥാനാവിഷ്കൃത ഫണ്ട് | 0 | 0 | 13080000 | -13080000 |

1)ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ, വികസനഫണ്ട് (ജനറൽ), വികസനഫണ്ട് (എസ്.സി.പി) എന്നീ ഫണ്ടുകളുടെ Receipt ഭാഗത്ത് Source Deduction കൂടാതെയുള്ള തുകകളും Expenditure ഭാഗത്ത് Source Deduction ഉൾപ്പെടെയുള്ള തുകകളുമാണ് കാണപ്പെടുന്നത്. ആയതിനാൽ ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ പ്രസ്തുത ഫണ്ടുകളിൽ വരവിനേക്കാൾ കൂടുതൽ ചെലവും നീക്കിയിരിപ്പായി നെഗറ്റീവ് തുകകളും കാണപ്പെടുന്നു.

2)ധനകാര്യ കമ്മീഷൻ ഗ്രാന്റ് (സി.എഫ്.സി Tied &Untied)മുന്നിരിപ്പ് തുക ഉൾപ്പെടെയാണ് തൻവർഷം ചെലവഴിച്ചിട്ടുള്ളത്. എന്നാൽ ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ മുന്നിരിപ്പ് തുക ഉൾപ്പെട്ടിട്ടില്ല. ആയതിനാൽ പ്രസ്തുത ഗ്രാന്റുകൾക്ക് നീക്കിയിരിപ്പായി നെഗറ്റീവ് തുകകൾ കാണപ്പെടുന്നുണ്ട്.

3) കേന്ദ്രാവിഷ്കൃത ഫണ്ടുകളുടെയും(സി.എസ്.എസ്), സംസ്ഥാനവിഷ്കൃത ഫണ്ടുകളുടെയും (എസ്.എസ്.എസ്) മുന്നിരിപ്പ്, വരവ് തുകകൾ വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുന്നുണ്ടെങ്കിലും ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ പ്രസ്തുത ഫണ്ടുകളുടെ മുന്നിരിപ്പ്, വരവ്, തുകകൾ ഉൾപ്പെടാതെ ചെലവ് തുകകൾ മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ആയതിനാൽ നീക്കിയിരിപ്പ് തുക നെഗറ്റീവ് തുകയായി കാണപ്പെടുന്നു.

4)വെബ്ലാംഖ്യ മുഖേന ലഭ്യമാകുന്ന അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററിൽ, നിർവഹണ ഉദ്യോഗസ്ഥർ ബിൽ ജനറേറ്റ് ചെയ്യുമ്പോൾ തന്നെ ചെലവ് രേഖപ്പെടുത്തുന്നതിനാൽ ആയതിൽ ക്യൂബില്ലുകളും ട്രഷറിയിൽ നിന്നും പേയ്മെന്റ് ചെയ്യാത്ത (ട്രഷറി റിജക്ട് ചെയ്യുന്ന ബില്ലുകൾ, ട്രഷറിയിൽ സമയ പരിധിക്കുള്ളിൽ സമർപ്പിക്കാത്ത ബില്ലുകൾ മുതലായവ) ബില്ലുകളുടെ വിവരങ്ങളും ഉൾപ്പെടുന്നുണ്ട് കൂടാതെ സോഴ്സ് ഡിഡക്ഷൻ വരവ് ചെലവ് തുകകൾ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററിൽ ഉൾപ്പെടുന്നില്ല.

5)ബിൽ ഡിസ്കൗണ്ടിംഗ് സിസ്റ്റം മുഖേനയുള്ള ചെലവുകൾക്ക് വെബ്ലാംഖ്യ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററിൽ ഇരട്ടിപ്പ് കാണപ്പെടുന്നുണ്ട്.

മേൽ കാരണങ്ങളാൽ വാർഷിക ധനകാര്യ പത്രിക, ഗ്രാന്റ് സ്റ്റേറ്റ്മെന്റ്, എ.സി.ആർ എന്നിവയിലെ വരവ്, ചെലവ്, നീക്കിയിരിപ്പ് തുകകൾ പൊരുത്തപ്പെടുന്നില്ല.

## 1-5 പദ്ധതി അവലോകനം

2023-24 വർഷത്തെ വിവിധ നിർവ്വഹണ മേഖലകളുമായി ബന്ധപ്പെട്ട് വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരുടെ പദ്ധതി അടങ്കൽ, ചെലവ്, നീക്കിയിരുപ്പ് എന്നിവയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | നിർവ്വഹണ ഉദ്യോഗസ്ഥർ | ആകെ ഏറ്റെടുത്ത പദ്ധതികൾ | നടപ്പിലാക്കിയവ | നടപ്പിലാക്കാത്തവ | ആകെ പദ്ധതി അടങ്കൽ (ഗുണഭോക്തൃ വിഹിതം / വായ്പ / മറ്റ് ഫണ്ടുകൾ എന്നിവ ഒഴികെ) | ആകെ പദ്ധതി ചെലവ് (ഗുണഭോക്തൃ വിഹിതം / വായ്പ / മറ്റ് ഫണ്ടുകൾ എന്നിവ ഒഴികെ) | ചെലവ് ശതമാനം |
|---|---|---|---|---|---|---|---|
| 1 | കൃഷി ഓഫീസർ | 17 | 14 | 3 | 5279603 | 4324659 | 81.91 |
| 2 | വെറ്ററിനറി സർജൻ | 10 | 7 | 3 | 3661450 | 572783 | 15.64 |
| 3 | മെഡിക്കൽ ഓഫീസർ (FHC) | 18 | 14 | 4 | 7567844 | 4889296 | 64.61 |
| 4 | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 4 | 4 | 0 | 435000 | 423931 | 97.46 |
| 5 | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 5 | 4 | 1 | 830000 | 259600 | 31.28 |

| | | | | | | | |
|---|---|---|---|---|---|---|---|
| 6 | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 1 | 0 | 1 | 48000 | 0 | 0 |
| 7 | വി.ഇ.ഒ. | 43 | 30 | 13 | 122084043 | 32128100 | 26.32 |
| 8 | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 18 | 16 | 2 | 8705658 | 6220080 | 71.45 |
| 9 | സെക്രട്ടറി | 49 | 35 | 14 | 26160850 | 14082669 | 53.83 |
| 10 | ഹെഡ്മാസ്റ്റർ,GLPS | 7 | 4 | 3 | 1982520 | 1448000 | 73.04 |
| 11 | അസിസ്റ്റന്റ് എഞ്ചിനീയർ | 81 | 43 | 38 | 31713631 | 12651646 | 39.89 |
| 12 | ഡയറി ഫാം ഇൻസ്ട്രക്ടർ | 2 | 2 | 0 | 3067901 | 3046301 | 99.30 |
| 13 | അസിസ്റ്റന്റ് സെക്രട്ടറി | 11 | 8 | 3 | 9392775 | 5707804 | 60.77 |
| ആകെ | | 266 | 181 | 85 | 220929275 | 85754869 | 38.82 |

1. വെറ്ററിനറി സർജൻ അംഗീകാരം ലഭ്യമാക്കിയ 10 പ്രോജക്റ്റുകളിൽ 7 എണ്ണം നടപ്പാക്കിയെങ്കിലും ചെലവു ശതമാനം 15.64 മാത്രമാണ്.

2. വി.ഇ.ഒ. സർക്കിൾ 1&2 - ചെലവു ശതമാനം 26.32 മാത്രമാണ്. ആകെ അംഗീകാരം ലഭ്യമാക്കിയ 44 പ്രോജക്റ്റുകളിൽ 30 എണ്ണം മാത്രമാണ് നടപ്പിലാക്കിയത്.

3.മെഡിക്കൽ ഓഫീസർ (ആയുർവേദം) അംഗീകാരം ലഭ്യമാക്കിയ 5 പ്രോജക്റ്റിൽ 4 എണ്ണം നടപ്പിലാക്കിയെങ്കിലും ചെലവു ശതമാനം 31.28 മാത്രമാണ്.

4. അസിസ്റ്റന്റ് എഞ്ചിനീയർ 81 പ്രോജക്റ്റുകൾക്ക് അംഗീകാരം ലഭ്യമാക്കിയെങ്കിലും 43 എണ്ണം മാത്രമാണ് നടപ്പിലാക്കിയത് . ചെലവു ശതമാനം 39.89 മാത്രമാണ്.

5. സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് അംഗീകാരം ലഭ്യമാക്കിയ ഒരു പ്രോജക്റ്റ് തൻവർഷം നടപ്പിലാക്കിയില്ല .

**ആകെ വരവ് ചെലവ് (സുലേഖ പത്രിക പ്രകാരം)**

| ഫണ്ട് | വകയിരുത്തിയ തുക | ചെലവ് തുക | ശതമാനം |
|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 32907024 | 20687935 | 62.87 |
| വികസനഫണ്ട് (എസ്.സി.പി.) | 25139424 | 15042941 | 59.84 |
| വികസനഫണ്ട് (ടി.എസ്.പി.) | 0 | 0 | 0 |
| ധനകാര്യ കമ്മിഷൻ അവാർഡ് | 20716188 | 9734961 | 46.99 |
| കേന്ദ്രാവിഷ്കൃത ഫണ്ട് | 4360576 | 2163685 | 49.62 |
| സംസ്ഥാനാവിഷ്കൃത ഫണ്ട് | 54370000 | 13080000 | 24.06 |
| തനത് ഫണ്ട് | 18049912 | 8359471 | 46.31 |
| മറ്റ് ബ്ലോക്ക്പഞ്ചായത്ത് | 18251217 | 462912 | 25.27 |
| മറ്റ് ജില്ലാ പഞ്ചായത്ത് | 23388485 | 3947484 | 16.88 |
| മെയിന്റനൻസ് റോഡ് | 13237512 | 3731974 | 28.19 |
| മെയിന്റനൻസ് നോൺ റോഡ് | 8956398 | 4245743 | 47.40 |
| മറ്റുള്ളവ | 117290098 | 24859271 | 21.19 |

**ആസൂത്രണസമിതി**

1)പദ്ധതി മാർഗരേഖ സ.ഉ.(കൈ)നമ്പർ 84/2022 തസ്വഭവ തീയതി 19.04.2022 ഖണ്ഡിക 3.1.1(1) പ്രകാരം തദ്ദേശഭരണ സ്ഥാപനങ്ങൾ പദ്ധതി ആസൂത്രണ പ്രക്രിയ ആരംഭിക്കുന്നതിന് മുന്നോടിയായി ഓരോ വർഷവും നവംബർ 1ന് മുമ്പ് നിലവിലുള്ള ആസൂത്രണ സമിതി ആവശ്യമെങ്കിൽ പുനഃസംഘടിപ്പിക്കാവുന്നതാണ്. തൻവർഷം ആസൂത്രണ സമിതി പുന:സംഘടിപ്പിച്ചിട്ടില്ല.

2) ആസൂത്രണ സമിതിയിലെ അംഗങ്ങളുടെ വിവരം തദ്ദേശഭരണ സ്ഥാപനത്തിന്റെയും ഘടകസ്ഥാപനങ്ങളുടെയും നോട്ടീസ് ബോർഡുകളിലും തദ്ദേശഭരണ സ്ഥാപനത്തിന്റെ വെബ്സൈറ്റിലും പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്.

3) ആസൂത്രണസമിതി യോഗ മിനിട്സ് പരിശോധിച്ചതിൽ 2023-24 വാർഷിക പദ്ധതിയുമായി ബന്ധപ്പെട്ട് ആകെ ഒരു പ്രാവശ്യം (05.01.24) മാത്രമാണ് കൂടിയിട്ടുള്ളത്. വരും വർഷങ്ങളിൽ കൂടുതൽ പ്രാവശ്യം ആസൂത്രണസമിതി യോഗം കൂടുന്നതാണ് എന്ന് അറിയിച്ചു.

**<u>വർക്കിംഗ് ഗ്രൂപ്പ്</u>**

1)പദ്ധതി മാർഗരേഖ ഖണ്ഡിക 3.1.2(എ) പ്രകാരം ഓരോ വർഷവും നവംബർ 1ന് മുമ്പ് നിലവിലുള്ള വർക്കിംഗ് ഗ്രൂപ്പുകൾ ആവശ്യമെങ്കിൽ പുനഃസംഘടിപ്പിക്കാവുന്നതാണ്. തൻവർഷം വർക്കിംഗ് ഗ്രൂപ്പുകൾ പുനഃ സംഘടിപ്പിച്ചിട്ടില്ല.

2) സ.ഉ.കൈ.നം 84/2022 തസ്വഭവ തീയതി 19.04.2022 ഖണ്ഡിക 3.1.2(ബി) 13 പ്രകാരം വാർഷിക പദ്ധതി ജില്ലാ ആസൂത്രണ സമിതി അംഗീകരിച്ച ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിച്ച് പ്രോജക്ടുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യേണ്ടതാണ്. വർക്കിംഗ് ഗ്രൂപ്പ് മിനിട്സ് പരിശോധിച്ചതിൽ മോണിറ്ററിംഗിന്റെ വിവരങ്ങൾ ലഭ്യമല്ല. വരും വർഷങ്ങളിൽ പ്രോജക്ടുകൾ മോണിട്ടർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ് എന്ന് അറിയിച്ചു .

3) വിവിധ വർക്കിംഗ് ഗ്രൂപ്പ് മിനിട്സ് പരിശോധിച്ചതിൽ ഭൂരിഭാഗവും പൂർത്തീകരിച്ച് ക്ലോസ് ചെയ്തിട്ടില്ല.

**<u>സ്റ്റാറ്റസ് റിപ്പോർട്ട്</u>**

സ്റ്റാറ്റസ് റിപ്പോർട്ട് പരിശോധിച്ചതിൽ കാലാവസ്ഥാ വ്യതിയാനം, ജല ദൗർലഭ്യം, മണ്ണ് സംരക്ഷണം കുടിവെള്ള ലഭ്യതക്കുറവ്, മദ്യപാനം കഞ്ചാവ് - മയക്കുമരുന്ന് അമിത ഉപയോഗം, തൊഴിലില്ലായ്മ മുതലായവ ഗ്രാമ പഞ്ചായത്തിലെ വിവിധ മേഖലകളിലെ അതീവ ഗുരുതരം പ്രശ്ന വിഭാഗത്തിൽ ഉൾപ്പെടുത്തിയിരിന്നു. പ്രസ്തുത പ്രശ്ന പരിഹാരത്തിന് 2023-24 ൽ പ്രോജക്ടുകൾ രൂപീകരിച്ചിട്ടുണ്ട്.

<u>മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി</u>

മാർഗ്ഗരേഖ 3.5.6.3 (എ) (1) പ്രകാരം ഗ്രാമ പഞ്ചായത്തുകൾ പദ്ധതി ആസൂത്രണം ചെയ്യുമ്പോൾ മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുമായുള്ള സംയോജന സാദ്ധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തേണ്ടതാണ്. 2023-24 ൽ ഗ്രാമ പഞ്ചായത്തിൽ അപ്രകാരം പദ്ധതികൾ നടപ്പാക്കിയിട്ടുണ്ടെന്നും ഭാവിയിൽ കൂടുതൽ പ്രോജക്ടുകൾ ഏറ്റെടുത്ത് നടപ്പാക്കുന്നതാണ് എന്നും അറിയിച്ചു.

<u>Corporate Social Responsibility Fund</u>

സാമൂഹ്യ പ്രതിബദ്ധത നിറവേറ്റുന്നതിന്റെ ഭാഗമായി വകയിരുത്തപ്പെടുന്ന Corporate Social Responsibility Fund (CSR Fund) ലഭ്യമാക്കി ചെമ്മരുതി ഗ്രാമ പഞ്ചായത്തിൽ പ്രോജക്ടുകൾ നടപ്പിലാക്കിയിട്ടില്ല.

(അവലംബം : ഓഡിറ്റ് എൻക്വയറി നം. 50/29.11.2024)

## <u>1-6 ക്ഷേമ പെൻഷനുകൾ</u>

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷക തൊഴിലാളി പെൻഷൻ | 1936200 | 166 |
| വിധവ പെൻഷൻ | 16818900 | 1651 |
| വാർദ്ധക്യ കാല പെൻഷൻ | 34933300 | 3358 |
| വികലാംഗ പെൻഷൻ | 5078700 | 448 |
| അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 275800 | 24 |
| വിവാഹധനസഹായം | 90000 | 3 |

## <u>1-7 ക്യാഷ് ബാലൻസ് പരിശോധന</u>

1994 ലെ ലോക്കൽഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 27.11.2024 3.00 Pm ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി പരിശോധനയിൽ 5414/-രൂപ (അയ്യായിരത്തി നാന്നൂറ്റി പതിനാല് രൂപ) ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## <u>1-8 ആഭ്യന്തരനിയന്ത്രണം</u>

ചെമ്മരുതി ഗ്രാമ പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ തൃപ്തികരമാണ്. എന്നാൽ കൂടുതൽ മെച്ചപ്പെടുത്തേണ്ടതുണ്ട്. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

1) 2022-23 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ചർച്ച ചെയ്യാനായി പ്രത്യേക യോഗം നടത്തിയിട്ടുണ്ട്. യോഗത്തിൽ റിപ്പോർട്ടിലെ പ്രസക്ത ഭാഗങ്ങളിൻമേൽ പഞ്ചായത്ത് കമ്മിറ്റി തീരുമാനം എടുത്തിട്ടുണ്ട്.

2) ഓഡിറ്റ് റിപ്പോർട്ടിന്റേയും അതിൻമേൽ പഞ്ചായത്ത് എടുത്ത തീരുമാനങ്ങളുടേയും പകർപ്പ് പഞ്ചായത്ത് ഓഫീസ് നോട്ടീസ് ബോർഡിൽ പ്രസിദ്ധപ്പെടുത്തുകയും അവ ഗ്രാമസഭകളിൽ ചർച്ചയ്ക്ക് വയ്ക്കുകയും ചെയ്തിട്ടുണ്ട്.

3) ഓഫീസ് ഉത്തരവു മുഖേന ഗ്രാമ പഞ്ചായത്തിലെ ജീവനക്കാരുടെ ജോലി വിഭജനം നടത്തിയിട്ടുണ്ട് പ്രസ്തുത ഉത്തരവിൽ ഓരോ ജീവനക്കാരനും കൈകാര്യം ചെയ്യുന്ന രജിസ്റ്ററുകൾ, രേഖകൾ, ഫയലുകൾ വൗച്ചറുകൾ എന്നവയുടെ സുരക്ഷിതമായ സൂക്ഷിപ്പിനും, പരിശോധനക്കായി അവ ഹാജരാക്കുന്നതിനുള്ള ഉത്തരവാദിത്തം പ്രസ്തുത ജീവനക്കാർക്കാണ് എന്ന് പ്രത്യേകം വ്യക്തമാക്കിയിട്ടുണ്ട്.

4) സെക്രട്ടറി എല്ലാ മാസവും സ്റ്റാഫ് മീറ്റിംഗ് വിളിച്ചു ചേർക്കുകയും, ഓഫീസ് പ്രവർത്തനങ്ങൾ അവലോകനം നടത്തുകയും ചെയ്യുന്നുണ്ട്.

5) ഇൻകുമ്പൻസി മാസ്റ്റർ രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നുണ്ട്.

6) ജീവനക്കാരുടെ എല്ലാവരുടെയും ശമ്പള നിർണ്ണയത്തിന് അംഗീകാരം സംസ്ഥാന ഓഡിറ്റ് വകുപ്പിൽ നിന്നും ലഭ്യമാക്കിയിട്ടുണ്ട്.

7) സേവന പുസ്തക സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിച്ചിട്ടുണ്ട്.

8) പെൻഷൻ കോൺട്രിബ്യൂഷൻ ഒടുക്കിയതിന്റെ വിവരം സേവന പുസ്തകത്തിൽ രേഖപ്പെടുത്തുന്നുണ്ട്.

9) സാങ്കേതിക വിഭാഗത്തിന് പരിശോധനയ്ക്ക് നൽകുന്ന ഫയലുകൾ 7 ദിവസത്തിനകം പരിശോധിച്ച് ലഭ്യമാക്കുന്നുണ്ട്.

10) പെൻഷൻ അപേക്ഷകൾ ചട്ടം അനുശാസിക്കുന്ന സമയപരിധിക്കുള്ളിൽ തീർപ്പ് കൽപ്പിക്കുന്നുണ്ട് .പെൻഷൻ അനുവദിച്ചത്/നിരസിച്ചത് സംബന്ധിച്ച് അറിയിപ്പ് കമ്മിറ്റി തീരുമാനം എടുത്ത് 2 ദിവസത്തിനകം നൽകുന്നുണ്ട്.

11) ഭരണസമിതി കൈക്കൊള്ളുന്ന തീരുമാനങ്ങൾ നടപ്പാക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നതിനായി വാച്ച് രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല. ആയത് എഴുതി സൂക്ഷിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

12) ഓഡിറ്റ് ഒബ്ജക്ഷൻ/ഓഡിറ്റ് റിക്കവറി രജിസ്റ്റർ എന്നിവയിൽ ആവശ്യമായ എല്ലാ രേഖപ്പെടുത്തലുകളും വരുത്തി കാലികമാക്കി സൂക്ഷിക്കുന്നുണ്ട് .

13) ഗ്രാമ പഞ്ചായത്തിന് ലഭ്യമായ എല്ലാ ആസ്തി വിവരങ്ങളും ഉൾപ്പെടുത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കേണ്ടതാണ്.

14) തനത് വരുമാനം വർദ്ധിപ്പിക്കുന്നതിൽ പ്രത്യേക ശ്രദ്ധ പതിപ്പിക്കേണ്ടതാണ്.

(അവലംബം : ഓഡിറ്റ് എൻക്വയറി നം. 37/25.11.2024)

## 1-9 ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 703978 | 664027 | 1368005 | 1359931 | 8074 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 36825627 | 36825627 | 36825627 | 0 |
| ആകെ | 703978 | 37489654 | 38193632 | 38185558 | 8074 |

ക്യാഷ് ബുക്ക് പ്രകാരമുള്ള മുന്നിരിപ്പ്, ചെലവ് വിവരങ്ങൾ വാർഷിക ധനകാര്യപത്രികയിലേതുമായി പൊരുത്തപ്പെടുന്നില്ല. അപാകം ഖ-1-1-17 ആയി ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 27.01.2022 മുതൽ 31.01.2022 വരെ | 01.01.2021 മുതൽ 31.07.2021 വരെ | 18.02.2022 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 05.11.2016 മുതൽ 19.11.2016 വരെ | 2011-12 മുതൽ 2015-16 വരെ | 28.12.2016 |

## 1-11 കരാർ ചമയ്ക്കാൻ കാലതാമസം വരുത്തിയ കരാറുകാരനിൽ നിന്നും പിഴ ഈടാക്കിയില്ല.

| | |
|---|---|
| **പ്രോജക്ട്** | 230/24, മുത്താന പൌൾട്രിഫാം റോഡ് മെയിന്റനൻസ് |
| **കരാറുകാരൻ** | ശ്രീ. ശ്രീകുമാർ എസ്. |
| **അടങ്കൽ തുക** | 2,20,000/- (തനത് ഫണ്ട്) |
| **പി.എ.സി.** | 2,00,834/- |

| | |
|---|---|
| **സെലക്ഷൻ നോട്ടീസ് തീയതി** | 13.03.2023 |
| **കരാർ നംപർ, തീയതി** | 49/AE/LID&EW/CHTY/2022-23 തീ.29.03.23 |
| **ഈടാക്കേണ്ടിയിരുന്ന പിഴ** | 2008/- |

കേരളാ പൊതുമരാമത്ത് വകുപ്പ് മാനവൽ 2012 സെക്ഷൻ 2009.6 പ്രകാരം കരാറുകാരന് സെലക്ഷൻ നോട്ടീസ് അയച്ച് 14 ദിവസത്തിനകം കരാറുകാരൻ തദ്ദേശ സ്ഥാപനവുമായി കരാർ ചമയേക്കണ്ടതാണ്. 14 ദിവസത്തിനു ശേഷം 10 ദിവസത്തിനകം കരാർ ചമച്ചാൽ PAC യുടെ 1% പിഴ ഈടാക്കണം. ചെമ്മരുത് ഗ്രാമ പഞ്ചായത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ മേൽ പ്രവൃത്തിയിൽ കരാർ ചമയ്ക്കാൻ കാലതാമസം വരുത്തിയ കരാറുകാരിൽ നിന്നും പിഴ ഈടാക്കിയിട്ടില്ല.

ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (നം.61/30.11.2024) ലഭ്യമാക്കിയ മറുപടിയിൽ പ്രസ്തുത കരാറുകാരനിൽ നിന്നും പിഴ തുക ഈടാക്കി ഒടുക്കുവരുത്തുന്നതാണ് എന്ന് അറിയിച്ചു. തുക ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-12 ഇൻഷ്വറൻസ് പോളിസി എടുക്കാത്ത കരാറുകാരിൽ നിന്നും 6,398/- രൂപ പിഴ ഈടാക്കിയില്ല.

പൊതുമരാമത്ത് പ്രവൃത്തികളിൽ ഓരോ പ്രവൃത്തിക്കും കോൺട്രാക്ട് തുകയുടെ 0.5%, മിനിമം 2,00,000/-രൂപ, മാക്സിമം 5,00,000/-രൂപ ഇൻഷുറൻസ് കവറേജ് ആയി പ്രവൃത്തി തുടങ്ങി 15 ദിവസത്തിനകം കരാറുകാരൻ ഇൻഷുറൻസ് പോളിസി സമർപ്പിക്കേണ്ടതാണ്. അല്ലാത്തപക്ഷം കരാർ തുകയുടെ 0.2% ഫൈൻ ഇനത്തിൽ ബില്ലിൽ നിന്നും കുറവ് ചെയ്യേണ്ടതാണ്.

ചുവടെ പറയുന്ന പ്രവൃത്തികളിൽ കരാറുകാർ ഇൻഷുറൻസ് പോളിസി രേഖകൾ ഹാജരാക്കുകയോ ബില്ലിൽ നിന്നും 0.2% ഫൈൻതുക ഈടാക്കുകയോ ചെയ്തിട്ടില്ല.

| ക്രമ നം. | പ്രോജക്ട് | കരാർ തുക (₹) | കരാറുകാരന്റെ പേര് | ഈടാക്കേണ്ട പിഴ (₹) |
|---|---|---|---|---|
| 1 | 255/24 -ലക്ഷംവീട് മാന്തോട്ടം റോഡ് കലുങ്ക് നിർമ്മാണം | 1,01,495 | ശ്രീ.എസ്.കേരളീയൻ | 203 |
| 2 | 258/24- ദേവി വിലാസം അംഗൻവാടി നവീകരണം | 1,59,043 | ശ്രീ.നസീർ.എസ്. | 318 |
| 3 | 260/24 – കുന്നത്ത് വാതുക്കൽ ഭദ്രകാളീ ദേവീക്ഷേത്രം റോഡ് കോൺക്രീറ്റ് | 2,77,636 | ശ്രീ.ബി.ദിലീപ്.ബി. | 555 |
| 4 | 266/24 – ശ്രീനിവാസപുരം എൽ.പി.സ്കൂൾ മെയിന്റനൻസ് | 2,95,582 | ശ്രീ.ദിലീപ്.ബി. | 591 |
| 5 | 10/24 – കരയോഗം വയലിക്കട് റോഡ് ഐറിഷ് ഡ്രെയിൻ | 2,72,074 | ശ്രി.ചിന്തുപ്രസാദ് | 544 |
| 6 | 14/24 – ചെക്കാലവിളാകം റോഡ് റീകോൺക്രീറ്റ് | 1,52,002 | ശ്രീ.മതി നീതു.എസ്. | 304 |
| 7 | 43/24 – വടക്കേക്കര റോഡ് കോൺക്രീറ്റ് | 2,73,403 | ശ്രി.ചിന്തുപ്രസാദ് | 547 |
| 8 | 44/24 – വലിയവിള മാടൻ നട റോഡ് കോൺക്രീറ്റ് | 4,12,360 | ശ്രി.ചിന്തുപ്രസാദ് | 825 |
| 9 | 68/24 – വെറ്റിനറി സബ്സെന്റർ നിർമ്മാണം | 10,14,273 | ശ്രീ.സുമേഷ്.കെ | 2,029 |
| 10 | 232/24 – പൊതു സ്ഥലങ്ങളിൽ വേസ്റ്റ് ബിൻ സ്ഥാപിക്കൽ | 2,41,214 | ശ്രീ.ജയൻ.വി. | 482 |
| | ആകെ | | | 6,398 |

ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (നം. 48/ 28.11.2024) അസി. എൻജിനീയർ (LID&EW)ലഭ്യമാക്കിയ മറുപടിയിൽ ക്രമ നം. 1, 4 എന്നിവയിൽ ഇൻഷ്വറൻസ് തുക ഈടാക്കി ഒടുക്കുവരുത്തുന്നതാണ് എന്നും, മറ്റുള്ളവയിൽ പിഴ തുക ഈടാക്കുന്നതിനായി റീടെൻഷൻ പിടിച്ചിട്ടുണ്ടെന്നും അസിസ്റ്റന്റ് എഞ്ചിനീയർ അറിയിച്ചു. ആകെ പിഴ തുകയായ 6,398/- ഒടുക്കുവരുത്തി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-13 ബിൽഡിംഗ് പെർമിറ്റ് രജിസ്റ്ററിന്റെ പരിപാലനം ക്രമപ്രകാരമല്ല.

2019- ലെ കേരള പഞ്ചായത്ത് രാജ് കെട്ടിടനിർമ്മാണ ചട്ടങ്ങളിലെ ചട്ടം 4 പ്രകാരം സെക്രട്ടറിയിൽ നിന്നും ആദ്യമേ കെട്ടിടനിർമ്മാണ അനുമതി ലഭിക്കാതെയും, കുറഞ്ഞ അപകടസാധ്യതയുള്ള കെട്ടിടങ്ങളുടെ കാര്യത്തിൽ സെക്രട്ടറിയിൽ നിന്നുള്ള അനുമതിയായി കണക്കാക്കാവുന്ന കൈപ്പറ്റ്

രസീത് ലഭിക്കാതെയും ഏതൊരു വ്യക്തിയും കെട്ടിട നിർമ്മാണം നടത്തുകയോ പുനർനിർമ്മിക്കുകയോ കൂട്ടിച്ചേർക്കുകയോ, വിപുലീകരിക്കുകയോ, മാറ്റം വരുത്തുകയോ പാടില്ലാത്തതാണ്. ചട്ടം 5(1)(സി) പ്രകാരം അനുമതിയ്ക്കായി അപ്പന്റിക്സ് AIA യിലുള്ള സ്വയം സാക്ഷ്യപ്പെടുത്തലും ചട്ടം19എ യിൽ സൂചിപ്പിച്ചിട്ടുള്ള രേഖകൾ സഹിതം സെക്രട്ടറി മുമ്പാകെ ഫയൽ ചെയ്യേണ്ടതും, അപ്രകാരം ലഭിച്ച അപേക്ഷകളിൽ അപാകങ്ങൾ ഉണ്ടെങ്കിൽ ആയത് പരിഹരിക്കുവാൻ 10 ദിവസത്തിനകം അപേക്ഷകനെ അറിയിക്കേണ്ടതുമാണ്. ചട്ടം 9, 12 പ്രകാരം അപാകങ്ങൾ പരിഹരിച്ച് രേഖകൾ ലഭ്യമായി കഴിഞ്ഞാൽ 15 ദിവസത്തിനകം അപേക്ഷ അംഗീകരിക്കുകയോ നിരസിക്കുകയോ ചെയ്യേണ്ടതും, അംഗീകരിച്ചാൽ അപ്പന്റിക്സ് J2 വിലേതു പോലെ സൈറ്റ് പ്ലാൻ സാക്ഷ്യപ്പെടുത്തി അപ്പന്റിക്സ് B2 പ്രകാരം ഷെഡ്യൂൾ 11 പ്രകാരമുള്ള പെർമിറ്റ് ഫീസ് ഒടുക്കി പെർമിറ്റ് നൽകേണ്ടതുമാണ്. 2023-24 ലെ പെർമിറ്റ് രജിസ്റ്റർ പരിശോധിച്ചതിൽ പെർമിറ്റ് അപേക്ഷകൾ അപാകതയുണ്ടെങ്കിൽ ആയത് അപേക്ഷകനെ രേഖാമൂലം അറിയിച്ചതായി രേഖപ്പെടുത്താതെ നിശ്ചിത സമയപരിധിയ്ക്കുള്ളിൽ പെർമിറ്റ് നൽകിയിട്ടില്ലായെന്ന് കണ്ടെത്തി. ഉദാ.ചുവടെ ചേർക്കുന്നു.

| പെർമിറ്റ് ഫയൽ | അപേക്ഷ സമർപ്പിച്ച തിയതി | പെർമിറ്റ് അനുവദിച്ച തിയതി |
|---|---|---|
| A2-4475/23 | 10-08-2023 | 17-10-2023 |
| A2-4252/23 | 02-08-2023 | 09-10-2023 |
| A2-3929/23 | 15-07-2023 | 25-10-2023 |
| A2-3891/23 | 15-07-2023 | 25-10-2023 |

പെർമിറ്റ് രജിസ്റ്ററിൽ അപേക്ഷകൾ കിട്ടുന്ന മുറയ്ക്ക് രേഖപ്പെടുത്തൽ വരുത്തുന്നില്ല.
ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (35/23-11-2024) വരും വർഷങ്ങളിൽ പെർമിറ്റ് രജിസ്റ്ററിൽ യഥാസമയം രേഖപ്പെടുത്തൽ വരുത്തി കൃത്യതയോടെ പരിപാലിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി. പെർമിറ്റ് രജിസ്റ്റർ ക്രമപ്രകാരം പരിപാലിക്കേണ്ടതും അപേക്ഷകളിന്മേൽ സമയബന്ധിതമായി തീർപ്പ് കൽപ്പിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

## 1-14 പോസ്റ്റ് ഒക്കുപ്പെൻസി ഓഡിറ്റ് നടത്തിയിട്ടില്ല

2019 ലെ കേരള പഞ്ചായത്ത് രാജ് കെട്ടിടനിർമ്മാണ ചട്ടങ്ങൾ ചട്ടം 21 പ്രകാരം രണ്ട് നിലവരെയുള്ള വാസഗൃഹങ്ങൾ, 50 ച. മീറ്റർ വരെയുള്ള വാണിജ്യ കെട്ടിടങ്ങൾ, ആരാധന കെട്ടിടങ്ങൾ, GI, G2, I ഒക്യുപൻസികൾ എന്നിവ ഒഴികെയുള്ള കെട്ടിടങ്ങൾക്ക് ഒക്യുപൻസി സർട്ടിഫിക്കറ്റ് നൽകി 2 വർഷത്തിനുള്ളിൽ സെക്രട്ടറി പോസ്റ്റ് ഒക്യുപൻസി ഓഡിറ്റ് നടത്തേണ്ടതാണ്. കെട്ടിടനിർമ്മാണം പൂർത്തികരിച്ച് നമ്പർ നേടിയശേഷം ഗ്രാമപഞ്ചായത്തിന്റെ അനുമതിയില്ലാതെ ഉപയോഗക്രമത്തിലും വിസ്തീർണത്തിലും വരുത്തുന്ന മാറ്റങ്ങൾ തടയുന്നതിനായി പോസ്റ്റ് ഒക്യുപൻസി ഓഡിറ്റ് നടത്തിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (02/21-11-2024) പോസ്റ്റ് ഒക്കുപ്പെൻസി ഓഡിറ്റ് നിലവിൽ നടത്തുന്നില്ലെന്നും വരും വർഷങ്ങളിൽ നടത്തുന്നതാണെന്നും മറുപടി നൽകി. വരും വർഷങ്ങളിൽ പോസ്റ്റ് ഒക്കുപ്പെൻസി ഓഡിറ്റ് നടത്താൻ തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-15 വിമുക്ത ഭടൻമാരുടെ കെട്ടിടനികുതി ഇളവ് രേഖകൾ ഹാജരാക്കേണ്ടതാണ്.

സ.ഉ.(കൈ) നം.140/2023/LSGD തീയതി 07-07-2023 പ്രകാരം വിമുക്ത ഭടന്മാർക്ക്/വിമുക്ത ഭടന്മാരുടെ ഭാര്യമാർക്ക്/ വിധവകൾക്ക് കെട്ടിട നികുതിയിൽ ഇളവ് അനുവദിക്കുമ്പോൾ നിർദ്ദിഷ്ട മാതൃകയിലുള്ള സാക്ഷ്യപത്രം, കെട്ടിട നികുതി ഇളവിന് അർഹരായവർ (നിലവിൽ അഞ്ച് വർഷത്തിലൊരിക്കൽ) മാർച്ച് 31 ന് മുമ്പായി ഗ്രാമപഞ്ചായത്തിൽ സമർപ്പിക്കേണ്ടതാണ്. കൂടാതെ ഇളവിന് അർഹരായവരുടെ പ്രത്യേക രജിസ്റ്റർ സൂക്ഷിക്കേണ്ടതും ഓരോ സാമ്പത്തിക വർഷവും വസ്തുനികുതി ഇളവിനായി സാക്ഷ്യപത്രം സമർപ്പിക്കുമ്പോൾ ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തേണ്ടതുമാണ്. ഗ്രാമപഞ്ചായത്തിൽ മേൽ ഉത്തരവ് പ്രകാരമുള്ള രേഖകൾ സൂക്ഷിക്കുന്നുണ്ടെങ്കിൽ അവയും ഇളവിന് അർഹരായവരുടെ വിശദാംശങ്ങൾ രേഖപ്പെടുത്തിയ രജിസ്റ്ററും പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (02/21-11-2024) വിമുക്ത ഭടൻമാരുടെ നികുതി ഒഴിവാക്കിയ കെട്ടിടങ്ങളുടെ വിശദാംശങ്ങൾ രേഖപ്പെടുത്തിയ രജിസ്റ്റർ പ്രത്യേകമായി സൂക്ഷിച്ചിട്ടില്ലെന്ന മറുപടി ലഭ്യമാക്കി. മേൽ സർക്കാർ ഉത്തരവ് പ്രകാരമുള്ള രേഖകളും പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. പ്രസ്തുത രേഖകളും രജിസ്റ്ററും പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 1-16 സേവന ഉപനികുതി ഈടാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്തിൽ കെട്ടിട നികുതി ഒഴിവാക്കി നൽകിയിട്ടുള്ള കെട്ടിടങ്ങളുടെ (കേന്ദ്ര സർക്കാർ സ്ഥാപനങ്ങളുടെ) വിശദാംശം ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ല. പ്രസ്തുത സ്ഥാപനങ്ങൾക്ക് ഗ്രാമപഞ്ചായത്ത് നൽകുന്ന വിവിധ സേവനങ്ങൾക്കുള്ള സേവന ഉപനികുതി (ജലവിതരണം, ശുചിത്വ പരിപാലനം

തെരുവ് വിളക്കുകൾ, ഡ്രയിനേജ് മുതലായവ) ചുമത്തുകയും പിരിച്ചെടുക്കുവാനുള്ള നടപടികളും സ്വീകരിച്ചിട്ടില്ല. (ഓഡിറ്റ് എൻക്വയറി നമ്പർ 02/21-11-2024 നുള്ള മറുപടി). ഇപ്രകാരം കെട്ടിട നികുതി ഒഴിവാക്കി നൽകിയിട്ടുള്ള (കേന്ദ്ര സർക്കാർ സ്ഥാപനങ്ങളുടെ) കെട്ടിടങ്ങളിൽ നിന്നും സേവന നികുതി ഈടാക്കാൻ നടപടി സ്വീകരിക്കാവുന്നതാണ്.

## 1-17 വാണിജ്യ സ്ഥാപനങ്ങൾ ട്രേഡേഴ്സ് ലിസ്റ്റിലെയും സഞ്ചയ സ്റ്റേറ്റ്മെന്റിലെയും വിശദാംശങ്ങൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല.

സഞ്ചയ പ്രകാരമുള്ള വാണിജ്യ കെട്ടിടങ്ങളുടെ എണ്ണവും 2023-24 സാമ്പത്തിക വർഷം ലൈസൻസ് അനുവദിച്ച് നൽകിയ വാണിജ്യ സ്ഥാപനങ്ങളുടെ എണ്ണവും തമ്മിൽ അന്തരം നിലനിൽക്കുന്നു വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | കെട്ടിടത്തിന്റെ ഉപയോഗക്രമം | എണ്ണം |
|---|---|---|
| 1 | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ , റെസ്റ്റോറന്റുകൾ, ഷോപ്പുകൾ , ഗോഡൌൺ | 731 |
| 2 | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ , റെസ്റ്റോറന്റുകൾ, ഷോപ്പുകൾ , ഗോഡൌൺ | 144 |
| 3 | വാണിജ്യാവശ്യത്തിനുള്ളവ 200 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള സൂപ്പർ മാർക്കറ്റ്, ഷോപ്പിംഗ് മാളുകൾ | 0 |
| 4 | വാണിജ്യാവശ്യത്തിനുള്ളവ 200 ച.മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള സൂപ്പർ മാർക്കറ്റ്, ഷോപ്പിംഗ് മാളുകൾ | 29 |
| 5 | വാണിജ്യാവശ്യത്തിനുള്ളവ ബങ്കുകൾ, പെട്ടികടകൾ, കമ്പ്യൂട്ടർ സെന്റർ, ഫ്യുവൽ സ്റ്റേഷൻ | 621 |
| 6 | അസംബ്ലി കെട്ടിടം, കൺവെൻഷൻ സെന്റർ, ആഡിറ്റോറിയം, കല്യാണ മണ്ഡപങ്ങൾ, ലോഡ്ജ് , സിനിമ തിയേറ്റർ | 3 |
| | ആകെ | 1528 |

272 പേർക്കാണ് 2023-24 സാമ്പത്തിക വർഷത്തെ ലൈസൻസ് രജിസ്റ്റർ പ്രകാരം ലൈസൻസ് അനുവദിച്ച് നൽകിയിട്ടുള്ളത് . (സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റത്തിലെ രേഖപ്പെടുത്തൽ പ്രകാരം ഇത് 640 ആണ്)

ലൈസൻസ് നൽകിയ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്ന കെട്ടിടങ്ങളിലൊഴികെ മറ്റ് കെട്ടിടങ്ങളിൽ ലൈസൻസ് ഇല്ലാതെ വ്യാപാര സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ല എന്നത് (ലൈസൻസ് എടുക്കുന്നതിൽ നിന്നും ഒഴിവാക്കപ്പെട്ടിട്ടുള്ള സ്ഥാപനങ്ങൾ ഒഴികെ) ഫീൽഡ് തല അന്വേഷണം നടത്തി ഉറപ്പ് വരുത്തിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (03/21-11-2024) പ്രസ്തുത ന്യൂനത വാർഡ് എന്യൂമറേറ്റർമാർ മുഖേന ലഭിക്കുന്ന ഡേറ്റ പരിശോധിച്ച് പരിഹരിക്കുന്നതാണെന്ന് മറുപടി നൽകി. പ്രസ്തുത നടപടിക്രമം അടിയന്തിരമായി പൂർത്തിയാക്കേണ്ടതും ലൈസൻസ് ഇല്ലാതെ വാണിജ്യ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ലെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

## 1-18 കുടിശ്ശിക രജിസ്റ്റർ പരിപാലിച്ചിട്ടില്ല.

സാമ്പത്തിക മാനേജ്മെന്റിന്റെ ക്രമമായ പുരോഗതിയ്ക്കായി തനത് വരുമാനത്തിലെ കുടിശ്ശികയും അത് ഏത് കാലയളവിലെ കുടിശ്ശികയാണെന്നും സൂചിപ്പിക്കുന്ന ഒരു രജിസ്റ്റർ തയ്യാറാക്കണമെന്ന് 1-6-2022 ലെ സർക്കാർ ഉത്തരവ് നം. സ.ഉ.(കൈ)നം.117/2022/LSGD പ്രകാരം നിർദ്ദേശിച്ചിട്ടുണ്ട്. പ്രസ്തുത നിർദ്ദേശ പ്രകാരമുള്ള രജിസ്റ്റർ തയ്യാറാക്കി പരിപാലിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (02/21-11-2024) നിലവിൽ കുടിശ്ശിക ഇല്ലാത്തതിനാൽ കുടിശ്ശിക രജിസ്റ്റർ പരിപാലിച്ചിട്ടില്ലെന്ന് മറുപടി നൽകി. എന്നാൽ തൻവർഷത്തെ ബാലൻസ് ഷീറ്റിൽ വാടക ഇനത്തിൽ കുടിശ്ശിക നിലനിൽക്കുന്നുണ്ട് (വിശദാംശം ഖണ്ഡിക 1-23 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്). വരും വർഷങ്ങളിൽ കുടിശ്ശിക രജിസ്റ്റർ പരിപാലിക്കേണ്ടതാണ്.

## 1-19 റേഷൻ കടകളിൽ നിന്നും ലൈസൻസ് ഫീസ്, തൊഴിൽ നികുതി എന്നിവ ഈടാക്കിയില്ല

സിവിൽ സപ്ലൈസ് ഡയറക്ടറുടെ 22.2.2019 ലെ (സി.എ,സ്) എ9-764/2019-ാം നം. കത്തിൽ റേഷൻ കടകളെ പഞ്ചായത്ത് ലൈസൻസ് ഫീസ് , തൊഴിൽ നികുതി എന്നിവ ഒടുക്കുന്നതിൽ നിന്ന് ഒഴിവാക്കാൻ കഴിയില്ലായെന്ന് അറിയിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിൽ ആകെ 11 റേഷൻ കടകൾ പ്രവർത്തിക്കുന്നുണ്ട്. ആകെ 7 റേഷൻ കടകളിൽ നിന്നും മാത്രമാണ് ലൈസൻസ് ഫീ, തൊഴിൽ നികുതി, സ്ഥാപന തൊഴിൽ നികുതി എന്നിവ ഈടാക്കുന്നത് (ഓഡിറ്റ് എൻക്വയറി നമ്പർ 04/21-11-2024 നുള്ള മറുപടി). ബാക്കിയുള്ള റേഷൻ കടകളിൽ നിന്നും ലൈസൻസ് ഫീ, തൊഴിൽ നികുതി എന്നിവ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും സെക്രട്ടറി മറുപടിയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത നടപടികൾ ത്വരിതപ്പെടുത്തേണ്ടതും റേഷൻ കടയുടകൾ നികുതി, ഫീ എന്നിവ അടവാക്കാത്ത പക്ഷം വിവരം ജില്ല സപ്ലൈ ഓഫീസറുടെ ശ്രദ്ധയിൽപ്പെടുത്തേണ്ടതുമാണ്.

## 1-20 തൊഴിൽ നികുതി ഈടാക്കാൻ ബാദ്ധ്യസ്ഥരായവരുടെ ഡേറ്റാബേസ് സൂക്ഷിക്കേണ്ടതാണ്

സ്ഥാപനങ്ങൾ, ജീവനക്കാർ, സ്വയം തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർ, അഭിഭാഷകർ, സ്വകാര്യ ഡോക്ടർമാർ, മറ്റ് പ്രൊഫഷണലുകൾ, ഗ്രാമ പഞ്ചായത്തിലെ ബിൽഡിംഗ് പ്ലാനുകൾ തയ്യാറാക്കുന്ന എഞ്ചിനീയർമാർ, സൂപ്പർവൈസർമാർ , സ്വകാര്യ സ്കൂൾ/ കോളേജ് ജീവനക്കാർ തുടങ്ങി തൊഴിൽ നികുതി ഒടുക്കാൻ ബാധ്യസ്ഥരായവരുടെ സമ്പൂർണ്ണ ഡേറ്റാബേസ് സൂക്ഷിക്കുന്നുണ്ടെങ്കിൽ വിവരം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (05/21-11-2024) പ്രസ്തുത ഡേറ്റാബേസ് നാളിതുവരെ സൂക്ഷിച്ചിട്ടില്ലെന്നും ഇനി തയ്യാറാക്കി സൂക്ഷിക്കുന്നതാണെന്നും മറുപടി നൽകി. തൊഴിൽ നികുതി ബാദ്ധ്യസ്ഥരായവരുടെ ഡേറ്റാബേസ് തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്.

## 1-21 Places Of Public Resort Act പ്രകാരമുള്ള ലൈസൻസ് ഇല്ലാതെ ജിംനേഷ്യങ്ങൾ പ്രവർത്തിക്കുന്നു.

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 01-08-2022 ലെ നം.എൽഎസ്.ജി.ഡി.-ആർഡി1/47/2022 സർക്കുലർ പ്രകാരം സംസ്ഥാനത്തെ എല്ലാ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളും അതാത് അധികാരപരിധിയിൽ 1963ലെ Kerala Places Of Public Resort Act പ്രകാരമുള്ള ലൈസൻസ് ഇല്ലാതെ ഒരു ജിംനേഷ്യവും പ്രവർത്തിക്കുന്നില്ല എന്ന് ഉറപ്പുവരുത്തേണ്ടതുണ്ട്. ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ 2023-24 വർഷത്തിൽ രണ്ട് ജിംനേഷ്യങ്ങൾക്ക് ലൈസൻസ് അനുവദിച്ച് നൽകിയിട്ടുള്ളത് Issue Of License To Factories, Traders, Entreprenuership Activities And Other Services ചട്ടങ്ങൾ പ്രകാരമാണ്. വരും വർഷങ്ങളിൽ നം.എൽഎസ് ജിഡി-ആർഡി1/47/2022 സർക്കുലർ പ്രകാരം പബ്ലിക് റിസോർട്ട് ആക്ട് പ്രകാരമുള്ള ലൈസൻസിന്റെ അടിസ്ഥാനത്തിൽ മാത്രം ജിംനേഷ്യങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

## 1-22 സ്വകാര്യ ആശുപത്രികളുടെയും പാരാമെഡിക്കൽ സ്ഥാപനങ്ങളുടയെും രജിസ്ട്രേഷൻ-നടപടിക്രമങ്ങൾ പാലിക്കേണ്ടതാണ്.

എ) 1997 ലെ കേരള പഞ്ചായത്ത് രാജ് (സ്വകാര്യ ആശുപത്രികളുടെയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ)ചട്ടങ്ങളിലെ ചട്ടം 3 പ്രകാരം ഒരു ഗ്രാമപഞ്ചായത്തിന്റെ അതിർത്തിക്കുള്ളിൽ ഈ ചട്ടങ്ങൾ പ്രകാരമുള്ള രജിസ്ട്രേഷൻ ഇല്ലാതെ ഏതൊരു സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനവും പ്രവർത്തിക്കുവാൻ പാടുള്ളതല്ല. എന്നാൽ 2023-24 വർഷത്തെ ലൈസൻസ് രജിസ്റ്റർ പാരാമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ സംബന്ധിച്ച രജിസ്റ്റർ (ഫോറം 2) എന്നിവ പരിശോധിച്ചതിൽ ചുവടെപ്പറയും പ്രകാരം സ്ഥാപനങ്ങൾ തൻവർഷം രജിസ്ട്രേഷൻ ഇല്ലാതെ പ്രവർത്തിച്ചിട്ടുണ്ട്.

| കെട്ടിട നമ്പർ | സ്ഥാപന ഉടമയുടെ പേര് | സ്ഥാപനത്തിന്റെ പേര് | ലൈസൻസ് രജിസ്റ്റർ പേജ് നമ്പർ |
|---|---|---|---|

| | | | |
|---|---|---|---|
| 15/50 F, G | ദിനോജ് പുഷ്പൻ | ലബോറട്ടറി | 25 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (33/23-11-2024) ടിയാൻ രജിസ്ട്രേഷൻ ഫീസ് ഒടുക്കിയിട്ടില്ലെന്ന് സെക്രട്ടറി മറുപടി നൽകി. രജിസ്ട്രേഷൻ ഇല്ലാതെ സ്ഥാപനം പ്രവർത്തിക്കുന്നില്ല എന്ന് ഉറപ്പാക്കേണ്ടതാണ്.

ബി) പ്രസ്തുത ചട്ടങ്ങളിലെ ചട്ടം 8 പ്രകാരം രജിസ്ട്രേഷൻ അവസാനിച്ചതിന് ശേഷം തുടർന്നും ഒരു പാരാമെഡിക്കൽ സ്ഥാപനം പ്രവർത്തിക്കുകയാണെങ്കിൽ സ്ഥാപനത്തിന്മേൽ അയ്യായിരം രൂപവരെ ആകാവുന്ന പിഴയും കുറ്റം തുടരുന്ന ഓരോ ദിവസവും അഞ്ഞൂറു രൂപവരെ യാകാവുന്ന പിഴയും നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ ചുവടെപ്പറയുന്ന സ്ഥാപനങ്ങൾ സമയബന്ധിതമായി രജിസ്ട്രേഷൻ പുതുക്കിയിട്ടില്ല

| ക്രമനം | സ്ഥാപനത്തിന്റെ പേര് | ലൈസൻസ് പുതുക്കിയ തീയതി |
|---|---|---|
| 1 | എ.വി.എം ക്ലിനിക് | 01-12-2023 |
| 2 | ദേവി ക്ലിനിക് | 22/05/2023 |

ഇതിന് മറുപടിയായി (ഓഡിറ്റ് എൻക്വയറി നമ്പർ 33/23-11-2024) പ്രസ്തുത സ്ഥാപനങ്ങളിൽ നിന്നും പിഴ ഈടാക്കിയിട്ടില്ലെന്ന് സെക്രട്ടറി മറുപടി നൽകി.
വരും വർഷങ്ങളിൽ സ്വകാര്യ ആശുപത്രികളുടെയും പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ. രജിസ്ട്രേഷൻ പുതുക്കൽ എന്നിവയിൽ 1997 ലെ കേരള പഞ്ചായത്ത് രാജ് (സ്വകാര്യ ആശുപത്രികളുടെയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ) ചട്ടങ്ങളിലെ നിർദ്ദേശങ്ങൾ പൂർണ്ണമായും പാലിക്കേണ്ടതാണ്.

## 1-23 വാടക ഇനത്തിലെ തുക ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

2023-24 സാമ്പത്തിക വർഷത്തെ ബാലൻസ് ഷീറ്റ്, അനുബന്ധ രജിസ്റ്ററുകൾ എന്നിവയിലെ രേഖപ്പെടുത്തൽ പ്രകാരം ചുവടെപ്പറയുന്ന പ്രകാരം ഇനങ്ങളിൽ കുടിശ്ശിക നിലനിൽക്കുന്നു.

| കോഡ് നമ്പർ | ശീർഷകത്തിന്റെ പേര് | തുക |
|---|---|---|
| 431400101 | Rent Receivables From Buildings (Current) | 13528 |
| 431400102 | Rent Receivables (Arrear) | 12640 |
| 431400106 | Rent Receivables Towards Market Receipts (Arrear) | 277720 |

പ്രസ്തുത കുടിശ്ശികയുടെ വിശദാംശവും 2023-24 സാമ്പത്തിക വർഷം തുക ഈടാക്കാൻ സ്വീകരിച്ച നടപടകളുടെ വിവരവും ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (13/21-11-2024) 13528 രൂപ റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചതിനെതുടർന്ന് 08/04/2024 ൽ അടവാക്കിയെന്നും ബാക്കിയുള്ള തുകകൾ (12640, 277720) റവന്യൂ റിക്കവറി നടപടി വഴി ഈടാക്കാനുള്ള നടപടികൾ പൂർത്തിയായി വരുന്നുവെന്നും സെക്രട്ടറി മറുപടി നൽകി. റവന്യൂ റിക്കവറി നടപടികൾ സമയബന്ധിതമായി തീർപ്പാക്കി തുക ഈടാക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-24-1 കുഴൽ കിണർ നിർമ്മാണം വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല. 10,00,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | S0178/24 |
| പ്രോജക്ടിന്റെ പേര് | ചെമ്മരുതി ഗ്രാമപഞ്ചായത്തിന്റെ വിവിധ വാർഡുകളിൽ കുഴൽ കിണർ നിർമ്മാണം |
| അടങ്കൽ | 19,00,000/- |
| ചെലവ് | 10,00,000/- |
| ഫണ്ടിനം | ധനകാര്യ കമ്മീഷൻ ഗ്രാന്റ് |
| നിർവ്വഹണം | സെക്രട്ടറി |
| ബിൽ നമ്പർ | 687/15-03-2024 |

ചെമ്മരുതി ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിൽ കുടിവെള്ള പദ്ധതിക്കായി ഭൂജലവകുപ്പിന് തുക കൈമാറുന്നതിനായാണ് പ്രോജക്ട് ആവിഷ്കരിച്ചത്. മേൽ പരാമർശിക്കും പ്രകാരം തുക കൈമാറിയെങ്കിലും വാട്ടർ അതോറിറ്റിയുമായി ചമച്ച കരാർ, വിനിയാഗ സാക്ഷ്യപത്രം എന്നിവ വാങ്ങി ഫയലിൽ സൂക്ഷിച്ചിട്ടില്ല. വിശദാംശം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (28/22-11-2024) എസ്റ്റിമേറ്റ് തുക 11,54,105/- ആയിരുന്നെന്നും തൻവർഷം 10,00,000/- രൂപ മാത്രമേ വാട്ടർ അതോറിറ്റിക്ക് നൽകാൻ സാധിച്ചുള്ളൂ എന്നും ബാക്കി തുക 2024-25 സാമ്പത്തിക വർഷമാണ് നൽകിയതെന്നും സെക്രട്ടറി മറുപടിയിൽ രേഖപ്പെടുത്തിയിരിക്കുന്നു. 07/11/2024 ന് അടിയന്തിര പ്രാധാന്യത്തോടെ കുഴൽ കിണർ നിർമ്മാണം പൂർത്തിയാക്കണമെന്ന് അഭ്യർത്ഥിച്ച് ജില്ല

ഭൂജല വകുപ്പ് ഓഫീസർക്ക് കത്തയച്ചിട്ടുണ്ടെന്നും മറുപടിയിൽ രേഖപ്പെടുത്തിയിരിക്കുന്നു. പ്രസ്തുത നിർമ്മാണം പൂർത്തീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. അതുവരെ 10,00,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-24-2 ഐ.കെ.എമ്മിന് വിഹിതം നൽകൽ വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല-2,29,855/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | 67/24 |
| പ്രോജക്റ്റിന്റെ പേര് | ഐ.കെ.എം. വിഹിതം നൽകൽ |
| അടങ്കൽ | 2,30,000/- |
| ചെലവ് | 2,29,855/- |
| ഫണ്ടിനം | വികസന ഫണ്ട് ജനറൽ |
| ബിൽ നമ്പർ | 156/14-08-2023 |

ഗ്രാമപഞ്ചായത്തിലെ ഐ.റ്റി. അധിഷ്ഠിത സേവനങ്ങൾ മെച്ചപ്പെടുത്തുന്നതിനതിനായി ഐ.കെ.എമ്മിന് തുക നൽകുന്നതിനായാണ് പ്രോജക്റ്റ് തയ്യാറാക്കിയത്. മേൽ പരാമർശിക്കും പ്രകാരം തുക കൈമാറിയെങ്കിലും ഐ.കെ.എമ്മിൽ നിന്നുള്ള വിനിയോഗ സാക്ഷ്യപത്രം വാങ്ങി ഫയലിൽ സൂക്ഷിച്ചിട്ടില്ല. വിശദീകരണം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (22/22-11-2024) ഐ.കെ.എമ്മിൽ നിന്നുള്ള കൈപ്പറ്റ് രസീത് ആണ് ഹാജരാക്കിയത്. ഐ.കെ.എമ്മിൽ നിന്നുള്ള വിനിയോഗ സാക്ഷ്യപത്രം വാങ്ങി ഫയലിൽ സൂക്ഷിക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്. അതുവരെ 2,29,855/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-24-3 വണ്ടിപ്പുര കുടിവെള്ള പദ്ധതി- വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല- 4,20,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

ചെമ്മരുതി ഗ്രാമപഞ്ചായത്തിലെ വണ്ടിപ്പുര വാർഡിൽ കുടിവെള്ള പദ്ധതിക്കായി വാട്ടർ അതോറിറ്റിക്ക് തുക കൈമാറുന്നതിനായി ചുവടെപ്പറയും പ്രകാരം രണ്ട് പ്രോജക്റ്റുകൾ ആവിഷ്കരിച്ച് വാട്ടർ അതോറിറ്റിക്ക് തുക കൈമാറിയിട്ടുണ്ട്

എ)

| | | |
|---|---|---|
| പ്രോജക്റ്റ് നമ്പർ | S0214/24 | |
| പ്രോജക്റ്റിന്റെ പേര് | വണ്ടിപ്പുര കുടിവെള്ള പദ്ധതി<br>പൈപ്പ് ലൈൻ നീട്ടൽ (SO) | |
| അടങ്കൽ | 4,00,000/- | |
| ചെലവ് | 4,00,000/- | 164/18-08-2023 |
| ഫണ്ടിനം | ധനകാര്യകമ്മീഷൻ അവാർഡ് | |
| നിർവ്വഹണം | സെക്രട്ടറി | |

ബി)

| | | |
|---|---|---|
| പ്രോജക്റ്റ് നമ്പർ | S0294/24 | |
| പ്രോജക്റ്റിന്റെ പേര് | വണ്ടിപ്പുര കുടിവെള്ള പദ്ധതി ബാക്കി തുക അടവാക്കൽ | |
| അടങ്കൽ | 20,000/- | |
| ചെലവ് | 20,000/- | 634/24-02-2024 |
| ഫണ്ടിനം | തനത് ഫണ്ട് | |
| നിർവ്വഹണം | സെക്രട്ടറി | |

മേൽ പരാമർശിക്കും പ്രകാരം തുക കൈമാറിയെങ്കിലും വാട്ടർ അതോറിറ്റിയുമായി ചമച്ച കരാർ വിനിയോഗ സാക്ഷ്യപത്രം എന്നിവ വാങ്ങി ഫയലിൽ സൂക്ഷിച്ചിട്ടില്ല. വിശദാംശം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറികൾക്ക് (24/22-11-2024, 26/22-11-2024) ടെണ്ടർ നടപടികൾ പൂർത്തിയാക്കിയെന്നും തുടർ പ്രവർത്തനങ്ങൾ ഉടൻ ആരംഭിക്കുന്നതാണെന്നും വാട്ടർ അതോറിറ്റിയിൽ നിന്നും അറിയിപ്പ് ലഭിച്ചിട്ടുണ്ടെന്നും സെക്രട്ടറി മറുപടി നൽകി. വാട്ടർ അതോറിറ്റിയുമായി തുടർ നടപടികൾ കൈക്കൊണ്ട് പ്രോജക്റ്റ് പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്. അതുവരെ 4,20,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-24 വിനിയോഗ സാക്ഷ്യപത്രങ്ങൾ ഹാജരാക്കിയില്ല- 16,49,855/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

സെക്രട്ടറി നിർവ്വഹണ ഉദ്യാഗസ്ഥനായി നടപ്പിലാക്കിയ ചുവടെപ്പറയുന്ന പ്രോജക്ടുകളുടെ വിനിയോഗ സാക്ഷ്യപത്രം നാളിതുവരെ വാങ്ങി ഫയലിൽ സൂക്ഷിച്ചിട്ടില്ല. ഇക്കാരണത്താൽ വിവിധ നിർവ്വഹണ ഏജൻസികൾക്കായി നൽകിയ 16,49,855/- രൂപയുടെ ചെലവ് (10,00,000 + 229855 + 420000) തടസ്സപ്പെടുത്തുന്നു.

## 1-25 ശാസ്ത്രീയ അറവുശാലകളുടെ നിർമ്മാണം നടപടി സ്വീകരിക്കേണ്ടതാണ്.

17.09.2009-ലെ 1173/ഡി.ബി.2/09/ത.സ്വ.ഭ.വ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം അംഗീകൃത അറവുശാലകൾ ഇല്ലാത്ത തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അടിയന്തിരമായി അവരുടെ അധികാര പരിധിക്കുള്ളിൽ വൃത്തിയും ശുചിത്വവുമുള്ള ആധുനികവും ശാസ്ത്രിയവുമായ അറവുശാലകൾ സ്ഥാപിക്കണമെന്ന് വ്യക്തമാക്കിയിട്ടുണ്ട് (ഖണ്ഡിക 8) പഞ്ചായത്ത് രാജ് നിയമ പ്രകാരം മൃഗങ്ങളുടെ കശാപ്പ്, വില്പന എന്നിവ നിയന്ത്രിക്കേണ്ടത് ഗ്രാമപ്പഞ്ചായത്തുകളുടെ അനിവാര്യ ചുമതലയാണ് മനുഷ്യന്റെ ആരോഗ്യത്തിന് മതിയായ സംരക്ഷണം ഉറപ്പാക്കുന്നതിന് പകർച്ചവ്യാധികളോ മറ്റ് രോഗങ്ങളോ ഇല്ലെന്ന് വെറ്ററിനറി സർജൻ സാക്ഷ്യപ്പെടുത്തിയ മൃഗങ്ങളെ അംഗീകൃത അറവ് ശാലകളിൽ മാത്രം കശാപ്പ് ചെയ്ത് ഇറച്ചിക്കടകൾ വഴി വിൽപ്പന നടത്തുവാൻ പാടുള്ളൂവെന്ന് ബഹുമാനപ്പെട്ട കേരള ഹൈക്കോടതി ഉത്തരവായിട്ടുണ്ട്. ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ 12-08-2009 ലെ WPC(No) 13805 Of 2004, 37093 Of 2004, 7000 Of 2005 എന്നീ വിധിന്യായങ്ങളിലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അറവുശാലകൾ സ്ഥാപിക്കാൻ നടപടിയെടുക്കണം എന്ന് നിർദ്ദേശിച്ചിട്ടണ്ട്. പ്രസ്തുത സർക്കുലറിന്റെ അടിസ്ഥാനത്തിൽ ഗ്രാപഞ്ചായത്തിൽ അറവുശാല സ്ഥാപിക്കാൻ എന്തെങ്കിലും നടപടികൾ കൈക്കൊണ്ടിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (08/21-11-2024) വരും വർഷങ്ങളിൽ അനുയോജ്യമായ സ്ഥലം കണ്ടെത്തി വൃത്തിയും ശുചിത്വവും ആധുനികവും ശാസ്ത്രീയവുമായ അറവുശാല നിർമ്മിക്കുന്നതാണെന്ന് സെക്രട്ടറി മറുപടി നൽകി. സർക്കാർ നിർദ്ദേശത്തിന്റെയും ഹൈക്കോടതി ഉത്തരവിന്റെയും അടിസ്ഥാനത്തിൽ അറവുശാല നിർമ്മിക്കാനുള്ള തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-26 കാവുകളുടെ സംരക്ഷണം തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

സ.ഉ(കൈ) നം.115/2022/തസ്വഭവ തീയതി 28-05-2022 ലെ (സബ്സിഡി, ധനസഹായം, അനുബന്ധ വിഷയങ്ങൾ എന്നിവ സംബന്ധിച്ച മാർഗ്ഗരേഖ) ഖണ്ഡിക 7.8.4 പ്രകാരം കാവുകളുടെയും കണ്ടൽകാടുകളുടെയും സംരക്ഷണത്തിന് ചുവടെപ്പറയുന്ന നടപടികൾ ഗ്രാമപഞ്ചായത്ത് അനുവർത്തിക്കേണ്ടതാണ്.

എ) ഓരോ ഗ്രാമപഞ്ചായത്തിലും സംരക്ഷിക്കപ്പെടേണ്ട എല്ലാ കാവുകളുടെയും കണ്ടൽ കാടുകളുടെയും പട്ടിക തദ്ദേശ സ്വയംഭരണ തല ബയോ ഡൈവേഴ്സിറ്റി മാനേജ്മെന്റ് കമ്മിറ്റി സൂക്ഷിക്കണം

ബി) ഓരോ കാവിലെയും സംരക്ഷിക്കപ്പെടേണ്ട മരങ്ങളുടെയും സസ്യങ്ങളുടെയും ഇനവും എണ്ണവും സംരക്ഷിക്കേണ്ട സ്ഥലത്തിന്റെ വിസ്തൃതിയും തയ്യാറാക്കണം

സി) ചെലവ് കുറഞ്ഞ രീതിയിൽ മുള്ള് വേലി കെട്ടി/ജൈവ വേലി സ്ഥാപിച്ച് സംരക്ഷിക്കുന്നതിനും അഭിവൃദ്ധിപ്പെടുത്തുന്നതിനും ചെയ്യേണ്ട പ്രവൃത്തികളും ഏകദേശ എസ്റ്റിമേറ്റും പ്രാദേശികമായി തയ്യാറാക്കണം

ഡി) പരിസ്ഥിതി സംരക്ഷണത്തിനായി സംരക്ഷിക്കുന്ന കാവ് എന്ന നിലയിൽ ബോർഡ് സ്ഥാപിക്കണം ജൈവവൈവിധ്യ രജിസ്റ്ററിൽ ഉൾപ്പെടുത്തണം. തദ്ദേശ ഭരണ സ്ഥാപനത്തിന്റെ വെബ്സൈറ്റിൽ വിശദാംശങ്ങൾ ഉൾപ്പെടുത്തണം

ചെമ്മരുതി ഗ്രാമപഞ്ചായത്ത് ഇക്കാര്യത്തിന്മേൽ സ്വീകരിച്ച നടപടികളുടെ വിശദാംശം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (11//21-11-2024) പ്രസ്തുത നടപടികൾ സ്വീകരിക്കുന്നതാണെന്ന് സെക്രട്ടറി മറുപടി നൽകി. സ.ഉ(കൈ) നം.115/2022/തസ്വഭവ തീയതി 28-05-2022 ലെ നിർദ്ദേശാനുസരണം കാവുകളുടെ സംരക്ഷണത്തിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 1-27 വെതർ സ്റ്റേഷൻ നിർമ്മാണം നടപടികൾ സ്വീകരിക്കേണ്ടതാണ്.

സ.ഉ(കൈ) നം.115/2022/തസ്വഭവ തീയതി 28-05-2022 ലെ (സബ്സിഡി, ധനസഹായം, അനുബന്ധ വിഷയങ്ങൾ എന്നിവ സംബന്ധിച്ച മാർഗ്ഗരേഖ) ഖണ്ഡിക 7.8.8 പ്രകാരം കാലാവസ്ഥ വ്യതിയാനത്തെ പ്രതിരോധിക്കാനും ദുരന്ത സാദ്ധ്യതയും അതിന്റെ കാഠിന്യവും മനസ്സിലാക്കാനും താപനില, മഴയുടെ അളവ്, കാറ്റിന്റെ ഗതി തുടങ്ങിയവയുടെ വിവരശേഖരണവും അതിന്റെ അപഗ്രഥനവും നടത്തുന്നതിനം വേണ്ടി ഓരോ പ്രദേശത്തിന്റെയും ദിനാന്തരീക്ഷ സ്ഥിതി മനസ്സിലാക്കുന്നതിന് വേണ്ടിയുള്ള വെതർ സ്റ്റേഷൻ ഓരോ ഗ്രാമപഞ്ചായത്തിലും ഒരെണ്ണമെങ്കിലും സ്ഥാപിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ഇതിലേക്കായി അനുയോജ്യമായ സ്ഥലം കണ്ടെത്തി ദുരന്ത നിവാരണ അതോറിറ്റിയെ അറിയിച്ചാൽ റീബിൽഡ് കേരള ഇനിഷ്യേറ്റീവ് മുഖാന്തരം ഫണ്ട് ലഭ്യമാക്കുന്നതാണെന്നും പ്രസ്തുത സർക്കാർ ഉത്തരവിൽ നിഷ്കർഷിച്ചിട്ടുണ്ട്. ചെമ്മരുതി ഗ്രാമപഞ്ചായത്ത് ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (09 വെതർ സ്റ്റേഷൻ സ്ഥാപിക്കുന്നതിന് അനുയോജ്യമായ സ്ഥലം കണ്ടെത്തി ദുരന്ത നിവാരണ

അതോറിറ്റിയെ അറിയിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന് സെക്രട്ടറി മറുപടി നൽകി വെതർ സ്റ്റേഷൻ നിർമ്മിക്കാനുള്ള തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-28 ലൈബ്രറി സെസ് - യഥാസമയം അടവാക്കുന്നില്ല

20-09-2005 -ലെ സർക്കുലർ നമ്പർ 10088/എൽ3/05/ത.സ്വ.ഭ.വ പ്രകാരം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ ഒരോ വർഷവും ലൈബ്രറി സെസ്സ് ഇനത്തിൽ പിരിക്കുന്ന തുക രണ്ടു ഗഡുക്കളായി ലൈബ്രറി കൗൺസിലിന് അടവാക്കേണ്ടതുണ്ട്. ആദ്യഗഡു ഏപ്രിൽ 30 – നകവും രണ്ടാമത്തെ ഗഡു നവംബർ 30 - നകവുമാണ് അടവാക്കേണ്ടത്. 2022- 23 വാർഷിക ധനകാര്യ പത്രിക ബാലൻസ് ഷീറ്റ് ബി-9 ഷെഡ്യൂൾ ഹെഡ് കോഡ് 350300101 പ്രകാരം ലൈബ്രറി സെസ്സ് ഇനത്തിൽ 1,74,184/- രൂപ അടവാക്കുവാനുണ്ടായിരുന്നു തൻവർഷം പ്രസ്തുത ഇനത്തിൽ 2,01,357/- രൂപ വരവ് ലഭിച്ചിട്ടുണ്ട്. ആകെ തുക 3,75,541/- രൂപ. തൻവർഷം സർക്കാർ നിർദ്ദേശ പ്രകാരം നിശ്ചിത ഇടവേളകളിൽ ലൈബ്രറി സെസ് അടവാക്കിയിട്ടില്ല. ലൈബ്രറി സെസ് തുക യഥാസമയം ലൈബ്രറി കൗൺസിലിൽ അടവാക്കാതെ തനത് ഫണ്ടിൽ സൂക്ഷിച്ചിരിക്കുന്നത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (43/26.11.2024) 2022-23, 2023-24 സാമ്പത്തിക വർഷങ്ങളിലെ ലൈബ്രറി സെസ് 2024-25 സാമ്പത്തികവർഷം ഒടുക്കിയതായി അറിയിച്ചു. ഭാവിയിൽ നിശ്ചിത ഇടവേളകളിൽ ലൈബ്രറി സെസ് ഒടുക്കേണ്ടതാണ്.

## 1-29 വെള്ളക്കരം അടവാക്കൽ- തുടർ നടപടി സ്വീകരിക്കേണ്ടതാണ്.

| | | |
|---|---|---|
| പദ്ധതി നം. | 4/23-24 | |
| പ്രോജക്ടിന്റെ പേര് | കേരള വാട്ടർ അതോറിറ്റിക്ക് വെള്ളക്കരം അടവാക്കൽ | |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി | |
| അടങ്കൽ | 10,36,999/- (ധനകാര്യ കമ്മീഷൻ അവാർഡ്) | |
| | 50,00,000/- (തനത് ഫണ്ട്) | |
| ചെലവ് | 0 (ധനകാര്യ കമ്മീഷൻ അവാർഡ്) | |
| | 22,26,315/-(തനത് ഫണ്ട്) | |
| ബിൽ നം. | 445263 | 144/05-08-2023 |
| | 445263 | 262/01-11-2023 |
| | 445263 | 629/21-02-2024 |
| | 445263 | 632/24-02-2024 |
| | 445263 | 711/21-03-2024 |

ചെമ്മരുതി ഗ്രാമപഞ്ചായത്തിന്റെ വിവിധ മേഖലകളിൽ കേരള വാട്ടർ അതോറിറ്റി സ്ഥാപിച്ചിട്ടുള്ള പൊതുടാപ്പുകളിലൂടെ കുടിവെള്ളം വിതരണം ചെയ്യുന്ന വകയിൽ കുടിവെള്ളക്കരം അടവാക്കുന്നതിനായാണ് പ്രോജക്ട് രൂപീകരിച്ചത്. സെക്രട്ടറി നിർവ്വഹണം നടത്തിയ പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു

1) Street ടാപ്പുകളുടെ വാട്ടർ ചാർജ് തുക അടവാക്കൽ എന്ന ഈ പദ്ധതി വഴി 2023 -24 സാമ്പത്തിക വർഷത്തിൽ 22,26,315/- രൂപ വാട്ടർ അതോറിറ്റിക്ക് നൽകിയിട്ടുണ്ട്. ഇപ്രകാരം ഒടുക്കിയ തുകയ്ക്ക് വാട്ടർ അതോറിറ്റിയിൽ നിന്നും രസീത് ലഭിച്ചിട്ടില്ല.

2) വാട്ടർ ചാർജ്ജ് ഒടുക്കുന്നതുമായി ബന്ധപ്പെട്ട് പ്രത്യേക രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല (ഓഡിറ്റ് എൻക്വയറി നം.14/21.11.2024). നിലവിൽ വാട്ടർ ചാർജ്ജ് ഒടുക്ക് സംബന്ധിച്ച് പ്രത്യേക രജിസ്റ്റർ പരിപാലിച്ചിട്ടില്ലെന്നും ഓഡിറ്റ് നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത രജിസ്റ്റർ എഴുതി കാലികമാക്കി സൂക്ഷിക്കുന്നതാണെന്നും മറുപടിയിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

3) 2023-2024 വർഷത്തെ ഫയലിൽ സൂക്ഷിച്ചിട്ടുള്ള ജല അതോറിറ്റിയുടെ ഡിമാൻഡ് നോട്ടീസിലെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | Closing Balance Of Previous Month | Fine | Demand For The Month | Amount Payable |
|---|---|---|---|---|
| 2023 സെപ്റ്റംബർ | 3068220 | 60181 | 445263 | 3573664 |
| 2023 നവംബർ | 4089197 | 80379 | 445263 | 4614839 |
| 2023 മെയ് | 1553149 | 30637 | 445263 | 2029049 |
| 2023 ജൂലൈ | 2514280 | 49486 | 445263 | 3009029 |
| 2023 ഒക്ടോബർ | 3573664 | 70270 | 445263 | 4089197 |

2023 മെയ് മുതലുള്ള മാസത്തെ ഡിമാന്റ് നോട്ടീസുകളിലും കുടിശ്ശികയിന്മേലുള്ള പലിശ ഉൾപ്പെടെയുള്ള തുകയാണ് വാട്ടർ അതോറിറ്റി ഡിമാന്റ് ചെയ്തിരിക്കുന്നത്.

4) KWA, KSEB എന്നിവയ്ക്ക് നല്കാനുള്ള തുക ഗ്രാമ പഞ്ചായത്തുകളുടെ തനത് വരുമാനം/ General Purpose Fund എന്നിവയിൽ നിന്നും നല്കേണ്ട ആദ്യ ഇനം ആക്കേണ്ടതാണെന്ന് സ.ഉ(എം.എസ്) 119/2022/LSGD തീയതി 06/06/2022

ഉത്തരവിൽ വ്യക്തമാക്കിയിട്ടുള്ളതാണ്. കൂടാതെ തുക അടയ്ക്കുന്നതിൽ അകാരണമായി വരുന്ന കാലതാമസത്തിനുള്ള പിഴ സെക്രട്ടറിയുടെ വ്യക്തിപരമായ ബാധ്യത ആയിരിക്കുമെന്നും വ്യക്തമാക്കിയിട്ടുണ്ട്.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(14/21-11-2024) നിലവിൽ തുക അടവാക്കുന്നത് ഓൺലൈൻ ആയിട്ട് ആയതിനാൽ രസീത് ലഭിക്കുന്നില്ലെന്നും രസീത് അടിയന്തിരമായി ലഭ്യമാക്കി ഓഡിറ്റിനെ അറിയിക്കുന്നതാണെന്നും സെക്രട്ടറി മറുപടിയിൽ രേഖപ്പെടുത്തിയിരിക്കുന്നു. ചെമ്മരുതി ഗ്രാമപഞ്ചായത്തിലെ 10/2024 വരെയുള്ള വാട്ടർ ചാർജ് അടവാക്കിയിട്ടുള്ളതും കുടിശ്ശിക ഇല്ലാത്തതുമാണെന്നും ഡിമാന്റ് നോട്ടീസിൽ രേഖപ്പെടുത്തിയിരിക്കുന്ന ഫൈൻ സംബന്ധിച്ച് വ്യക്തതയ്ക്കായി 21/11/2024 ൽ വാട്ടർ അതോറിറ്റിക്ക് കത്തയച്ചിട്ടുണ്ടെന്നും സെക്രട്ടറി മറുപടിയിൽ വിശദീകരിച്ചിട്ടുണ്ട്.
പ്രസ്തുത വിഷയം (വാട്ടർ ചാർജ്ജിനത്തിൽ കുടിശ്ശിക) വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടറുടെ ശ്രദ്ധയിൽപ്പെടുത്തേണ്ടതും ഒടുക്ക് വരുത്തിയ തുകയുടെ രസീത്, വാട്ടർ ചാർജ്ജ് അടവ് സംബന്ധിച്ച രജിസ്റ്റർ എന്നിവ ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.

## 1-30 എം.ജി.എൻ.ആർ.ഇ.ജി.എസ് ഭരണചെലവുകൾക്കായി നൽകുന്ന മുൻകൂർ തുകകൾ യഥാസമയം റീകൂപ്പ് ചെയ്യുന്നില്ല.

എം.ജി.എൻ.ആർ.ഇ.ജി.എസ് ഭരണചെലവുകൾക്ക് വേണ്ടിയുള്ള തുക തനത് ഫണ്ടിൽ നിന്ന് മുൻകൂർ നൽകുകയും അഡ്മിൻ ഫണ്ട് ലഭിക്കുന്ന മുറയ്ക്ക് തനത് ഫണ്ടിലേയ്ക്ക് റീക്കൂപ്പ് ചെയ്യുകയുമാണ് ചെയ്തുവരുന്നത്. 01.04.2023 -ൽ തനത് ഫണ്ടിലേയ്ക്ക് റീക്കൂപ്പ് ചെയ്യാൻ അവശേഷിച്ച തുക 14,98,989/- രൂപയാണ്. അഡ്മിൻ ഫണ്ട് ലഭിക്കുന്ന കേരള ഗ്രാമീൺ ബാങ്ക് 40351101085646 അക്കൗണ്ടിൽ 31.03.2023 -ൽ 6,79,143/- രൂപ നീക്കിയിരിപ്പുണ്ടായിരുന്നു. തൻവർഷം 31/12/2023 ൽ 6,42,000/- രൂപ അഡ്മിൻ ഫണ്ട് ക്രെഡിറ്റ് ആയി. പ്രസ്തുത തുകകളും പലിശയും ഉൾപ്പെടെ 13,34,209/- രൂപ 04/03/2024 -ൽ മാത്രമാണ് തനത് ഫണ്ടിലേയ്ക്ക് റീക്കൂപ്പ് ചെയ്തത്. ലഭിക്കുന്ന അഡ്മിൻ ഫണ്ട് യഥാസമയം തനത് ഫണ്ടിലേയ്ക്ക് റീക്കൂപ്പ് ചെയ്യാത്തത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (57/21.07.2024) മറുപടിയായി നിലവിൽ എം.ജി.എൻ.ആർ.ഇ.ജി.എസ് ഭരണചെലവുകൾക്കായി ലഭിച്ച മുഴുവൻ തുകയും തനത് ഫണ്ടിലേയ്ക്ക് റീക്കൂപ്പ് ചെയ്തിട്ടുണ്ടെന്ന് അറിയിച്ചു. വരും വർഷങ്ങളിൽ അപാകം ഒഴിവാക്കേണ്ടതാണ്.

## 1-31 പഠനമുറി നിർമ്മാണം- പൂർത്തീകരണ വിവരം ലഭ്യമാക്കേണ്ടതാണ്.

| | | |
|---|---|---|
| പ്രോജക്ട് നമ്പർ | S0027/24 | |
| പ്രോജക്ടിന്റെ പേര് | എസ്.സി. വിദ്യാർത്ഥികൾക്ക് പഠന മുറി | |
| അടങ്കൽ | 35,80,100/-വികസന ഫണ്ട് (എസ്.സി.പി)<br>19900/- തനത് ഫണ്ട്<br>ആകെ 36,00,000/- | |
| ചെലവ് | 17,60,000/- (വികസന ഫണ്ട്- എസ്.സി.പി) | |
| തുക/ബിൽ നമ്പർ | 200000 | 161/18-08-2023 |
| | 50000 | 171/18-08-2023 |
| | 50000 | 203/14-09-2023 |
| | 350000 | 202/08-09-2023 |
| | 60000 | 218/06-10-2023 |
| | 60000 | 220/09-10-2023 |
| | 120000 | 235/17-10-2023 |
| | 180000 | 344/13-11-2023 |
| | 90000 | 471/12-12-2023 |
| | 60000 | 480/16-12-2023 |
| | 60000 | 491/22-12-2023 |
| | 60000 | 540/09-01-2024 |
| | 60000 | 541/10-01-2024 |
| | 60000 | 581/31-01-2024 |
| | 60000 | 585/01-02-2024 |
| | 60000 | 592/02-02-2024 |
| | 60000 | 599/05-02-2024 |
| | 60000 | 600/05-02-2024 |
| | 60000 | 605/06-02-2024 |
| നിർവ്വഹണം | അസി.സെക്രട്ടറി | |

അസി. സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി 2023-24 വർഷത്തെ പദ്ധതിയിൽ ഉൾപ്പെടുത്തി 1[illegible] ഗുണഭോക്താക്കൾക്ക് പഠന മുറി നിർമ്മാണത്തിന് പ്രോജക്ട് ആവിഷ്കരിച്ചതിൽ 6 ഗുണഭോക്താക്കൾ 2023-24

സാമ്പത്തിക വർഷത്തിലും 6 ഗുണഭോക്താക്കൾ ഓഡിറ്റ് തീയതി വരെയും (29/11/2024) പഠന മുറി നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്. 2023-24 സാമ്പത്തിക വർഷത്തിൽ ആവിഷ്കരിച്ച പ്രോജക്ടിൽ ഇനിയും 5 ഗുണഭോക്താക്കൾ പ്രവൃത്തി പൂർത്തിയാക്കാൻ അവശേഷിക്കുന്നു. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 36) ഈ സാമ്പത്തിക വർഷം തന്നെ എല്ലാ ഗുണഭോക്താക്കളും പഠന മുറി നിർമ്മാണം പൂർത്തിയാക്കാൻ വേണ്ട നടപടി സ്വീകരിക്കുന്നതാണെന്ന് അസി.സെക്രട്ടറി മറുപടി ലഭ്യമാക്കി. പഠനമുറി നിർമ്മാണം പൂർത്തീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-32 ഗ്രാമസഭ യോഗം ചേരൽ - സർക്കാർ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം, 1995 ലെ കേരളാ പഞ്ചായത്ത് രാജ് (ഗ്രാമസഭകളുടെ യോഗം വിളിച്ചുകൂട്ടുന്നതിനും നടത്തുന്നതിനുമുള്ള നടപടി) ചട്ടങ്ങൾ എന്നിവ പ്രകാരമുള്ള നിർദ്ദേശങ്ങൾ പൂർണമായും പാലിക്കാതെയാണ് പല ഗ്രാമസഭാ യോഗങ്ങളും നടത്തിയിരിക്കുന്നതെന്ന് കാണുന്നു. 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 3 (3) പ്രകാരം ഗ്രാമസഭ കുറഞ്ഞ പക്ഷം 3 മാസത്തിലൊരിക്കലെങ്കിലും യോഗം ചേരേണ്ടതാണ്. എന്നാൽ പഞ്ചായത്തിൽ 2023-24 സാമ്പത്തിക വർഷത്തിൽ ഗ്രാമസഭാ സംഘാടനത്തിൽ പ്രസ്തുത സമയനിബന്ധന പാലിക്കപെട്ടിട്ടില്ല. ആകെ രണ്ട് പ്രാവശ്യം മാത്രമാണ് ഗ്രാമസഭ ചേർന്നത്. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| വാർഡിന്റെ പേര്, നമ്പർ, പേര് | ഗ്രാമസഭ മിനിട്സിന്റെ പരിശോധനയിൽ കണ്ടെത്തിയ അപാകത |
|---|---|
| XII, തോക്കാട് | 04/06/2023, 28/12/2023 എന്നീ തീയതികളിൽ മാത്രമാണ് യോഗം ചേർന്നിട്ടുള്ളത്. 28/12/2023 ൽ ചേർന്ന യോഗത്തിന്റെ തീരുമാനങ്ങൾ പൂർണ്ണമായും നാളിതുവരെയും രേഖപ്പെടുത്തി മിനിട്ട്സ് ക്ലോസ് ചെയ്യിട്ടില്ല. 2024-25 സാമ്പത്തിക വർഷത്തിൽ 23/07/2024 ൽ ചേർന്ന യോഗത്തിന്റെ തീരുമാനങ്ങളും പൂർണ്ണമായും രേഖപ്പെടുത്തുകയോ ക്ലോസ് ചെയ്യുകയോ ചെയ്യിട്ടില്ല. |
| XI, തറട്ട | 04/06/2023, 27/12/2023 എന്നീ തീയതികളിൽ മാത്രമാണ് യോഗം ചേർന്നിട്ടുള്ളത്. 27/12/2023 ൽ ചേർന്ന യോഗത്തിന്റെ തീരുമാനങ്ങൾ പൂർണ്ണമായും നാളിതുവരെയും രേഖപ്പെടുത്തി മിനിട്ട്സ് ക്ലോസ് ചെയ്യിട്ടില്ല. |
| XV, തച്ചോട് | 03/06/2023, 29/12/2023 എന്നീ തീയതികളിൽ മാത്രമാണ് യോഗം ചേർന്നിട്ടുള്ളത്. 29/12/2023 ൽ ഗ്രാമസഭ ഏത് ആവശ്യത്തിലേക്കായി ചേർന്നു എന്ന് ആമുഖത്തിൽ പരാമർശിച്ചിട്ടില്ല. അന്നേ ദിവസം ചേർന്ന യോഗത്തിന്റെ മിനിട്ട്സ് തീരുമാനങ്ങൾ പൂർണ്ണമായും രേഖപ്പെടുത്തി ക്ലോസ് ചെയ്യിട്ടില്ല. |
| II, പാളയംകുന്ന് | 29/05/2023, 26/12/2023 എന്നീ തീയതികളിൽ മാത്രമാണ് യോഗം ചേർന്നത്. 26/12/2023 ൽ ചേർന്ന മിനിട്ട്സ് ക്ലോസ് ചെയ്യിട്ടില്ല |

സെക്ഷൻ 3 (6)മുൻവർഷത്തെ വാർഷിക കണക്കുകളുടെ ഒരു സ്റ്റേറ്റ്മെന്റും ഭരണ നിർവ്വഹണത്തിന്റെ ഒരു റിപ്പോർട്ടും ഒരു വർഷത്തിലെ ആദ്യ യോഗത്തിൽ ഗ്രാമസഭ മുൻപാകെ ഗ്രാമപഞ്ചായത്ത് വയ്ക്കേണ്ടതാണ്. എന്നാൽ പ്രസ്തുത നടപടിക്രമവും അനുവർത്തിച്ച് കാണുന്നില്ല.

മേൽ അപാകതകളിന്മേൽ വിശദീകരണം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയതിന്റെ അടിസ്ഥാനത്തിൽ (39/26-11-2024) മേൽ പരാമർശിച്ച മിനിട്ട്സുകളെല്ലാം ക്ലോസ് ചെയ്ത് ഓഡിറ്റിന് ലഭ്യമാക്കി. വരും വർഷങ്ങളിൽ കൃത്യമായ ഇടവേളകളിൽ ഗ്രാമസഭ യോഗം ചേരുന്നതാണെന്നും സെക്ഷൻ 3 (6)മുൻവർഷത്തെ വാർഷിക കണക്കുകളുടെ ഒരു സ്റ്റേറ്റ്മെന്റും ഭരണ നിർവ്വഹണത്തിന്റെ ഒരു റിപ്പോർട്ടും വർഷാദ്യ ഗ്രാമസഭയിൽ ചർച്ച ചെയ്യുന്നതാണെന്നും സെക്രട്ടറി ലഭ്യമാക്കി. ഗ്രാമസഭ സംഘാടനം സംബന്ധിച്ച് 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം, 1995 ലെ കേരളാ പഞ്ചായത്ത് രാജ് (ഗ്രാമസഭകളുടെ യോഗം വിളിച്ചുകൂട്ടുന്നതിനും നടത്തുന്നതിനുമുള്ള നടപടി) ചട്ടങ്ങൾ എന്നിവയിൽ പരാമർശിച്ചിട്ടുള്ള നിർദ്ദേശങ്ങൾ കൃത്യമായി വരും വർഷങ്ങളിൽ പാലിക്കേണ്ടതാണ്.

## 1-33 ലൈഫ് ഭവന പദ്ധതി - പൊതു അപാകങ്ങൾ

| ക്രമ നം. | 1 | 2 | 3 | 4 | 5 | 6 |
|---|---|---|---|---|---|---|
| പ്രോജക്ട് നമ്പർ | 154/24 | 204/24 | 209/24 | 148/24 | 201/24 | 205/24 |
| പ്രോജക്ടിന്റെ പേര് | ലൈഫ് ഭവന നിർമ്മാണം 2023-24 പട്ടിക ജാതി | ലൈഫ് മിഷൻ (ജനറൽ) (SO) | ലൈഫ് മിഷൻ (SCP) (SO) | ലൈഫ് ഭവന നിർമ്മാണം 2023-24 | ലൈഫ് ഭവന നിർമ്മാണം 2022-23 (ജനറൽ) (സ്പിൽ ഓവർ) | ലൈഫ് ഭവന നിർമ്മാണം 2022-23 (SC) (സ്പിൽ ഓവർ) |

| | | | | | | |
|---|---|---|---|---|---|---|
| അടങ്കൽ | 4,08,00,000 | 6,17,30,500 | 2,71,49,377 | 4,00,00,000 | 38,80,000 | 3,26,00,030 |
| ചെലവ് | 1,25,69,000 | 5,20,000 | 29,80,000 | 67,20,000 | 6,80,000 | 2,33,40,000 |
| നിർവ്വഹണം | **വി.ഇ.ഒ സർക്കിൾ 1** | | | | | |

ലൈഫ് പദ്ധതി നിർവഹണത്തിലെ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1) സ.ഉ(എം.എസ്.)34/2018/തസ്വഭവ തീ.16/03/2018 ഉത്തരവ് പ്രകാരമുള്ള മാർഗരേഖയിലെ ഖണ്ഡിക 5 പ്രകാരം ഭവന നിർമ്മാണം ആരംഭിക്കുന്നതിന് മുമ്പായി ഗുണഭോക്താവ് ഉത്തരവിലെ അനുബന്ധം 3 ലെ വ്യവസ്ഥകൾ പ്രകാരം ഗ്രാമപഞ്ചാത്തുമായി കരാർ ചമയേക്കണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട് ഗുണഭോക്താക്കളുമായി കരാർ ചമച്ചിട്ടുണ്ടെങ്കിലും കരാറുകളിൽ നിബന്ധനകൾ ഒന്നും തന്നെ രേഖപ്പെടുത്തിയിട്ടില്ല.

ഉദാഹരണം - ക്രമ നം. (4) പ്രകാരമുള്ള പ്രോജക്ടിന്റെ ഗുണഭോക്താക്കൾ സമർപ്പിച്ച കരാറുകളിൽ രേഖപ്പെടുത്തലും സാക്ഷ്യപ്പെടുത്തലും (കക്ഷികൾ, സാക്ഷികൾ) ഇല്ല.

അപാകം വരും വർഷങ്ങളിൽ ആവർത്തിക്കില്ലായെന്ന് ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (56/29.11.2024) മറുപടി ലഭ്യമാക്കി.

2) മേൽ ഉത്തരവ് പ്രകാരമുള്ള മാർഗരേഖയിലെ ഖണ്ഡിക 8 പ്രകാരം ലൈഫ് മിഷൻ പദ്ധതി പ്രകാരമുള്ള ഭവനങ്ങൾക്ക് കെട്ടിട നിർമ്മാണ അനുമതി ആവശ്യമാണ്. ക്രമ നം. 2, 3 പ്രകാരമുള്ള പ്രോജക്ടുകളുടെ ഗുണഭോക്താക്കളുടെ ആരുടെയും ഭവന നിർമ്മാണത്തിന്റെ പെർമിറ്റ് ഫയലിൽ സൂക്ഷിച്ചിട്ടില്ല. കെട്ടിട നിർമ്മാണ അനുമതി പ്രത്യേകം ഫയലിൽ സൂക്ഷിച്ചിട്ടുണ്ടെന്ന് ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (56/29.11.2024) മറുപടി ലഭ്യമാക്കി. പദ്ധതിയുമായി ബന്ധപ്പെട്ട രേഖകൾ ഒരുമിച്ച് സൂക്ഷിക്കേണ്ടതും പരിശോധനാവേളയിൽ ആയവ സമർപ്പിക്കേണ്ടതുമാണ്.

3) മേൽ ഉത്തരവ് പ്രകാരമുള്ള മാർഗരേഖ പ്രകാരം ഭവന നിർമ്മാണത്തിന്റെ ഓരോ ഘട്ടവും പൂർത്തീകരിക്കുന്ന മുറയ്ക്ക് ഗുണഭോക്താവ് സ്റ്റേജ് റിപ്പോർട്ട് (അനുബന്ധം 4) നിർവഹണ ഉദ്യോഗസ്ഥന് സമർപ്പിക്കേണ്ടതും നിർവഹണ ഉദ്യോഗസ്ഥൻ ഭവന നിർമ്മാണം പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയ ശേഷം തുക അനുവദിക്കേണ്ടതുമാണ്. എന്നാൽ 2023-24 വർഷം നടപ്പാക്കിയ പ്രോജക്ടിൽ ഗുണഭോക്താക്കൾ ഭവന നിർമ്മാണത്തിന്റെ വിവിധ സ്റ്റേജ് സർട്ടിഫിക്കറ്റ് സമർപ്പിക്കുകയോ സർട്ടിഫിക്കറ്റുകൾ നിർവഹണ ഉദ്യോഗസ്ഥൻ പരിശോധിച്ച് സാക്ഷ്യപ്പെടുത്തുകയോ ചെയ്തിട്ടില്ല

ഉദാഹരണം - ക്രമ നം. (3) പ്രകാരമുള്ള പ്രോജക്ടിന്റെ ഗുണഭോക്താക്കളായ സുലേഖ, പണയിൽ വീട് മുട്ടപ്പലം, അജിത്, പുതുവൽവീട്, ആറാട്ട് റോഡ് എന്നീ ഗുണഭോക്താക്കളുടെ സാക്ഷ്യപ്പെടുത്തിയ സ്റ്റേജ് സർട്ടിഫിക്കറ്റുകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

അപാകം വരും വർഷങ്ങളിൽ ആവർത്തിക്കില്ലായെന്ന് ഓഡിറ്റ് അന്വേഷണക്കുറിപ്പിന് ( 56/29.11.2024) മറുപടി ലഭ്യമാക്കി.

4) സ.ഉ.(സാധാ)നം. 3218/2018/തസ്വഭവ തീ.21.12.2018 പ്രകാരം ഭൂമിയുള്ള ഭവന രഹിതർക്ക് ഭവന നിർമ്മാണത്തിനുള്ള സഹായം 40,000(10%), 1,60,000(40%), 1,00,000(25%), 1,00,000(25%) എന്നിങ്ങനെയാണ് അനുവദിച്ചു നൽകേണ്ടത്. കരാർ ചമയ്ക്കുമ്പോൾ അഡ്വാൻസായി 10% തുകയും ബേസ്മെന്റ് പൂർത്തീകരണത്തിന് ശേഷം 40% തുകയും ലിന്റൽ മട്ടം പൂർത്തീകരിക്കുമ്പോൾ 25% തുകയും ഭവന നിർമ്മാണം പൂർത്തീകരിക്കുമ്പോൾ ബാക്കി 25% തുകയും വീതമാണ് വിതരണം ചെയ്യേണ്ടത്. എന്നാൽ മേൽ വ്യവസ്ഥകൾ പാലിക്കാതെ ഓരോ ഗുണഭോക്താവിനും വ്യത്യസ്ത തുകകളാണ് വിവിധ ഗഡുക്കളായി 2023-24 വർഷത്തിൽ പദ്ധതി പ്രകാരം അനുവദിച്ചിട്ടുള്ളത്.യഥാസമയം ഫണ്ട് ലഭ്യമാകാത്തതാണ് അപാകത്തിന് കാരണമായി വിശദീകരിച്ചത്.

5) തദ്ദേശ സ്വയംഭരണവകുപ്പിന്റെ 18.02.2019 ലെ LSGD-DB1/752/2018/ - LSGD നമ്പർ സർക്കുലർ പ്രകാരം ലൈഫ് ഭവന പദ്ധതിയ്ക്കുള്ള 4,00,000/- രൂപയിൽ 80,000/- രൂപ തദ്ദേശസ്വയംഭരണ വിഹിതവും, 1,00,000/- രൂപ സംസ്ഥാന സർക്കാർ വിഹിതവും, 2,20,000/- രൂപ ലോണുമാണ്. ഗുണഭോക്താക്കൾക്ക് 4,00,000/- രൂപ അനുവദിക്കുന്നുണ്ടെങ്കിലും ഓരോ ഗുണഭോക്താക്കൾക്കും വ്യത്യസ്ത നിരക്കുകളിലാണ് ഫണ്ട് അനുവദിച്ചിട്ടുള്ളത്. ഫണ്ടിന്റെ അപര്യാപ്തത ഉള്ളതിനാൽ ഗുണഭോക്താക്കൾ നിർമ്മാണഘട്ടങ്ങൾ പൂർത്തികരിക്കുന്ന മുറയ്ക്ക് നിലവിലുള്ള ഫണ്ട് നൽകുന്ന രീതിയാണ് തുടർന്നുവരുന്നതെന്ന് അറിയിച്ചു.

6) ലൈഫ് മിഷൻ സർക്കുലർ നമ്പർ.ലൈഫ്/എൽ.എഫ്.2/511/2018 തീ.13.04.2018 പ്രകാരം ഭവന നിർമ്മാണത്തിന്റെ ആദ്യഗഡു കൈപ്പറ്റി ആറ് മാസത്തിനകം നിർമ്മാണം പൂർത്തീകരിക്കണം എന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ താഴെപ്പറയുന്ന ഗുണഭോക്താക്കൾ ഭവന പദ്ധതിയുടെ ആദ്യ ഗഡു വിവിധ വർഷങ്ങളിൽ കൈപ്പറ്റിയെങ്കിലും ഭവന നിർമ്മാണം നാളിതുവരെ പൂർത്തീകരിച്ചിട്ടില്ല.

| ക്രമ നം | പേര്, വിലാസം | വിഭാഗം | ആദ്യഗഡു കൈപ്പറ്റിയ തീയതി | ആകെ കൈപ്പറ്റിയ തുക | നിലവിലെ സ്ഥിതി (56/29.11.2024 മറുപടി ) |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 1 | അഞ്ജലി, കല്ലാഴിയിൽ വീട്, തോക്കാട് പി.ഒ | പട്ടിക ജാതി | 29/03/2021 | 40,000 | ബേസ്മെന്റ് പൂർത്തീകരിച്ചില്ല |
| 2 | വിഷ്ണുപ്രിയ, പനച്ചവിള വീട്, മുട്ടപ്പലം പി.ഒ | പട്ടിക ജാതി | 22/02/2022 | 40,000 | ബേസ്മെന്റ് പൂർത്തീകരിച്ചില്ല |
| 3 | സജീവ്, ചാലിൽ പുത്തൻ വീട് | പട്ടിക ജാതി | 12/07/2022 | 40,000 | ഭവന നിർമ്മാണം തുടങ്ങിയില്ല |
| 4 | സതി, സംഗീത ഭവൻ, മുട്ടപ്പലം പി.ഒ | പട്ടിക ജാതി | 12/07/2022 | 40,000 | ഭവന നിർമ്മാണം തുടങ്ങിയില്ല |
| 5 | ജയൻ, വാസന്തിവിലാസം, ചാവടിമുക്ക് | പട്ടിക ജാതി | 20/02/2023 | 40,000 | ഗുണഭോക്താവ് മരണപ്പെട്ടു |
| 6 | നിഷ, കളിയിൽ വീട്, കുന്നത്തുമല | പട്ടിക ജാതി | 19/08/2023 | 40,000 | ഭവന നിർമ്മാണം തുടങ്ങിയില്ല |
| 7 | ജൂലി, പള്ളിയമ്പിൽ വീട്, തോക്കാട് | പട്ടിക ജാതി | 06/11/2023 | 40,000 | ഭവന നിർമ്മാണം തുടങ്ങിയില്ല |
| 8 | സുരേഷ് ബാബു, കല്ലുകുന്ന് പുത്തൻവീട്, വണ്ടിപ്പുര | പട്ടിക ജാതി | 06/11/2023 | 40,000 | ഭവന നിർമ്മാണം തുടങ്ങിയില്ല |
| 9 | ഷീബ. എസ്, കുന്നുവിള വീട്, മുട്ടപ്പലം (പി.ഒ) | പട്ടിക ജാതി | 13/12/2023 | 40,000 | ബേസ്മെന്റ് പൂർത്തീകരിച്ചു |

ഭവന നിർമ്മാണത്തിന്റെ ആദ്യ ഗഡു കൈപ്പറ്റി നാളിതുവരെ നിർമ്മാണം ആരംഭിക്കാത്ത ഗുണഭോക്താക്കളുടെ ഭവനനിർമ്മാണം ആരംഭിക്കുന്നതിനു വേണ്ടിയുള്ള നടപടികൾ സ്വീകരിക്കുന്നതിലേയ്ക്കായി ഭരണസമിതിയുടെ സജീവ ശ്രദ്ധ ക്ഷണിക്കുന്നു. ഭവന നിർമ്മാണം പൂർത്തീകരിക്കുന്നതിന് ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുമായി സംയോജന സാദ്ധ്യത പരിഗണിക്കേണ്ടതും മേൽ ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം പൂർത്തീകരിച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതുമാണ്. കൂടാതെ പദ്ധതി നിർവഹണത്തിലെ മറ്റ് അപാകങ്ങൾ വരും വർഷങ്ങളിൽ ഒഴിവാക്കേണ്ടതാണ്.

## 1-34-1 ലൈഫ് ഭവന നിർമ്മാണം 2023-24 (പട്ടികജാതി) - അധികമായി അനുവദിച്ച 2,60,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | | | |
|---|---|---|---|
| പ്രോജക്ട് നമ്പർ | 154/24 | | |
| പ്രോജക്ടിന്റെ പേര് | ലൈഫ് ഭവന നിർമ്മാണം 2023-24 (പട്ടിക ജാതി) | | |
| അടങ്കൽ | 4,08,00,000 | വികസന ഫണ്ട് എസ്.സി.പി | 28,69,000 |
| | | സംസ്ഥാന ആവിഷ്കൃത ഫണ്ട് | 1,00,00,000 |
| | | ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 32,95,500 |
| | | മറ്റ് ജില്ലാപഞ്ചായത്ത് വിഹിതം | 26,35,500 |
| | | മറ്റുള്ളവ | 2,20,00,000 |
| ചെലവ് | 1,25,69,000 | വികസന ഫണ്ട് എസ്.സി.പി | 20,69,000 |
| | | സംസ്ഥാന ആവിഷ്കൃത ഫണ്ട് | 49,00,000 |
| | | ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 15,60,000 |
| | | മറ്റ് ജില്ലാപഞ്ചായത്ത് വിഹിതം | 12,80,000 |
| | | മറ്റുള്ളവ | 27,60,000 |
| ബിൽ നമ്പർ | വികസനഫണ്ട് എസ്.സി.പി | 105/13.07.2023 തുക 2,40,000/-<br>175/19.08.2023 തുക 4,80,000/-<br>215/29.09.2023 തുക 2,00,000/-<br>216/29.09.2023 തുക 80,000/- | |

| | | |
|---|---|---|
| | | 222/10.10.2023 തുക 80,000/-<br>223/10.10.2023 തുക 40,000/-<br>224/10.10.2023 തുക 80,000/-<br>225/10.10.2023 തുക 40,000/-<br>226/10.10.2023 തുക 80,000/-<br>227/10.10.2023 തുക 40,000/-<br>228/10.10.2023 തുക 40,000/-<br>273/06.11.2023 തുക 40,000/-<br>274/06.11.2023 തുക 1,20,000/-<br>379/21.11.2023 തുക 2,00,000/-<br>442/06.12.2023 തുക 40,000/-<br>444/06.12.2023 തുക 80,000/-<br>474/13.12.2023 തുക 40,000/-<br>508/28.12.2023 തുക 1,20,000/-<br>509/28.12.2023 തുക 29,000/- |
| | സംസ്ഥാന ആവിഷ്കൃത ഫണ്ട് | 249/26.10.2023 തുക 5,00,000/-<br>494/26.12.2023 തുക 3,00,000/-<br>644/27.02.2024 തുക 27,00,000/-<br>671/12.03.2024 തുക 11,00,000/-<br>672/12.03.2024 തുക 3,00,000/- |
| | ബ്ലോക്ക് പഞ്ചായത്ത് വിഹിതം (BRN) | 2301075205910083100 തീയതി 26.12.2023 തുക 12,80,000/-<br>2301075205910100 2815 തീയതി 28.12.2023 തുക 1,60,000/-<br>23010752059101031407 തീയതി 06.01.2024 തുക 1,20,000/- |
| | ജില്ലാപഞ്ചായത്ത് വിഹിതം (BRN) | 23010752059101002820 തീയതി 28.12.2023 തുക 10,40,000/-<br>23010752059101031400 തീയതി 06.01.20204 തുക 2,40,000/- |
| | ലോൺ | 91/16.07.2023 തുക 40,000/-<br>241/18.10.2023 തുക 1,60,000/-<br>260/29.10.2023 തുക 8,00,000/-<br>445/06.12.2023 തുക 3,20,000/-<br>835/25.03.2024 തുക 14,40,000/- |
| നിർവ്വഹണം | **വി.ഇ.ഒ സർക്കിൾ 1** | |

പ്രോജക്ട് ഫയൽ, അക്വിറ്റൻസ് രജിസ്റ്റർ, അനുബന്ധരേഖകൾ എന്നിവ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന ഗുണഭോക്താക്കൾക്ക് 4,00,000/- രൂപയ്ക്ക് മുകളിൽ ആനുകൂല്യം അനുവദിച്ചതായി കാണുന്നു വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പേര്, മേൽ വിലാസം | അക്വിറ്റൻസ് രജിസ്റ്ററിലെ ക്രമ നം | അക്കൗണ്ട് നമ്പർ, IFSC Code | ആകെ അനുവദിച്ച തുക | ഓരോ ഘട്ടങ്ങളിലായി അനുവദിച്ച തുക/ബിൽ നം. /ഫണ്ട് | | അധികമായി അനുവദിച്ച തുക, ബിൽ നം, ഫണ്ട് |
|---|---|---|---|---|---|---|---|
| 1 | ലിസി,<br>കളിയിൽ വിള വീട്,<br>കുന്നത്തുമല | 5 | 20211987452<br>SBIN0014248 | 4,80,000 | 40,000 | 175/19.08.2023 (SCP) | 80000 (671/12.03.2024 , സ്റ്റേറ്റ് ഷെയർ) |
| | | | | | 1,60,000 | 241/18.10.2023 ( ലോൺ) | |
| | | | | | 1,00,000 | 494/26.12.2023 (സ്റ്റേറ്റ് ഷെയർ) | |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | | 40,000 | 2301075205910083100 തീയതി 26.12.2023 (ബ്ലോക്ക് വിഹിതം) | |
| | | | | | 40,000 | 23010752059101002820 തീയതി 28.12.2023 ( ജില്ലാ പഞ്ചായത്ത് വിഹിതം) | |
| | | | | | 1,00,000 | 671/12.03.2024 (സ്റ്റേറ്റ് ഷെയർ) | |
| 2 | സുരേഷ്, കല്ലുമലവീട്, ചാവടിമുക്ക് | 6 | 033901000022464 IOBA0000339 | 4,80,000 | 40,000 | 175/19.08.2023 (SCP) | 80,000 (671/12.03.2024, സ്റ്റേറ്റ് ഷെയർ) |
| | | | | | 1,60,000 | 445/06.12.2023(സ്റ്റേറ്റ് ഷെയർ) | |
| | | | | | 40,000 | 2301075205910083100 തീയതി 26.12.2023 (ബ്ലോക്ക് വിഹിതം) | |
| | | | | | 40,000 | 23010752059101002820 തീയതി 28.12.2023 (ജില്ലാ പഞ്ചായത്ത് വിഹിതം) | |
| | | | | | 1,00,000 | 644/27.02.2024 (സ്റ്റേറ്റ് ഷെയർ) | |
| | | | | | 1,00,000 | 671/12.03.2024 (സ്റ്റേറ്റ് ഷെയർ) | |
| 3 | സോഫിയ, സനോജാ ഭവൻ, വേലൻകോണം | 8 | 076901000015758 IOBA0000769 | 4,80,000 | 40,000 | 175/19.08.2023 (SCP) | 80,000 (671/12.03.2024, സ്റ്റേറ്റ് ഷെയർ) |
| | | | | | 1,60,000 | 260/29.10.2023 (ലോൺ) | |
| | | | | | 1,00,000 | 494/26.12.2023 (സ്റ്റേറ്റ് ഷെയർ) | |
| | | | | | 40,000 | 2301075205910083100 തീയതി 26.12.2023 (ബ്ലോക്ക് വിഹിതം) | |
| | | | | | 40,000 | 23010752059101002820 തീയതി 28.12.2023 (ജില്ലാ പഞ്ചായത്ത് വിഹിതം) | |
| | | | | | 1,00,000 | 671/12.03.2024 (സ്റ്റേറ്റ് ഷെയർ) | |
| 4 | അനിൽകുമാർ, പ്ലാവിള വീട്, പനയറ | 10 | 520101270351984 UBIN0929492 | 5,80,000 | 40,000 | 175/19.08.2023 (SCP) | 1,80,000 (80,000/- 644/27.02.2024 1,00,000/- 672/12.03.2024) |
| | | | | | 1,60,000 | 260/29.10.2023 (ലോൺ) | |
| | | | | | 1,00,000 | 494/26.12.2023 (സ്റ്റേറ്റ് ഷെയർ) | |
| | | | | | 40,000 | 2301075205910083100 തീയതി 26.12.2023 (ബ്ലോക്ക് വിഹിതം) | |
| | | | | | 40,000 | 23010752059101002820 തീയതി 28.12.2023 (ജില്ലാ പഞ്ചായത്ത് വിഹിതം) | |
| | | | | | 1,00,000 | 644/27.02.2024 (സ്റ്റേറ്റ് ഷെയർ) | |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | | 1,00,000 | 672/12.03.2024 (സ്റ്റേറ്റ് ഷെയർ) | |
| 5 | രാധിക, പുതുവൽവിള വീട്, മുത്താന | 18 | 40351101050321 KLGB0040351 | 4,80,000 | 40,000 | 105/13.07.2023 (SCP) | 80,000 (671/12.03.2024 സ്റ്റേറ്റ് ഷെയർ) |
| | | | | | 1,60,000 | 445/06.12.2023 (ലോൺ) | |
| | | | | | 40,000 | 2301075205910083100 തീയതി 26.12.2023 (ബ്ലോക്ക് വിഹിതം) | |
| | | | | | 40,000 | 23010752059101002820 തീയതി 28.12.2023 (ജില്ലാ പഞ്ചായത്ത് വിഹിതം) | |
| | | | | | 1,00,000 | 644/27.02.2024 (സ്റ്റേറ്റ് ഷെയർ) | |
| | | | | | 1,00,000 | 671/12.03.2024 (സ്റ്റേറ്റ് ഷെയർ) | |
| | അധികമായി അനുവദിച്ച ആകെ തുക | | | | | | 5,00,000 |

ഇത് കൂടാതെ അകിറ്റൻസ് രജിസ്റ്റർ പരിശോധിച്ചതിൽ ക്രമ നമ്പർ 17 ദീപ, ദീപ നിവാസ് വാരായിക്കോണം എന്ന വ്യക്തിക്ക് ഓഡിറ്റ് തീയതി വരെ 4,20,000/- രൂപ അനുവദിച്ചിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| അകിറ്റൻസ് രജിസ്റ്ററിലെ ക്രമ നം. | പേര്, മേൽ വിലാസം | അക്കൗണ്ട് നമ്പർ, IFSC Code | ആകെ അനുവദിച്ച തുക | തുക /ബിൽ നം /ഫണ്ട് | | അധികമായി അനുവദിച്ച തുക, ബിൽ നം, ഫണ്ട് |
|---|---|---|---|---|---|---|
| 17 | ദീപ, ദീപ നിവാസ്, വാരായിക്കോണം | 33124622687 SBIN0032675 | 4,20,000 | 40,000 | 105/13.07.2023 (SCP) | 2024-25 സാമ്പത്തിക വർഷം 20,000 അനുവദിച്ചു |
| | | | | 40,000 | 2301075205910083100 തീയതി 26.12.2023 (ബ്ലോക്ക് വിഹിതം) | |
| | | | | 40,000 | 23010752059101002820 തീയതി 28.12.2023 ( ജില്ലാ പഞ്ചായത്ത് വിഹിതം) | |
| | | | | 1,00,000 | 644/27.02.2024 (സ്റ്റേറ്റ് ഷെയർ) | |
| | | | | 1,00,000 | 671/12.03.2024 (സ്റ്റേറ്റ് ഷെയർ) | |
| | | | | 1,00,000 | 391/ 12/08/2024 ൽ അനുവദിച്ചു | |

അപാകം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് (52/29.11.2024) നൽകിയതിനെ തുടർന്ന് ചുവടെ ചേർക്കുന്ന ഗുണഭോക്താക്കൾ അധികമായി കൈപ്പറ്റിയ തുക തിരികെ അടവാക്കി. വിശദാംശം ചുവടെ ചേർക്കുന്നു.

| പേര്, മേൽവിലാസം | തിരികെ അടവാക്കിയ തുക | രസീത് നമ്പർ / തീയതി |
|---|---|---|
| ലിസി, കളിയിൽ വിള വീട്, കുന്നത്തുമല | 80,000 (സ്റ്റേറ്റ് ഷെയർ) | 1240101835/03.12.2024 |
| സുരേഷ്, കല്ലുമലവീട്, ചാവടിമുക്ക് | 80,000 (സ്റ്റേറ്റ് ഷെയർ) | 1240101841/04.12.2024 |
| സോഫിയ, സനോജാ ഭവൻ, വേലൻകോണം | 80,000 (സ്റ്റേറ്റ് ഷെയർ) | 124010814/02/12/2024 |
| ദീപ, ദീപ നിവാസ്, വാരായിക്കോണം | 20,000 (2024-25 സാമ്പത്തിക വർഷം അനുവദിച്ച തുക) | 1240101844/04.12.2024 |

ഓഡിറ്റ് വർഷം അധികമായി അനുവദിച്ച 5,00,000/- രൂപയിൽ 2,40,000/- രൂപ തിരികെ അടവാക്കിയിട്ടുണ്ട് മറ്റ് ഗുണഭോക്താക്കൾക്ക് അധികമായി അനുവദിച്ച തുക തിരികെ ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന് പഞ്ചായത്ത് അറിയിച്ചു. അനിൽകുമാർ, പ്ലാവിള വീട്, പനയറ എന്ന വ്യക്തിക്ക് അധികമായി അനുവദിച്ച 1,80,000/- രൂപയും, രാധിക, പുതുവൽവിള വീട്, മുത്താന എന്ന വ്യക്തിക്ക് അധികമായി അനുവദിച്ച 80,000/- രൂപയും ഈടാക്കാൻ അവശേഷിക്കുന്നു. ടി തുക എത്രയും വേഗം ഈടാക്കി ബന്ധപ്പെട്ട ഫണ്ടുകളിലേയ്ക്ക് അടവാക്കി വിവരം രേഖകൾ സഹിതം അറിയിക്കേണ്ടതാണ് അതുവരെ തിരികെ ഈടാക്കാൻ അവശേഷിക്കുന്ന 2,60,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു അധികമായി അനുവദിച്ച തുക തിരികെ അടവാക്കാത്ത പക്ഷം പ്രസ്തുത തുക നിർവഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായി കണക്കാക്കി തുടർനടപടി സ്വീകരിക്കുന്നതാണ്.

## 1-34-2 ലൈഫ് ഭവന നിർമ്മാണം 2022-23 (SC) - അധികമായി അനുവദിച്ച 2,00,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | | | |
|---|---|---|---|
| പ്രോജക്ട് നമ്പർ | 205/24 | | |
| പ്രോജക്ടിന്റെ പേര് | ലൈഫ് ഭവന നിർമ്മാണം 2022-23 (SC) ( സ്പിൽ ഓവർ) | | |
| അടങ്കൽ | 3,26,00,030 | വികസന ഫണ്ട് ജനറൽ | 17,82,409 |
| | | വികസന ഫണ്ട് എസ്.സി.പി | 7,50,270 |
| | | സംസ്ഥാനാവിഷ്കൃത ഫണ്ട് | 90,00,000 |
| | | ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 12,02,471 |
| | | ജില്ലാ പഞ്ചായത്ത് വിഹിതം | 18,24,880 |
| | | ലോൺ | 1,80,40,000 |
| ചെലവ് | 2,33,40,000 | വികസന ഫണ്ട് ജനറൽ | 17,82,409 |
| | | വികസന ഫണ്ട് എസ്.സി.പി | 7,50,270 |
| | | സംസ്ഥാനാവിഷ്കൃത ഫണ്ട് | 50,00,000 |
| | | ലോൺ | 1,58,07,321 |
| ബിൽ നമ്പർ | വികസന ഫണ്ട് ജനറൽ | **25/26.05.2023 തുക 17,82,409/-** | |
| | വികസന ഫണ്ട് എസ്.സി.പി | **24/26.05.2023 തുക 7,50,270/-** | |
| | സംസ്ഥാനാവിഷ്കൃത ഫണ്ട് | **63/23.06.2023 തുക 1,00,000/-**<br>**111/21.07.2023 തുക 7,00,000/-**<br>**120/25.07.2023 തുക 2,00,000/-**<br>**240/18.10.2023 തുക 1,00,000/-**<br>**247/26.10.2023 തുക 4,00,000/-**<br>**248/26.10.2023 തുക 1,20,000/-**<br>**258/29.10.2023 തുക 1,00,000/-**<br>**256/29.10.2023 തുക 1,00,000/-**<br>**254/29.10.2023 തുക 5,00,000/-**<br>**278/06.11.2023 തുക 2,00,000/-**<br>**413/28.11.2023 തുക 3,80,000/-**<br>**475/13.12.2023 തുക 3,00,000/-**<br>**667/11.03.2024 തുക 8,00,000/-**<br>**909/27.03.2024 തുക 9,00,000/-**<br>**912/27.03.2024 തുക 1,00,000/-** | |
| | ലോൺ | **26/26.05.2023 തുക 27,20,000/-**<br>**27/26.05.2023 തുക 3,67,321/-**<br>**48/13.06.2023 തുക 16,00,000/-**<br>**62/23.06.2023 തുക 20,80,000/-**<br>**99/11.07.2023 തുക 3,20,000/-**<br>**103/13.07.2023 തുക 12,00,000/-**<br>**119/25.07.2023 തുക 1,60,000/-** | |

| | | |
|---|---|---|
| | | **143/04.08.2023 തുക 22,20,000/-**<br>**180/22.08.2023 തുക 8,80,000/-**<br>**237/18.10.2023 തുക 10,60,000/-**<br>**242/18.10.2023 തുക 1,60,000/-**<br>**243/18.10.2023 തുക 1,60,000/-**<br>**257/29.10.2023 തുക 5,20,000/-**<br>**441/06.12.2023 തുക 1,40,000/-**<br>**476/13.12.2023 തുക 3,60,000/-**<br>**512/28.12.2023 തുക 6,60,000/-**<br>**911/27.03.2024 തുക 8,60,000/-**<br>**913/27.03.2024 തുക 3,40,000/-** |
| നിർവ്വഹണം | **വി.ഇ.ഒ സർക്കിൾ 1** | |

പ്രോജക്ട് ഫയൽ, അകവിറ്റൻസ് രജിസ്റ്റർ, അനുബന്ധരേഖകൾ എന്നിവ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന ഗുണഭോക്താക്കൾക്ക് 4,00,000/- രൂപയ്ക്ക് മുകളിൽ ആനുകൂല്യം അനുവദിച്ചതായി കാണുന്നു വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പേര്, മേൽ വിലാസം | അകവിറ്റൻസ് രജിസ്റ്ററിലെ ക്രമ നം. | അക്കൗണ്ട് നമ്പർ, IFSC Code | ആകെ അനുവദിച്ച തുക | ഓരോ ഘട്ടങ്ങളിലായി അനുവദിച്ച തുക/ബിൽ നം. /ഫണ്ട് | | അധികമായി അനുവദിച്ച തുക, ബിൽ നം, ഫണ്ട് | |
|---|---|---|---|---|---|---|---|---|
| 1 | തങ്കപ്പൻ, വിളയിൽ വീട്, മാവിൻമൂട് | 42 | 520101026714708 UBIN0906115 | 5,00,000 | 40,000 | 435/09.02.2023 (SCP) | 1,00,000/- (667/11.03.2024 – State Share) | |
| | | | | | 1,60,000 | 25/26.05.2023 (Development Fund General) | | |
| | | | | | 1,00,000 | 278/06.11.2023 (State Share) | | |
| | | | | | 1,00,000 | 475/13.12.2023( State Share) | | |
| | | | | | 1,00,000 | 667/11.03.2024 (State Share) | | |
| 2 | ശാന്ത, കൊച്ചുപൊയ്ക വീട്, പാളയംകുന്ന് | 66 | 1988101011185 CNRB0001988 | 4,60,000 | 40,000 | 22010752059101375761 /16.03.2023 ( ജില്ലാ പഞ്ചായത്ത് വിഹിതം) | 60,000/- | 20,000, 512/28.12.2023 – ലോൺ, |
| | | | | | 1,60,000 | 25/2605.2023 (ജില്ലാ പഞ്ചായത്ത് വിഹിതം) | | |
| | | | | | 1,00,000 | 103/13.07.2023( ലോൺ) | | |
| | | | | | 60,000 | 476/13.12.2023 (ലോൺ) | | 40,000/-, 911/27.03.2024 (ലോൺ) |
| | | | | | 60,000 | 512/28.12.2023 (ലോൺ) | | |
| | | | | | 40,000 | 911/27.03.2024( ലോൺ) | | |
| 3 | സിന്ധു, ഉല്ലാസ് ഭവൻ, കോവൂർ | 73 | 11290100320294 FDRL0001129 | 4,60,000 | 40,000 | 24/26.05.2023 ( Scp) | 60,000 (911/27.03.2024 – Loan) | |
| | | | | | 1,60,000 | 103/13.07.2023(Loan) | | |
| | | | | | 1,00,000 | 278/06.11.2023(State Share) | | |
| | | | | | 1,00,000 | 667/11.03.2024 (State Share) | | |
| | | | | | 60,000 | 911/27.03.2024 (Loan) | | |
| അധികമായി അനുവദിച്ച ആകെ തുക | | | | | | | 2,20,000 | |

അധിക തുക അനുവദിച്ചത് സംബന്ധിച്ച് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (51/29.11.2024) നൽകിയതിനെ തുടർന്ന് ക്രമ നം. 2 ശാന്ത, കൊച്ചുപൊയ്ക വീട്, പാളയംകുന്ന് എന്ന വ്യക്തി അധികമായി അനുവദിച്ച 60,000/- രൂപയിൽ 20,000/- രൂപ രസീത് നമ്പർ 1240101864 തീയതി 07/12/2024 പ്രകാരം അടവാക്കി. അധികമായി അനുവദിച്ചതിൽ തിരികെ ഈടാക്കാൻ അവശേഷിക്കുന്ന തുക ഗുണഭോക്താക്കളെ കൊണ്ട് തിരികെ അടവാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന് നിർവഹണ ഉദ്യോഗസ്ഥ അറിയിച്ചു. എത്രയും വേഗം തുക തിരികെ ഈടാക്കി ബന്ധപ്പെട്ട ഫണ്ടുകളിലേയ്ക്ക് അടവാക്കി വിവരം രേഖകൾ സഹിതം അറിയിക്കേണ്ടതാണ്. അതുവരെ അധികമായി അനുവദിച്ച 2,20,000/- രൂപയിൽ തിരികെ ഈടാക്കാൻ അവശേഷിക്കുന്ന 2,00,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. തുക തിരികെ അടവാക്കി രേഖകൾ സമർപ്പിക്കാത്ത പക്ഷം മേൽ തുക നിർവഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായി കണക്കാക്കി തുടർനടപടി സ്വീകരിക്കുന്നതാണ്.

## 1-34-3 ലൈഫ് ഭവന നിർമ്മാണം 2023-24 (ജനറൽ) - അക്വിറ്റൻസ് രജിസ്റ്റർ പ്രകാരം 2024-25 സാമ്പത്തിക വർഷം അധിക തുക അനുവദിച്ചു

| | |
|---|---|
| പ്രോജക്ട് നമ്പർ | 148/24 |
| പ്രോജക്ടിന്റെ പേര് | ലൈഫ് ഭവന നിർമ്മാണം 2023-24 (ജനറൽ) |
| അടങ്കൽ | 4,00,00,000 |
| ചെലവ് | 67,20,000 |
| നിർവ്വഹണം | **വി.ഇ.ഒ സർക്കിൾ 1** |

ലൈഫ് പദ്ധതി മാനദണ്ഡ പ്രകാരം ഭവന നിർമ്മാണത്തിനായി ജനറൽ വിഭാഗത്തിൽപെട്ട ഗുണഭോക്താവിന് അനുവദിക്കാവുന്ന പരമാവധി തുക 4,00,000/- രൂപയാണ്. പ്രോജക്ട് ഫയൽ, അക്വിറ്റൻസ് രജിസ്റ്റർ, അനുബന്ധരേഖകൾ എന്നിവ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന ഗുണഭോക്താക്കൾക്ക് 4,00,000/- രൂപയ്ക്ക് മുകളിൽ ആനുകൂല്യം അനുവദിച്ചതായി കാണുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

| അക്വിറ്റൻസ് രജിസ്റ്ററിലെ ക്രമ നം. | പേര് | 2023-24 സാമ്പത്തിക വർഷം വരെ അനുവദിച്ച തുക | 2024-25 സാമ്പത്തിക വർഷം ഓഡിറ്റ് തീയതി വരെ അനുവദിച്ച തുക (അക്വിറ്റൻസ് രജിസ്റ്റർ പ്രകാരം) | അക്വിറ്റൻസ് രജിസ്റ്റർ പ്രകാരം ഓഡിറ്റ് തീയതി വരെ അനുവദിച്ച ആകെ തുക | ഓഡിറ്റ് തീയതി വരെ അനുവദിച്ച അധിക തുക (അക്വിറ്റൻസ് രജിസ്റ്റർ പ്രകാരം) |
|---|---|---|---|---|---|
| 3 | അമ്പിളി, ചിറകോണത്ത് പുത്തൻവീട്, പനയറ | 4,00,000 | 40,000 | 4,40,000 | 40,000 |
| 17 | ഷാജി, ചിറ്റാറ്റുവിള വീട്, കോവൂർ | 2,80,000 | 1,30,000 | 4,10,000 | 10,000 |
| 34 | ലക്ഷ്മി.ആർ, ലക്ഷം വീട് (EPIP) | 3,60,000 | 1,00,000 | 4,60,000 | 60,000 |

2023-24 സാമ്പത്തിക വർഷം അധിക തുക അനുവദിച്ചിട്ടില്ലായെങ്കിലും, ഇതേ വ്യക്തികൾക്ക് 2024-25 സാമ്പത്തിക വർഷം അധിക തുക അനുവദിച്ചത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുന്നതിനായി ഓഡിറ്റ് അന്വേഷണക്കുറിപ്പ് (53/29.11.2024) നൽകിയതിനെ തുടർന്ന് ശ്രീ. ഷാജി, ചിറ്റാറ്റുവിള വീട്, കോവൂർ എന്ന വ്യക്തി അധികമായി കൈപ്പറ്റിയ 10,000/- രൂപ രസീത് നമ്പർ 124010814/ 02.12.2024 പ്രകാരം തിരികെ അടവാക്കിയതായി അറിയിച്ചു. അധികമായി കൈപ്പറ്റിയ തുക മറ്റ് ഗുണഭോക്താക്കളെ കൊണ്ട് തുക തിരികെ അടവാക്കിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി. തുടർനടപടി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-34 ലൈഫ് ഭവന പദ്ധതി - അധിക ആനുകൂല്യം അനുവദിച്ചു.

ലൈഫ് മാനദണ്ഡ പ്രകാരം ജനറൽ /പട്ടികജാതി വിഭാഗങ്ങൾക്ക് ഭവനനിർമ്മാണത്തിനായി അനുവദിക്കാവുന്ന പരമാവധി തുക 4,00,000/- രൂപയാണ്. എന്നാൽ ലൈഫ് ഭവന പദ്ധതിയുമായി ബന്ധപ്പെട്ട് പഞ്ചായത്ത് നടപ്പാക്കിയ വിവിധ പ്രോജക്റ്റുകൾ പരിശോധിച്ചതിൽ 4,00,000/- രൂപയിൽ

അധികം ആനുകൂല്യം ഗുണഭോക്താക്കൾക്ക് അനുവദിച്ചിട്ടുണ്ട്. വിശദാംശം ഉപഖണ്ഡികകളായ് ചുവടെ ചേർക്കുന്നു.

## 1-35 ഭവന പുനരുദ്ധാരണം - അപാകങ്ങൾ

| പ്രോജക്ട് നമ്പർ | 192/24 | 191/24 | 87/24 | 89/24 |
|---|---|---|---|---|
| പ്രോജക്ടിന്റെ പേര് | ഭവന പുനരുദ്ധാരണം ജനറൽ (സ്പിൽ ഓവർ) | ഭവന പുനരുദ്ധാരണം എസ്.സി (സ്പിൽ ഓവർ) | വീട് വാസയോഗ്യമാക്കൽ ജനറൽ | വീട് വാസയോഗ്യമാക്കൽ (പട്ടികജാതി) |
| അടങ്കൽ | 37,500 | 3,00,000 | 28,50,000 | 57,00,000 |
| ചെലവ് | 37,500 | 1,50,000 | 12,37,500 | 26,00,000 |
| നിർവ്വഹണം | **വി.ഇ.ഒ സർക്കിൾ 2** | | | |

സബ്സിഡി മാർഗ്ഗരേഖ ഖ.6.7.4 പ്രകാരം ഭവന പുനരുദ്ധാരണത്തിനായി ജനറൽ വിഭാഗത്തിന് പരമാവധ് 1,00,000/- രൂപയും, പട്ടികജാതി വിഭാഗത്തിന് പരമാവധി 1,50,000/- രൂപയും അനുവദിക്കാവുന്നതാണ് പഞ്ചായത്ത് ഭവന പുനരുദ്ധാരണത്തിനായി നടപ്പാക്കിയ മേൽ പ്രോജക്ടുകളുടെ പരിശോധനയിൽ ശ്രദ്ധയിൽപെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

**1) എസ്റ്റിമേറ്റിന്റെ അഭാവത്തിൽ ആദ്യഗഡു അനുവദിക്കുന്നു.**

സബ്സിഡി മാർഗരേഖ (സ.ഉ (കൈ)നം. 115/2022/ത.സ്വ.ഭ.വ തീയതി 28.05.2022) ഖ. 6.7 ക്രമ നം. 4 പ്രകാരം ഗുണഭോക്താവ് തയ്യാറാക്കുന്ന എസ്റ്റിമേറ്റ് എൽ.എസ്.ജി.ഡി ഓവർസീയർ സാക്ഷ്യപ്പെടുത്തേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിൽ ഗുണഭോക്താവ് തയ്യാറാക്കിയ എസ്റ്റിമേറ്റ് (എൽ.എസ്.ജി.ഡി ഓവർസീയർ സാക്ഷ്യപ്പെടുത്തിയത്) ഇല്ലാതെയാണ് ഗുണഭോക്താക്കളുമായി ഭവന പുനരുദ്ധാരണത്തിനായി കരാറിൽ ഏർപ്പെട്ട് ഒന്നാം ഗഡു തുക കൈമാറിയിട്ടുള്ളത്. വരുംവർഷങ്ങളിൽ എസ്റ്റിമേറ്റ് സമർപ്പിച്ചതിന് ശേഷം മാത്രം ഒന്നാം ഗഡു അനുവദിക്കുകയുള്ളൂവെന്ന് മറുപടി (42/26.11.2024) ലഭ്യമാക്കി.

**2) ആദ്യ ഗഡു കൈപ്പറ്റിയ ഗുണഭോക്താക്കൾ പണി പൂർത്തീകരിച്ചില്ല.**

| പദ്ധതി | ഗുണഭോക്താവിന്റെ പേര്, മേൽവിലാസം | കൈപ്പറ്റിയ തുക/ തീയതി |
|---|---|---|
| 89/24, വീട് വാസയോഗ്യമാക്കൽ പട്ടികജാതി | ഓമന, തട്ടാത്തൊടി വീട് | 50,000/07.11.2023 |
| | പ്രസന്ന, വാറുവിള വീട്, ഇടയിൽവീട് | 50,000/07.11.2023 |
| | വസന്ത/സരസ്വതി, ചരുവിള വീട് | 50,000/07.11.2023 |
| | സുധർമ്മണി, ഒലിപ്പുവിള വീട് | 50,000/18.01.2024 |
| | ലീല, പറങ്കിമാംവിള വീട് | 50,000/18.01.2024 |
| | ശ്യാമള ശ്രുതി, ലക്ഷം വീട് | 50,000/18.01.2024 |
| | സത്യൻ, കൊച്ചുപൊയ്കയിൽ വീട് | 50,000/25.03.2024 |
| 87/24 വീട് വാസയോഗ്യമാക്കൽ ജനറൽ | രോഹിണി, ശാന്തിവിലാസം | 37,500/07.11.2023 |
| | ഉഷ, കല്ലുവിള വീട് | 37,500/07.11.2023 |
| | ലത, ശിവനന്ദനം | 37,500/07.11.2023 |
| | ഉഷബേബി, അക്കരമംഗലം | 37,500/07.11.2023 |
| | രാജി ആർ.എസ്, രാജിഭവൻ | 37,500/07.11.2023 |
| | രാജു, രാഖി ഭവനം | 37,500/07.11.2023 |
| | ഷോഫിത, തെക്കതിൽ വീട് | 37,500/07.11.2023 |
| | രമ്യ, ചരുവിള പുത്തൻവീട് | 37,500/13.11.2023 |
| | ഹാഷിം അലി, സലീന മൻസിൽ | 37,500/25.03.2024 |
| | ചന്ദ്രിക, കുന്നും പുറത്ത് വീട് | 37,500/25.03.2024 |
| | സുലേഖ, കാഞ്ഞിരംവിള | 37,500/25.03.2024 |
| | ഖുറൈഷിയ, അക്കരവിള വീട് | 37,500/25.03.2024 |

അക്വിറ്റൻസ് രജിസ്റ്റർ പരിശോധിച്ചതിൽ മേൽ ഗുണഭോക്താക്കൾ ആദ്യ ഗഡു കൈപ്പറ്റി ഓഡിറ്റ് തീയതി (30/11/2024) വരെയും പണി പൂർത്തീകരിച്ച് അവസാന ഗഡു കൈപ്പറ്റിയിട്ടില്ല. പദ്ധതി 2024 – 25

സാമ്പത്തിക വർഷം സ്പിൽ ഓവറായി നടപ്പാക്കുന്നതിനാൽ മേൽ ഗുണഭോക്താക്കൾ പണി പൂർത്തിയാക്കുന്ന മുറയ്ക്ക് അവസാന ഗഡു അനുവദിക്കുന്നതാണെന്ന് മറുപടി (42/26.11.2024) ലഭ്യമാക്കി തുടർനടപടി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

**3) 2022-23 സാമ്പത്തിക വർഷം ആദ്യ ഗഡു കൈപ്പറ്റിയ ഗുണഭോക്താക്കൾ നാളിതുവരെയും ഭവന നിർമ്മാണം പൂർത്തീകരിച്ചില്ല.**

അകിറ്റൻസ് രജിസ്റ്റർ പരിശോധിച്ചതിൽ മുൻവർഷങ്ങളിൽ ഭവന പുനരുദ്ധാരണത്തിനായി തുക അനുവദിച്ച വ്യക്തികൾ അവസാന ഗഡു കൈപ്പറ്റി പണി പൂർത്തീകരിച്ചതായി രേഖപ്പെടുത്തിയിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| പദ്ധതി | ഗുണഭോക്താവിന്റെ പേര്, മേൽവിലാസം | അകിറ്റൻസ് രജിസ്റ്ററിലെ ക്രമ നം. | നാളിതുവരെ കൈപ്പറ്റിയ തുക, തീയതി |
|---|---|---|---|
| വീട് വാസയോഗ്യമാക്കൽ പട്ടികജാതി | പാച്ചി, ചരുവിള വീട് | 5 | 50,000/23.11.2022 |
| | തങ്കമ്മ, ഏറാണുവിള വീട് | 41 | 50,000/24.11.2022 |
| | ഷീല, അതുല്യ, കുംഭക്കാട് | 57 | 50,000/30.12.2022 |

മേൽ ഗുണഭോക്താക്കളെ നേരിട്ട് കണ്ടും കത്ത് മുഖേനയും പണി പൂർത്തീകരിക്കുന്നതിനായി അറിയിപ്പ് നൽകിയിരുന്നുവെന്നും, വിവരം ഭരണസമിതിയെ അറിയിച്ചിരുന്നുവെന്നും മറുപടി (42/26.11.2024) ലഭ്യമാക്കി. കൂടാതെ മേൽ ഗുണഭോക്താക്കളുടെ വീട് പരിശോധിച്ച് പണി ചെയ്തിട്ടുള്ളതിന് വാല്യുവേഷൻ എടുക്കുകയും, പണി ചെയ്യിട്ടില്ലാവർക്ക് അനുവദിച്ച തുക തിരികെ പിടിക്കുന്നതിന് ശുപാർശ ചെയ്ത് നടപടി സ്വീകരിക്കുന്നതാണെന്നും അറിയിച്ചു. തുടർ നടപടി വിവരം ലഭ്യമാക്കേണ്ടതാണ്.

**4) അക്കൗണ്ട് നമ്പർ തെറ്റായി നൽകി - തിരുത്തൽ വരുത്താത്തതിനാൽ തുക സർക്കാർ ഫണ്ടിലേയ്ക്ക് മടങ്ങി**

പ്രോജക്റ്റ് നമ്പർ 87/24 വീട് വാസയോഗ്യമാക്കൽ ജനറൽ പദ്ധതി ഗുണഭോക്താവായ ശ്രീ.ബിജു. എൻ, ദീപ നിവാസ് എന്ന വ്യക്തിക്ക് ഭവന നിർമ്മാണത്തിന്റെ ആദ്യ ഗഡുവായ 37,500/- രൂപ ബിൽ നമ്പർ 313/07.11.2023 പ്രകാരം തെറ്റായ അക്കൗണ്ടിലേയ്ക്ക് ക്രെഡിറ്റ് ചെയ്തതിനാൽ തുക തിരികെ സർക്കാർ ഫണ്ടിലേയ്ക്ക് മടങ്ങിയിട്ടുണ്ട്.

തുക ക്രെഡിറ്റ് ചെയ്ത അക്കൗണ്ട് നമ്പർ - 41115742, കാനറ ബാങ്ക്

തുക ക്രെഡിറ്റ് ചെയ്യേണ്ടിയിരുന്ന അക്കൗണ്ട് നമ്പർ - 1988101011256, കാനറാ ബാങ്ക്

പ്രസ്തുത തുകയും കൂടി ഉൾപ്പെട്ടാണ് സുലേഖയിൽ ചെലവ് രേഖപ്പെടുത്തിയിട്ടുള്ളത്. സർക്കാരിലേയ്ക്ക് മടങ്ങിയ തുക തിരികെ ലഭ്യമാക്കുന്നതിനായി സ്വീകരിച്ച നടപടിയുടെ വിശദാംശം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (42/26.11.2024) സാമ്പത്തിക വർഷം കഴിഞ്ഞാണ് തുക ലഭിച്ചില്ലായെന്ന് ഗുണഭോക്താവ് മനസ്സിലാക്കിയതെന്നും വിവരം ട്രഷറിയിൽ അറിയിച്ചപ്പോൾ ബില്ല് സമർപ്പിച്ച് ഒരു മാസത്തിനകം അക്കൗണ്ട് നമ്പർ തിരുത്തിയില്ലെങ്കിൽ തുക തിരികെ സർക്കാർ ഫണ്ടിലേയ്ക്ക് മടങ്ങുമെന്ന് അറിയിച്ചതായും മറുപടി ലഭ്യമാക്കി. 2024 -25 സാമ്പത്തിക വർഷം സ്പിൽ ഓവർ പദ്ധതിയിൽ നിന്നും ടിയാൾക്ക് തുക അനുവദിച്ചതായും അറിയിച്ചു. ഭാവിയിൽ ഇത്തരം അപാകങ്ങൾ ഒഴിവാക്കേണ്ടതാണ്.

## 1-36 ശാരീരിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് പദ്ധതിയിലെ അപാകങ്ങൾ

| | |
|---|---|
| പ്രോജക്റ്റ് നമ്പർ, പേര് | S0109/24 ശാരീരിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് |
| അടങ്കൽ | ₹1,40,500/- (വികസനഫണ്ട് സാധാരണ വിഹിതം) |
| ചെലവ് | ₹70,200/- (വികസനഫണ്ട് സാധാരണ വിഹിതം) |
| ബിൽ നമ്പർ | 332/08.11.2023, 377/21.11.2023 |
| നിർവ്വഹണോദ്യോഗസ്ഥൻ | ICDS സൂപ്പർവൈസർ |

ഗ്രാമ പഞ്ചായത്തിലെ സ്ഥിര താമസക്കാരായ ശാരീരിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പും ബത്തയും നൽകുന്നതാണ് പദ്ധതിയുടെ ലക്ഷ്യം. പദ്ധതി പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട അപാകങ്ങളും അതിന്റെ അടിസ്ഥാനത്തിൽ നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന്റെ (41/26.11.2024) മറുപടി ചുവടെ ചേർക്കുന്നു.

1. ജ്യോതിഷ് റ്റി.ജെ എന്ന വിദ്യാർത്ഥിയുടെ (7–ക്ലാസ്, GHSS പാളയംകുന്ന്) അപേക്ഷയിലും ഡിസബിലിറ്റ് സർട്ടിഫിക്കറ്റിലും 62% മാനസിക വൈകല്യം എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. പ്രസ്തുത വിദ്യാർത്ഥിക്ക് ശാരീക വൈകല്യത്തിനുള്ള സ്കോളർഷിപ്പാണ് (3,000/- രൂപ) അനുവദിച്ചിട്ടുള്ളത് പ്രസ്തുത വിദ്യാത്ഥിക്ക് 2024-2025 സ്പിൽ ഓവർ ആയി അനുവദിച്ച 3,000/- രൂപ ഉൾപ്പടെ മൊത്തം 6,000/ രൂപയാണ് സ്കോളർഷിപ്പായിട്ടു അനുവദിച്ചിരിക്കുന്നതെന്നും മാനസിക വൈകല്യം എന്നത് ശ്രദ്ധയിൽ പെടാതെ പോയതിനാൽ ബാക്കി തുകയായ 22,500/- രൂപ സ്പിൽ ഓവർ പ്രൊജക്റ്റ് ആയി ടി പ്രൊജക്റ്റ് നിലവിൽ ഉള്ളതിനാൽ മാറി നൽകുന്നതാണ് എന്ന മറുപടിയാണ് ലഭ്യമായത്. അപേക്ഷയോടൊപ്പം ചേർക്കുന്ന മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ വിദ്യാർത്ഥികൾക്ക് അർഹമായ ആനുകൂല്യം ലഭിക്കുന്നുണ്ടെന്ന് നിർവഹണ ഉദ്യോഗസ്ഥൻ ഉറപ്പുവരുത്തേണ്ടതാണ്.

2. GVHSS For Deaf, Jagathy സ്കൂളിലെ വിദ്യാർത്ഥിനിയായ കുമാരി ആതിര.എ.എൻ -ന് സ്കോളർഷിപ് തുകയായി 3,600/- രൂപ നൽകിയിട്ടുണ്ട്. പ്രസ്തുത വിദ്യാർത്ഥിനി ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളതായി കാണുന്നില്ല. കൂടാതെ പ്രസ്തുത വിദ്യാർത്ഥിനിയുടെ സ്ഥാപന മേധാവി ലഭ്യമാക്കിയ സാക്ഷ്യപത്രത്തിൽ തീയതി, അദ്ധ്യയനവർഷം എന്നിവ രേഖപ്പെടുത്തിയിട്ടില്ല. പ്രസ്തുത വിദ്യാർത്ഥി സ്കൂളിൽ പഠിക്കുന്നു എന്നുള്ള വിവരം നേരിട്ട് തിരക്കി ബോധ്യപ്പെട്ടതിന്റെയും ഡിസബിലിറ്റ് സെർറ്റിഫിക്കറ്ററിന്റെയും അടിസ്ഥാനത്തിലാണ് സ്കോളർഷിപ് അനുവദിച്ചതെന്നാണ് മറുപടി ലഭ്യമായത്. ഇനി വരുന്ന ഗ്രാമസഭ മിനുട്സിൽ ഉൾപ്പെടുത്തി പഞ്ചായത്ത് കമ്മിറ്റിയുടെ സാധൂകരണം റിപ്പോർട്ടിൽ ഉൾപ്പെടുത്താമെന്നും അറിയിച്ചിട്ടുണ്ട്. സ്ഥാപന മേധാവിയുടെ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലാണ് സ്കോളർഷിപ് അനുവദിക്കേണ്ടത് എന്ന് സബ്സിഡി മാർഗ്ഗരേഖയിൽ നിർദ്ദേശം നൽകിയിട്ടുണ്ട്. സ്ഥാപന മേധാവി നൽകുന്ന സാക്ഷ്യപത്രം പൂർണതയുണ്ടെങ്കിൽ മാത്രമേ കൃത്യമായ സ്കോളർഷിപ് വിദ്യാർത്ഥിക്ക് ലഭിച്ചു എന്ന് ഉറപ്പുവരുത്താൻ സാധിക്കുകയുള്ളു. നിർവ്വഹണ ഉദ്യോഗസ്ഥൻ ഇത് തുടർവർഷങ്ങളിൽ ഉറപ്പു വരുത്തുകയും പ്രസ്തുത വിദ്യാർത്ഥിയെ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടുത്തി ഗ്രാമസഭ അംഗീകാരം വാങ്ങേണ്ടതുമാണ്.

## 1-37 ആദായ നികുതി സ്രോതസ്സിൽ നിന്നു കുറവ് ചെയ്തില്ല

| | |
|---|---|
| പ്രോജക്റ്റ് നമ്പർ, പേര് | S0084/24<br>വയോജനങ്ങൾക്കുള്ള പകൽവീട് പ്രവർത്തനങ്ങൾ |
| അടങ്കൽ | ₹10,21,293/- (വികസനഫണ്ട് സാധാരണ വിഹിതം ) |
| ചെലവ് | ₹8,56,284/- (വികസനഫണ്ട് സാധാരണ വിഹിതം ) |
| ബിൽ നമ്പർ | 7/17.05.2023, 53/15.06.2023, 100/12.07.2023, 146/07.08.2023, 331/08.11.2023, 334/08.11.2023, 339/08.11.2023, 846/25.03.2024, 854/25.03.2024, 847/25.03.2024, 838/25.03.2024 |
| നിർവ്വഹണോദ്യോഗസ്ഥൻ | ICDS സൂപ്പർവൈസർ |

1961-ലെ ആദായ നികുതി നിയമത്തിലെ വകുപ്പ് 194 സി പ്രകാരം ഒരു സാമ്പത്തിക വർഷം ഒരു കരാറിൽ 30,000/- രൂപയിൽ കൂടുതൽ പേമെന്റ് നൽകുമ്പോൾ അല്ലെങ്കിൽ ആകെ ഒരു വർഷം ഒരു ലക്ഷത്തിൽ കൂടുതൽ തുക നൽകുമ്പോൾ 1% തുക സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത് ആദായ നികുതി വകുപ്പിന് അടക്കേണ്ടതുണ്ട്. മേൽ പ്രോജക്റ്റ് പ്രകാരം ഏപ്രിൽ-2023 മുതല് ഫെബ്രുവരി-2024 വരെ പകൽവീട് എന്ന സ്ഥാപനത്തിലേക്ക് വയോജനങ്ങളെ എത്തിക്കുന്നതിനും തിരികെ വിടുന്നതിനും മേൽ ബില്ലുകൾ പ്രകാരം വണ്ടിവാടക തുകയായി ആകെ 4,42,800/- രൂപ (പ്രതിദിനം 1,800/- രൂപ നിരക്കിൽ) ശ്രീ. സുനിൽ കുമാർ. എൻ. എന്ന വ്യക്തിക്ക് അനുവദിച്ചിട്ടുണ്ട്. ആദായ നികുതി സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത് ഒടുക്കിയതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കാൻ നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (40/26.11.2024) ഡ്രൈവറായ സുനിൽ കുമാറിൽ നിന്നും ആദായ നികുതി സ്രോതസ്സിൽ കുറവ് ചെയ്തിട്ടില്ലയെന്നും തുടർ വർഷങ്ങളിൽ ആദായ നികുതി സ്രോതസ്സിൽ കുറവ് ചെയ്തതിനു ശേഷം തുക നൽകിക്കോളം എന്ന മറുപടിയാണ് ലഭ്യമായത്. വരും വർഷങ്ങളിൽ ഇത്തരത്തിലുള്ള അപാകങ്ങൾ വരാതെ ശ്രദ്ധിക്കേണ്ടതാണ്.

## 1-38 മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ്-ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്തവർക്കും സ്കോളർഷിപ്പ് അനുവദിച്ചു

| | |
|---|---|
| പ്രോജക്റ്റ് നമ്പർ, പേര് | S0110/24<br>സ്നേഹ സ്പർശം- മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പും ബത്തയും |
| അടങ്കൽ | ₹16,24,500/- (വികസന ഫണ്ട് ജനറൽ -8,12,250/-<br>ബ്ലോക്ക് പഞ്ചായത്ത് വിഹിതം - 4,06,125/-<br>ജില്ലാ പഞ്ചായത്ത് വിഹിതം - 4,06,125/-) |

| | |
|---|---|
| ചെലവ് | ₹1306500/- (വികസന ഫണ്ട് ജനറൽ -7,85,500/-<br>ബ്ലോക്ക് പഞ്ചായത്ത് വിഹിതം - 2,60,500/-<br>ജില്ലാ പഞ്ചായത്ത് വിഹിതം - 2,60,500/-) |
| ബിൽ നമ്പർ | 333/08.11.2023, 378/27.11.2023, 843/25.03.2024, 23010752059501207682/13.02.2024, 23010752059500786711/14.11.2023, 23010752059500909949/08.12.2023, 23010752059501078159/17.01.2024 |
| നിർവ്വഹണോദ്യോഗസ്ഥൻ | ICDS സൂപ്പർവൈസർ |

ഗ്രാമ പഞ്ചായത്തിലെ സ്ഥിര താമസക്കാരായ മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പും ബത്തയും നൽകുന്നതാണ് പദ്ധതിയുടെ ലക്ഷ്യം.

പ്രസ്തുത പദ്ധതി പ്രകാരം 27,000/- രൂപ ആനുകൂല്യം ലഭിച്ച ശരണ്യ. എസ്. എന്ന വിദ്യാർത്ഥി ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല. ഇതു സംബന്ധിച്ചു നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (47/28.11.2024) പ്രസ്തുത വിദ്യാർത്ഥിയുടെ ഡിസബിലിറ്റി സർട്ടിഫിക്കറ്റ്, സ്കൂൾ സാക്ഷ്യപത്രം എന്നിവയുടെ അടിസ്ഥാനത്തിലാണ് സ്കോളർഷിപ് ആനുകൂല്യം നല്കിയതെന്നും ഇനി വരുന്ന ഗ്രാമ സഭ മിനുട്സിൽ കൂട്ടിച്ചേർത്തു പഞ്ചായത്ത് കമ്മിറ്റിയുടെ സാധൂകരണം റിപ്പോർട്ട് ചെയ്തു കൊള്ളുന്നതാണെന്ന് മറുപടി ലഭ്യമായി. തുടർ നടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-39 മരാമത്ത് പ്രവൃത്തികൾ - മോണിട്ടറിംഗ് സമിതി റിപ്പോർട്ട് ലഭ്യമല്ല

2023-24 ൽ ചെമ്മരുതി ഗ്രാമ പഞ്ചായത്ത് അസി.എൻജിനീയർ (LID&EW) നിർവ്വഹണം നടത്തിയ പ്രോജക്റ്റുകളിൽ പണി തൃപ്തികരമായി പൂർത്തിയാക്കിയിരിക്കുന്നു എന്ന് സാക്ഷ്യപ്പെടുത്തുന്ന മോണിട്ടറിംഗ് സമിതിയുടെ റിപ്പോർട്ട് ലഭ്യമല്ല.

ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 46/27.11.2024 ന് ലഭ്യമാക്കിയ മറുപടിയിൽ നിലവിൽ മോണിട്ടറിംഗ് സമിതി റിപ്പോർട്ട് വാങ്ങുവാൻ വിട്ടു പോയതാണെന്നും തുടർന്ന് വരുന്ന സാമ്പത്തിക വർഷങ്ങളിൽ പൊതുമരാമത്ത് മോണിട്ടറിംഗ് സമിതി കൃത്യമായി കൂടി മിനിട്സ് തയ്യാറാക്കി മോണിട്ടറിംഗ് സമിതി റിപ്പോർട്ട് വാങ്ങി ഫയലിൽ സൂക്ഷിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണെന്നും അസി.എൻജിനീയർ അറിയിച്ചു. ആയത് പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-40 എം ബുക്ക് പ്രകാരമുള്ള പ്രവൃത്തി സ്ഥല പരിശോധനയിൽ കണ്ടെത്താൻ കഴിഞ്ഞില്ല - 6,071/- രൂപയുടെ ചെലവ് നിരാകരിക്കുന്നു.

| | |
|---|---|
| പ്രോജക്ട് | ഞെക്കാട് കുളം റോഡിൽ കലുങ്ക് നിർമ്മാണം (SO229/24) |
| അടങ്കൽ തുക | 2,00,000/- |
| ചെലവ് തുക | 1,76,264 |
| കരാർ | 16/AE/LID&EW/CHTY/2022-23 Dated 19.01.23 |
| ബിൽ നം.,തീയതി | 39/06.06.23- 79,049/-, 145/05.08.23 – 97,215/- |
| നിരക്ക് | ഡി.എസ്.ആർ.2018, C.I. - 35.59% |

അസി. എഞ്ചിനീയർ നിർവ്വഹണം നടത്തിയ പ്രസ്തുത പ്രോജക്റ്റിന്റെ സ്ഥല പരിശോധനയുടെ ഭാഗമായി ഓഡിറ്റ് ടീം, എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ സാന്നിധ്യത്തിൽ 29.11.2024 ൽ നടത്തിയ സ്ഥലപരിശോധനയിൽ മേൽ പ്രവൃത്തിയുടെ ചുവടെ പറയുന്ന ഇനങ്ങൾ കണ്ടെത്താൻ കഴിഞ്ഞിരുന്നില്ല. (സ്ഥലപരിശോധന റിപ്പോർട്ടിൽ ഇക്കാര്യം എഞ്ചിനീയറിംഗ് വിഭാഗം സാക്ഷ്യപ്പെടുത്തിയിട്ടുമുണ്ട്.)

A) പ്രവൃത്തി ഇനം 1.011 – 10.5 Painting New Coats Includign Primer Coats After Filling The Surface With Synthetic Enamel Paint In All Shades On New Plastered/Concrete Surfaces As Per Drawing And Technical Specification Clause 1701

B) പ്രവൃത്തി ഇനം 1.012 – OD 19602/2022-2023 Providing And Fixing Name Board Using GI Pipe Post,MS Plate And MS Angle Including Painting Letters And Fixing Concrete And Photos.

പ്രസ്തുത പ്രവൃത്തി ഇനങ്ങൾക്കായി മേൽ ബിൽ പ്രകാരം ചുവടെ പറയുന്ന ചെലവുണ്ടായിട്ടുണ്ട്.

| | |
|---|---|
| A) 10.5 Painting New Coats On Concrete Surfaces- | 1962.82 |
| B) OD 19602/2022-2023 Providing And Fixing Name Board | 3234.00 |
| ആകെ | 5196.82 |
| Tender Variaion ( -1% ) | 51.97 |
| | 5144.85 |
| Add GST (18%) | 926.07 |

| | |
|---|---|
| ആകെ | 6070.92 |
| Rounded | 6071/- |

മേൽപ്പറഞ്ഞ പ്രകാരം ചെയ്യാത്ത പ്രവൃത്തിക്കായി അനുവദിച്ച 6,071/- രൂപയുടെ ചെലവ് നിരാകരിക്കുന്നു. ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (നം. 62/30.11.2024) ലഭ്യമാക്കിയ മറുപടിയിൽ കരാറുകാരനിൽ നിന്നും തുക ഈടാക്കി ഒടുക്കുവരുത്തുന്നതാണ് എന്ന് അറിയിച്ചു. 6,071/- രൂപ ഒടുക്കുവരുത്തി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-41 ഹോമിയോ മരുന്നുകൾ പൂർണമായി ലഭ്യമായില്ല - 83,789/- രൂപ തടസ്സം ചെയ്യുന്നു

| | |
|---|---|
| പ്രോജക്റ്റ് നമ്പർ, പേര് | S0125/24<br>ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങൽ |
| അടങ്കൽ | മെയിന്റനൻസ് ഫണ്ട് റോഡിതരം - ₹3,00,000/- |
| ചെലവ് | മെയിന്റനൻസ് ഫണ്ട് റോഡിതരം - ₹3,00,000/- |
| ബിൽ നമ്പർ | 401/24.11.2023 |
| നിർവ്വഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ - ഹോമിയോ |

ശ്രിനിവാസപുരം ഹോമിയോ ഡിസ്പെൻസറിക്കും പാളയംകുന്ന് ഹോമിയോ ഡിസ്പെൻസറിക്കും വേണ്ടി 3,00,000/- രൂപയ്ക്കുള്ള ഹോമിയോ മരുന്നുകൾ വാങ്ങാനാണ് പദ്ധതിയുടെ ലക്ഷ്യം. ഇതിനായി ഹോംകോ എന്ന സ്ഥാപനത്തിനാണ് ഓർഡർ നൽകിയത് (Invoice PF-632/12.10.2023). ചുവടെ ചേർത്തിരിക്കുന്ന രീതിയിലാണ് മരുന്നുകൾ ഭാഗികമായി ലഭ്യമായിരിക്കുന്നത്.

| ഇൻവോയിസ് നമ്പർ | തീയതി | ഇൻവോയ്സുകൾ പ്രകാരം ലഭ്യമായ മരുന്ന് (₹) |
|---|---|---|
| LF-131 | 13/5/2024 | 45,298/- |
| LF-1564 | 09/11/2024 | 75,506/- |
| LF-126 | 13/5/2024 | 95,407/- |

മേൽ പത്രിക പ്രകാരം 2,16,211/- രൂപയുടെ മരുന്നുകൾ ലഭിച്ചിട്ടുണ്ട്. അവശേഷിക്കുന്ന 83,789/- രൂപയ്ക്കുള്ള മരുന്നുകൾ ലഭിക്കാത്തതിന്റെ കാരണം ലഭ്യമാക്കാൻ നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (27/22.11.2024 ബാക്കി തുകയ്ക്കുള്ള മരുന്നുകൾ എത്രയും പെട്ടന്ന് അയച്ചു തരാമെന്ന് ഹോംകോ അറിയിച്ചിട്ടുണ്ട് എന്ന മറുപടിയാണ് ലഭ്യമായത്. ലഭിക്കാൻ ശേഷിക്കുന്ന മരുന്നിന്റെ വിലയായ 83,789/- രൂപയുടെ ചെലവ് തടസ്സം ചെയ്യുന്നു. മരുന്നുകൾ ലഭ്യമായാലുടൻ തന്നെ അവ സ്റ്റോക്കിലെടുത്ത് ബില്ലുകളുടെ പകർപ്പ് സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-42 Road Restoration ഫീസ്- പ്രയോജനപ്പെടുത്താൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

2022-23 സാമ്പത്തിക വർഷത്തിൽ ജൽ ജീവൻ മിഷനിൽ നിന്നും റോഡ് റെസ്റ്റൊറേഷൻ ചാർജിനത്തിൽ 2,00,00,000 രൂപ ലഭിച്ചിട്ടുണ്ട്. പ്രസ്തുത തുക അനുവദിച്ച നടപടിക്രമത്തിന്റെ പകർപ്പ് ഓഡിറ്റിൽ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. റോഡ് റെസ്റ്റൊറേഷൻ ചാർജ് ഇനത്തിലെ തുക 2023-24 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രികയിലെ ബാലൻസ് ഷീറ്റിൽ ചെലവഴിക്കപ്പെടാതെ അവശേഷിക്കുന്നതായി രേഖപ്പെടുത്തിയിട്ടുണ്ട് (പട്ടിക B4- Code No 320100148). തുകയുടെ വിനിയോഗം സംബന്ധിച്ച പഞ്ചായത്ത് ഭരണസമിതി തീരുമാനങ്ങൾ, തുക നിലവിലും ഉപയോഗിക്കാതെ അവശേഷിക്കുന്നതിന്റെ കാരണം എന്നിവ ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 63/30-11-2024) 2024-25 സാമ്പത്തിക വർഷത്തെ പദ്ധതിയിൽ റോഡ് ടാറിംഗ് പ്രവൃത്തികൾ പ്രസ്തുത തുക ഉപയോഗിച്ച് ഏറ്റെടുത്തിട്ടുണ്ടെന്ന് സെക്രട്ടറി മറുപടി ലഭ്യമാക്കി. റോഡ് റെസ്റ്റോറേഷൻ ചാർജ്ജിനത്തിൽ ജൽ ജീവൻ മിഷനിൽ നിന്നും ലഭിച്ച തുക പൂർണ്ണമായും പ്രസ്തുത ആവശ്യത്തിനായിത്തന്നെ വിനിയോഗിക്കേണ്ടതും ഇതിന്മേൽ സ്വീകരിക്കുന്ന തുടർ നടപടി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-43 ജനറൽ കമ്മിറ്റി തീരുമാനങ്ങൾ - തുടർ നടപടി വിവരങ്ങൾ അറിയിക്കേണ്ടതാണ്.

ചെമ്മരുതി ഗ്രാമ പഞ്ചായത്തിലെ 2023-24 ലെ താഴെപ്പറയുന്ന ജനറൽ കമ്മിറ്റി തീരുമാനങ്ങളിന്മേൽ ഉചിതമായ തുടർനടപടികൾ ഉണ്ടായിട്ടില്ല എന്ന് കാണുന്നു. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | തീയതി, തീരുമാനം നമ്പർ | കമ്മിറ്റി തീരുമാനം | തുടർനടപടി വിവരം |
|---|---|---|---|
| 1 | 29.07.23 - 29(1) | ചെമ്മരുതി ഗ്രാമപഞ്ചായത്തിലെ ചുവടെ ചേർക്കുന്ന റോഡുകൾ ആസ്തിയിൽ ചേർക്കുന്നതിന് എൽ.എസ്.ജി.ഡി അസിസ്റ്റന്റ് എൻജിനീയറെ ചുമതലപ്പെടുത്തി ഭരണസമിതി യോഗം തീരുമാനിച്ചു.<br>1) കണ്ണങ്കര ക്ഷേത്രം റോഡ്(വാർഡ് 2)<br>2) പട്ടർമുക്ക് മൂർത്തി ക്ഷേത്രം റോഡ്(വാർഡ് 14) | നിലവിൽ ആസ്തിയിൽ ഉൾപ്പെടുത്താൻ കഴിഞ്ഞിട്ടില്ല. |
| 2 | 30.11.23 - 7(1) | ടേക്ക് എ ബ്രേക്ക് തുടർന്ന് പ്രവർത്തിക്കുന്നതിന് കുടുംബശ്രീ പ്രവർത്തകരെ ചുമതലപ്പെടുത്തി തീരുമാനിച്ചു. | ഇതു സംബന്ധിച്ച് ഗ്രാമ പഞ്ചായത്ത് മറുപടി ലഭ്യമാക്കിയില്ല. |
| 3 | 30.11.23 - 11(1) | ചെമ്മരുതി ഗ്രാമപഞ്ചായത്തിന്റെ X -ാം വാർഡ് വലിയവിള വേലൻ കോണം സർവ്വേ നം. 334/13 പുറമ്പോക്ക് ഇടവഴി പഞ്ചായത്ത് ആസ്തിയിൽ ഉൾപ്പെടുത്തുന്നതിന് തീരുമാനിച്ചു. | സർവ്വേ സ്കെച്ച് ലഭ്യമാകാത്തതിനാൽ ആസ്തി രജിസ്റ്ററിൽ ഉൾപ്പടുത്തിയിട്ടില്ല. |
| 4 | 16.12.23 - 3(1) | ചെമ്മരുതി ഗ്രാമപഞ്ചായത്തിലെ പകൽ വീട്, വി.ഇ.ഒ ഓഫീസ്, വെറ്റിനറി ഡിസ്പെൻസറി എന്നിവിടങ്ങളിൽ മുറിച്ചിട്ടിരിക്കുന്ന മരങ്ങളും മൂന്നാം വാർഡ് അംഗൻവാടിയിൽ അപകടകരമായി നിൽക്കുന്ന പ്ലാവിന്റെയും വാല്യൂവേഷൻ ഫോറസ്റ്റ് ഓഫീസിൽ നിന്നും ലഭിക്കുന്ന മുറയക്ക് ലേലം ചെയ്യുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തി തീരുമാനിച്ചു. | ലേല നടപടികൾ കൈക്കൊണ്ടതായി മറുപടിയിൽ അറിയിച്ചു. എന്നാൽ വിശദാംശങ്ങൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. |
| 5 | 06.02.24 - 7(1) | ചെമ്മരുതി ഗ്രാമപഞ്ചായത്ത്- വാർഡ് 2, 3 - മെമ്പർമാർ നല്കിയ കത്ത് പ്രകാരം കണ്ണങ്കര ഇടവിളാകം കോളനി റോഡ്, കോവൂർ മംഗലത്ത് കാഷ്യൂ ഫാക്ടറി കോളനി റോഡ് എന്നിവ ആസ്തി രജിസ്റ്ററിൽ ചേർക്കുന്നതിന് തുടർനടപടി സ്വീകരിക്കാൻ അസി.എൻജിനീയറെ ചുമതലപ്പെടുത്തി തീരുമാനിച്ചു. | Land Relinquishment Form, സകെച്ച് എന്നിവ ലഭ്യമാക്കാത്തതിനാൽ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല. |

മേൽ ജനറൽ കമ്മിറ്റി തീരുമാനങ്ങളുടെ തുടർ നടപടിവിവരങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-44 ദുരിതാശ്വാസനിധി - വരവു ചെലവുകളില്ല

2003 ലെ കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങളിലെ ചട്ടം 3 പ്രകാരം പേമാരി, വെള്ളപ്പൊക്കം, പ്രകൃതിക്ഷോഭം, അഗ്നിബാധ, കൊടുങ്കാറ്റ്, കടലാക്രമണം അത്യാഹിതം, മാറാരോഗങ്ങൾ എന്നിവ മൂലം ദുരിതമനുഭവിക്കുന്നവരും ഗ്രാമ പഞ്ചായത്ത് പ്രദേശങ്ങളിൽ നിവസിക്കുന്നവരും നിർദ്ധനരുമായ വ്യക്തികൾക്ക് അവരുടെ ദുരിതനിവാണാർത്ഥം അടിയന്തിര ധനസഹായം നൽകുന്നതിനായി ഓരോ ഗ്രാമപഞ്ചായത്തിനും ഒരു പ്രമേയം മൂലം, ഗ്രാമ പഞ്ചായത്തിന്റെ മറ്റ് ഫണ്ടുകളിൽ നിന്നും വേറിട്ട് സൂക്ഷിക്കുന്ന ഒരു ദുരിതാശ്വാസ നിധി രൂപീകരിക്കാവുന്നതും അത് ഗ്രാമപഞ്ചായത്തിന്റെ ദുരിതാശ്വാസ നിധി എന്നറിയപ്പെടുന്നതുമാണ്.
മേൽ ചട്ടങ്ങളിലെ ചട്ടം 4 (3) പ്രകാരം നിധിയിലേക്ക് ധനം സമാഹരിക്കുന്നതിനുള്ള നടപടികൾ

ഏകോപിപ്പിക്കുന്നതിനും നിധിയിൽ നിന്നുള്ള ധനസഹായത്തിനായി ലഭിക്കുന്ന അപേക്ഷകൾ പരിശോധിക്കുന്നതിനും തീരുമാനം എടുക്കുന്നതിനുമായി പ്രസിഡന്റും ഗ്രാമപഞ്ചായത്ത് അംഗങ്ങളിൽനിന്നും തെരഞ്ഞെടുക്കുന്ന ഒരംഗവും സെക്രട്ടറിയും അടങ്ങുന്ന ഒരു പഞ്ചായത്ത് സബ്കമ്മിറ്റി ഉണ്ടായിരിക്കേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. പ്രസ്തുത സബ് കമ്മിറ്റിയുടെ ചെയർമാൻ പ്രസിഡന്റും കൺവീനർ സെക്രട്ടറിയുമാണ്. ചട്ടം 5 പ്രകാരം നിധിയെ സംബന്ധിച്ച വരവുചെലവ് കണക്കുകൾ സെക്രട്ടറി അല്ലെങ്കിൽ അദ്ദേഹം ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥൻ ഒരു ക്യാഷ് ബുക്കിൽ എഴുതി സൂക്ഷിച്ച് പോരേണ്ടതുമാണ്.

ചെമ്മരുതി ഗ്രാമപഞ്ചായത്തിൽ ഇപ്രകാരം ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടുണ്ടെങ്കിൽ ആയത് സംബന്ധിച്ച രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കുവാൻ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 38/25.11.2024) ലഭ്യമാക്കിയ മറുപടിയിൽ ചെമ്മരുതി ഡിസ്ട്രിക്ട് കോ-ഓപ്പറേറ്റീവ് ബാങ്കിൽ അക്കൌണ്ട് (നം. 12807) ആരംഭിച്ചിട്ടുണ്ടെന്ന് മാത്രം മറുപടി നൽകി. ലഭ്യമാക്കിയ ബാങ്ക് സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽ പ്രസ്തുത അക്കൌണ്ടിൽ തുകയൊന്നും തന്നെ ബാലൻസ് ഇല്ല എന്നും ട്രാൻസാക്ഷൻ ഒന്നും തന്നെ നടന്നിട്ടില്ല എന്നും കണ്ടു. ഗ്രാമ പഞ്ചായത്തിൽ ദുരിതാശ്വാസ നിധിയ്ക്കായി പഞ്ചായത്ത് സബ്കമ്മിറ്റി രൂപീകരിച്ചതിന്റെ രേഖകൾ, മിനിട്ട്സ് ബുക്ക്, വരവു ചെലവു കണക്കുകൾ എഴുതി സൂക്ഷിക്കുന്ന ക്യാഷ് ബുക്ക് എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

വ്യക്തികൾ, സംഘടനകൾ, സ്ഥാപനങ്ങൾ എന്നിവരിൽ നിന്നും സംഭാവനകൾ സ്വീകരിച്ചും, കലാ കായിക വിനോദ പരിപാടികൾ സംഘടിപ്പിച്ചും ഗ്രാമ പഞ്ചായത്തിന്റെ ദുരിതാശ്വാസ നിധിയിലേക്ക് ധനം സ്വരൂപിക്കാവുന്നതും ദുരിതമനുഭവിക്കുന്ന അർഹതപ്പെട്ട വ്യക്തികൾക്ക് മേൽ ചട്ടപ്രകാരം അടിയന്തിര ധനസഹായം അനുവദിക്കാവുന്നതുമാണ്. ദുരിതാശ്വാസ നിധിയ്ക്കായി സബ് കമ്മിറ്റി രൂപീകരിക്കേണ്ടതും മിനിട്ട്സ് ബുക്ക്, ക്യാഷ് ബുക്ക് എന്നിവ പരിപാലിക്കേണ്ടതുമാണ്.

## 1-45 ശുചിത്വവും സുസ്ഥിരതയും ഉറപ്പാക്കൽ - ഹരിതകർമ്മസേന മുഖാന്തിരമുള്ള മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് പ്രകാരം ഖരമാലിന്യങ്ങൾ ശേഖരിക്കുകയും കയ്യൊഴിക്കുകയും ചെയ്യുക, ദ്രവമാലിന്യങ്ങൾ നീക്കം ചെയ്യുന്നത് ക്രമീകരിക്കുക എന്നിവ ഗ്രാമപഞ്ചായത്തുകളുടെ അനിവാര്യ ചുമതലയാണ്. 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 219എ മുതൽ 219എക്സ് വരെയുള്ള വകുപ്പുകളിൽ മാലിന്യങ്ങൾ കൈകാര്യം ചെയ്യുന്നതിനുള്ള മാർഗ നിർദ്ദേശങ്ങളും വ്യക്തമാക്കിയിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന സുസ്ഥിരമായ മാലിന്യ സംസ്കരണ രീതികൾ പ്രോത്സാഹിപ്പിക്കുക, മാലിന്യ സംസ്കരണ മേഖലയിൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുക, മാലിന്യ സംസ്കരണത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് പൊതുജനങ്ങളിൽ അവബോധം വളർത്തുക എന്നീ ലക്ഷ്യങ്ങളോടുകൂടിയാണ് 2013 ൽ ഹരിതകർമ്മ സേന രൂപീകരിച്ചിട്ടുള്ളത്. മാലിന്യ സംസ്കരണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് ഹരിതകർമ്മസേന മുഖാന്തിരവും നേരിട്ടും ഗ്രാമപഞ്ചായത്തിൽ നടപ്പാക്കിയ വിവിധ പ്രവർത്തനങ്ങളുടെയും പ്രസ്തുത പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് ഗ്രാമപഞ്ചായത്തിൽ നിന്നും ലഭ്യമാക്കിയ വിവരങ്ങളുടെയും (ഓഡിറ്റ് എൻക്വയറി നമ്പർ 12/21.11.2024 ന് സെക്രട്ടറി ലഭ്യമാക്കിയ മറുപടി)അടിസ്ഥാനത്തിൽ തയ്യാറാക്കിയ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

### I) മാലിന്യ ശേഖരണം - ഗ്രാമപഞ്ചായത്തിലെ അടിസ്ഥാന വിവരങ്ങൾ

| | | |
|---|---|---|
| 1 | **പഞ്ചായത്തിലെ ആകെ വാർഡുകളുടെ എണ്ണം** | 19 |
| 2 | **ആകെ ജനസംഖ്യ** | 32444 |
| 3 | **വാസഗൃഹങ്ങളുടെ എണ്ണം** | 8427 |
| 4 | **സ്ഥാപനങ്ങൾ** | 530 |

ഗ്രാമപഞ്ചായത്തിലെ മാലിന്യ സംസ്കരണ പ്രവർത്തനങ്ങളുടെ ഭാഗമായി 19 വാർഡുകളിലായി ആകെ 38 ഹരിതകർമ്മസേന അംഗങ്ങളെയാണ് നിയോഗിച്ചിട്ടുള്ളത് {(സ.ഉ(സാധാ)നം.2470/2017/തസ്വഭവ തീ.15.07.2017 പ്രകാരം രൂപീകൃതമായി). ഹരിത കർമ്മ സേനയുടെ സേവനം, ഹരിത കർമ്മ സേനയ്ക്ക് ലഭിക്കേണ്ട സൗകര്യങ്ങൾ എന്നിവ ഉറപ്പാക്കുന്നതിന് തദ്ദേശ സ്വയം ഭരണ സ്ഥാപനവും ഹരിത കർമ്മ സേനയുമായി കരാർ ചമയ്ക്കേണ്ടതാണ് എന്ന് നിഷ്കർഷിച്ചിട്ടുണ്ടെങ്കിലും (സ.ഉ.(സാധാ)നം.1496/2020 ത.സ.ഭ.വ തീ.12.08.2020, സ.ഉ.(സാധാ)നം.1971/2023/LSGD തീ.07.10.2023) ഗ്രാമപഞ്ചായത്തിൽ ഹരിത കർമ്മസേനയും ഗ്രാമപഞ്ചായത്തും തമ്മിൽ നാളിതുവരെ കരാർ ചമച്ചിട്ടില്ല. ഹരിതകർമ്മസേനയുടെ പ്രവർത്തനങ്ങൾക്കായി വാങ്ങിയ വാഹനത്തിന്റെ ഡ്രൈവർമാരായി ഹരിതകർമ്മാസേനാ അംഗങ്ങളെയാണ് നിലവിൽ നിയമിച്ചിട്ടുള്ളത്. ഗ്രാമപഞ്ചായത്തിൽ 100% വാതിൽപ്പടി ശേഖരണം നടപ്പാക്കുക എന്ന ലക്ഷ്യത്തോടെ {20.05.2023 ലെ സ.ഉ.(സാധാ)നം. 1068/2023/LSGD ഉത്തരവ് പ്രകാരം} ശുചിത്വ മിഷൻ കലണ്ടർ പ്രകാരമുള്ള പ്രവർത്തനങ്ങൾ 2023-24 വർഷം നടപ്പാക്കിയിട്ടുണ്ട്. തദ്ദേശ സ്വയം ഭരണ സ്ഥാപനവും ഹരിത കർമ്മ സേനയുമായുള്ള കരാർ ചമയ്ക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

### Ii) മാലിന്യങ്ങൾ ഉറവിടത്തിൽ തരം തിരിക്കൽ

ഉല്പാദകരുടെ ഉത്തരവാദിത്തത്തിൽ ഉറവിടത്തിൽ തന്നെ ജൈവ/അജൈവ മാലിന്യം സംസ്കരിക്കുന്നതിനായി ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടികൾ കാര്യക്ഷമമല്ല. പൊതു സ്ഥലങ്ങളിലും സ്ഥാപനങ്ങളിലും ഇവ തരംതിരിക്കുന്നതിനായി ബിന്നുകളോ മറ്റ് സംവിധാനങ്ങളോ {സ.ഉ (സാധാ)നം.1971/2023/LSGD തീ.07.10.2023}നാളിതുവരെ സ്ഥാപിച്ചിട്ടില്ല. ജൈവ മാലിന്യം സംസ്കരിക്കുന്നതിനായി ബിന്നുകൾ വിതരണം ചെയ്തിട്ടുണ്ട്. ഉറവിടത്തിൽ തന്നെ, തരം തിരിച്ച ജൈവ അജൈവ മാലിന്യങ്ങൾ കൈയ്യൊഴിയുന്നതിന് ആവശ്യമായ സംവിധാനങ്ങൾ ഗ്രാമപഞ്ചായത്ത് മുഖേന നടപ്പാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

**Iii) ആപത്കരമായ മാലിന്യങ്ങൾ, ബയോ മെഡിക്കൽ മാലിന്യങ്ങൾ, ഇ വേസ്റ്റുകൾ**

വ്യാപാര സ്ഥാപനങ്ങളിൽ ഉൾപ്പെടെ ആപത്കരമായ മാലിന്യം ശേഖരിക്കുന്നതിന് ഗ്രാമപഞ്ചായത്ത് മുഖേന പ്രത്യേക ബിന്നുകൾ സ്ഥാപിക്കുന്നതിന് {സ.ഉ.(സാധാ)നം. 1971/2023/LSGD തീ.07.10.2023, G.O.(Rt)No 922/2023/LSGD, തീ. 26.04.2023, സ.ഉ.(സാധാ)നം. 1068/2023/LSGD തീ. 20.05.2023.} നടപടികൾ സ്വീകരിച്ചിട്ടില്ല കൂടാതെ ഗാർഹിക ബയോമെഡിക്കൽ മാലിന്യങ്ങൾ ശേഖരിക്കുന്നതിനും നീക്കം ചെയ്യുന്നതിനും ഗ്രാമപഞ്ചായത്ത് പ്രത്യേകം സംവിധാനം ഒരുക്കിയിട്ടില്ല (16.05.2022 ലെ സ.ഉ.(സാധാ)നം. 1227/2022/LSGD) ഗ്രാമപഞ്ചായത്തിന് കീഴിലുള്ള ആശുപത്രികളിലെ ബയോ മെഡിക്കൽ മാലിന്യങ്ങൾ ബന്ധപ്പെട്ട ഏജൻസി(ഇമേജ്) മുഖാന്തിരമാണ് നിലവിൽ ശേഖരിച്ച് വരുന്നത്. നാപ്കിനുകൾ, സാനിട്ടറി പാഡുകൾ എന്നിവ നിർമ്മാർജ്ജനം ചെയ്യുന്നതിനുള്ള ഇൻസിനറേറ്ററുകൾ ഗ്രാമപഞ്ചായത്ത് ഓഫീസിൽ മാത്രമാണ് സ്ഥാപിച്ചിട്ടുള്ളത്. ആപത്കരമായ ഇ വേസ്റ്റുകൾ ശേഖരിക്കുന്നതിനും ആയത് നീക്കം ചെയ്യുന്നതിനും സർക്കാർ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടെങ്കിലും (സ.ഉ(സാധാ)നം. 479/2021/തസ്വഭവ തീ.17.02.2021 സ.ഉ(സാധാ)നം. 628/2023/തസ്വഭവ തീ. 16.03.2023) ഗ്രാമപഞ്ചായത്ത് മുഖനേ ഇപ്രകാരമുള്ള ഇ വേസ്റ്റുകൾ നിർമ്മാർജ്ജനം ചെയ്യുന്നതിനും നടപടികൾ സ്വീകരിച്ചിട്ടില്ല.


ആപത്കരമായ മാലിന്യങ്ങൾ, ബയോമെഡിക്കൽ മാലിന്യങ്ങൾ, ഇ മാലിന്യങ്ങൾ എന്നിവ ശേഖരിക്കുന്നതിനും നീക്കം ചെയ്യുന്നതിനായി സർക്കാർ നിർദ്ദേശ പ്രകാരമുള്ള സംവിധാനങ്ങൾ ഗ്രാമപഞ്ചായത്ത് മുഖേന നടപ്പാക്കേണ്ടതാണ്.

**Iv) പൊതു ഇടങ്ങളിലേയും, ജല സ്ത്രോതസ്സുകളിലേയും മാലിന്യം നീക്കം ചെയ്യൽ**

പൊതു ഇടങ്ങളിലേയും, ജല സ്ത്രോതസ്സുകളിലേയും മാലിന്യം നീക്കം ചെയ്യുന്നതിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കർമ്മപദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കണമെന്ന് സർക്കാർ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ മഴക്കാലപൂർവ ശുചീകരണ പ്രവർത്തനങ്ങളിലൂടെയും പൊതുജന പങ്കാളിത്തത്തിലൂടെയും തൊഴിലുറപ്പ് പദ്ധതി മുഖേനയും പ്രസ്തുത പ്രവർത്തനങ്ങൾ നടപ്പാക്കിയിട്ടുണ്ട് (26.04.2023 ലെ G.O.(Rt)No. 922/2023/LSGD.) ബഹു ഹൈക്കോടതി പുറപ്പെടുവിച്ച {WP(C)No.7844/2023(S)} നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിലും സർക്കാർ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിലും പൊതു ഇടങ്ങളിലേയും, ജല സ്ത്രോതസ്സുകളിലേയും മാലിന്യം നീക്കം ചെയ്യുന്നതിനായി കർമ്മപദ്ധതികൾ തയ്യാറാക്കി നടപ്പാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

**V) മിനി എം.സി.എഫ്, എം.സി.എഫ്, ആർ.ആർ.എഫ് എന്നിവയുടെ പ്രവർത്തനം**

ഗ്രാമപഞ്ചായത്തിലെ എല്ലാ വാർഡുകളിലുമായി 24 മിനി എം.സി.എഫ് സ്ഥാപിച്ചിട്ടുണ്ട്. ശിവപുരത്ത് 1100 ചതുരശ്ര അടിയും, തോക്കാട് 1250 ചതുരശ്ര അടിയും വിസ്തീർണ്ണമുള്ള രണ്ട് എം.സി.എഫ് പ്രവർത്തിക്കുന്നു. എം.എസി.എഫ് കെട്ടിടങ്ങളിൽ സ്റ്റോറേജ് ഏര്യ മാത്രമാണ് വേർതിരിച്ചിട്ടുള്ളത് എം.സി.എഫിൽ ആവശ്യമായ ബെയലിംഗ് മെഷീൻ, കൺവെയർ ബെൽറ്റ് എന്നിവ സ്ഥാപിക്കുകയോ കെട്ടിടത്തിൽ ടിപ്പിംഗ് ഏരിയ, സോർട്ടിംഗ് ഏരിയ, മെഷീണറി ഏരിയ, എന്നിവ വേർതിരിക്കുകയോ ചെയ്തിട്ടുമില്ല. എം.സി.എഫിലെ അടിസ്ഥാന സൗകര്യങ്ങൾ, ഉറപ്പാക്കുന്നതിനാവശ്യമായ സർക്കാർ നിർദ്ദേശപ്രകാരമുള്ള {സ.ഉ.(സാധാ)നം. 1971/2023/LSGD തീ.07.10.2023} പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കേണ്ടതാണ്.



**എം.സി.എഫ് ചാവർകോട്**



**എം.സി.എഫ് തോക്കാട്**

Vi) മാലിന്യങ്ങളുടെ ശേഖരണവും മാലിന്യങ്ങൾ നീക്കം ചെയ്യലും

ഹരിതകർമ്മസേന മുഖേന ശേഖരിക്കുന്ന മാലിന്യങ്ങൾ പാൻഡോസ് ഇക്കോ സൊല്യൂഷൻ പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനം മുഖേനെയാണ് നീക്കം ചെയ്തിട്ടുള്ളത്. 2023-24 വർഷത്തെ മാലിന്യ

നീക്കത്തിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| | |
|---|---|
| ഓഡിറ്റ് വർഷം ശേഖരിച്ച ആകെ മാലിന്യത്തിന്റെ അളവ് | 61200 Kg |
| കരാർ സ്ഥാപനത്തിന് തരം തിരിച്ച് നൽകിയ മാലിന്യത്തിന്റെ/പാഴ്‌വസ്തുക്കളുടെ അളവ് | 62013 Kg |
| തരം തിരിക്കാതെ നൽകിയ മാലിന്യത്തിന്റെ (ലെഗസി) അളവ് | 18390 Kg |
| മാലിന്യം/പാഴ്‌വസ്തുക്കൾ വിറ്റ വകയിൽ ലഭിച്ച തുക (രൂപ) | 3,22,475/- |
| ലെഗസി മാലിന്യം ഏറ്റെടുത്ത വകയിൽ കരാർ സ്ഥാപനത്തിന് നൽകിയ തുക (രൂപ) | 1,53,300 |

മാലിന്യം കൃത്യമായും തരം തിരിച്ച് നൽകുന്നതിന് ഹരിത കർമ്മസേന അംഗങ്ങൾക്ക് ആവശ്യമായ പരിശീലനം നൽകേണ്ടതും മാലിന്യ നീക്കം കാര്യക്ഷമമാക്കി ഹരിത കർമ്മസേനയുടെ വരുമാനം വർദ്ധിപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

**Vii) മാലിന്യ ചട്ടങ്ങളുടെ ലംഘനവും ബൾക്ക് വേസ്റ്റ് ജനറേറ്ററുകളിലെ പരിശോധനയും**

മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട സർക്കാർ/കോടതി ഉത്തരവുകളുടെയും ചട്ടങ്ങളുടെയും നിയമങ്ങളുടെയും ലംഘനം കണ്ടെത്തി കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കുന്നതിനായി ഹെൽത്ത് ഇൻസ്പെക്ടറുടെ നേതൃത്വത്തിൽ പ്രത്യേക വിജിലൻസ് സ്ക്വാഡ് ഗ്രാമപഞ്ചായത്തിൽ രൂപീകരിച്ചിട്ടുണ്ട് (04.08.2023 ലെ തദ്ദേശ സ്വയം ഭരണ അഡീഷണൽ ചീഫ് സെക്രട്ടറിയുടെ 1/5826040/23 -ാം നമ്പർ സർക്കുലർ പ്രകാരം). 2023-24 സാമ്പത്തിക വർഷത്തിൽ മാലിന്യച്ചട്ടങ്ങൾ ലംഘിച്ച വ്യക്തികൾ/സ്ഥാപനങ്ങളിൽ നിന്നും പിഴ ഇനത്തിൽ 30,000 രൂപ പിരിച്ചെടുത്തിട്ടുണ്ട്. ഗ്രാമപഞ്ചായത്തിലെ ബൾക്ക് വേസ്റ്റ് ജനറേറ്റർ ഉൾപ്പെടയുള്ള സ്ഥാപനങ്ങളിൽ നിശ്ചിത ഇടവേളകളിൽ വിജിലൻസ് സ്ക്വാഡ് പരിശോധന കർശനമായും നടപ്പാക്കേണ്ടതും മാലിന്യ സംസ്കരണ പ്രവർത്തനങ്ങളിലെ ചട്ടലംഘനങ്ങൾ തടയേണ്ടതുമാണ്.

**Viii) ഹരിതമിത്രം ആപ്പ്, ഹരിത കർമ്മസേനയുടെ യൂസർ ഫീ, മറ്റ് വരവുകൾ**

ഗ്രാമപഞ്ചായത്തിലെ എല്ലാ വീടുകളിലും സ്ഥാപനങ്ങളിലും ക്യൂ ആർ കോഡ് പതിപ്പിച്ച് ഹരിത കർമ്മസേന മുഖേനയുള്ള സേവനങ്ങൾ നടപ്പാക്കിയിട്ടുണ്ട് എന്നാണ് അറിയിച്ചത്. സ.ഉ.(സാധാ)നം 2481/2023/LSGD തീ.13.12.2023 പ്രകാരമുള്ള വിവിധ വിഭാഗത്തിൽപ്പെട്ടവർക്ക് യൂസർ ഫീ ഇളവ് നൽകിയിട്ടുണ്ടെങ്കിലും പ്രസ്തുത ഫീസിന് ആനുപാതികമായ തുക ഗ്രാമപഞ്ചായത്തിൽ നിന്നും ഹരിതകർമ്മസേനയ്ക്ക് നൽകിയിട്ടില്ല. പൊതു പരിപാടികൾ, ആഘോഷങ്ങൾ, മീറ്റിംഗുകൾ ഓഡിറ്റോറിയങ്ങൾ എന്നിവിടങ്ങളിലെ അധിക മാലിന്യ ശേഖരണത്തിനും, ഗ്രീൻ പ്രോട്ടോക്കോൾ നടപ്പിലാക്കുന്നതിനും യൂസർ ഫീ ഈടാക്കി സേവനം നൽകുന്നതിനും 2023-24 വർഷം ഗ്രാമപഞ്ചായത്ത് നടപടികളൊന്നും സ്വീകരിച്ചിട്ടില്ല (07.10.2023 ലെ സ.ഉ.(സാധാ)നം. 1971/2023/LSGD). ആയതിനാൽ ഹരിത കർമ്മസേനയ്ക്ക് ഇപ്രകാരം വരവും ലഭിക്കുന്നില്ല. ഹരിതകർമസേനയുടെ 2023-24 വർഷത്തെ പ്രധാന വരവ് വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| ഓഡിറ്റ് വർഷം യൂസർ ഫീ ഇനത്തിൽ ലഭിച്ച തുക | 35,78,650 രൂപ |
| ഹരിത ചട്ട ലംഘനങ്ങളുടെ പിഴ ഈടാക്കിയ ഇനത്തിൽ ലഭിച്ച തുക | 30,000 |
| മാലിന്യം/പാഴ്‌വസ്തുക്കൾ വിറ്റ വകയിൽ ലഭിച്ച തുക | 3,22,475 |

സ.ഉ.(സാധാ)നം. 1971/2023/LSGD) ഭാഗമായി ശരാശരി 10,000 രൂപ മാസവരുമാനം ഹരിതകർമ്മസേന അംഗങ്ങൾക്ക് ഉറപ്പാക്കണമെന്ന് നിർദ്ദേശിച്ചെങ്കിലും ഗ്രാമപഞ്ചായത്തിലെ അംഗങ്ങൾക്ക് പ്രസ്തുത തുക ലഭിക്കുന്നില്ല. കൂടാതെ ഹരിത കർമ്മസേന മുഖാന്തിരം മറ്റ് സംരഭക പ്രവർത്തനങ്ങളും നടപ്പാക്കിയിട്ടില്ല ഹരിത കർമ്മസേനയുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനായി വിവിധ ബദൽ ഉത്പന്നങ്ങളുടെ നിർമ്മാണവും മറ്റ് സംരഭ പ്രവർത്തനങ്ങളുടെ {സ.ഉ.(സാധാ)നം. 1496/2020/LSGD തീ. 12.08.2020 ഖണ്ഡിക 13 14} സാധ്യതകൾ കൂടി പ്രയോജനപ്പെടുത്തേണ്ടതും സർക്കാർ നിർദ്ദേശപ്രകാരമുള്ള പ്രതിമാസ വരുമാനം ഉറപ്പാക്കേണ്ടതുമാണ്.

**Ix) മാലിന്യ നിർമ്മാർജ്ജനത്തിനായി ബോധവത്കരണവും പ്രചാരണവും പാരിതോഷികവും**

മാലിന്യനിർമാജനത്തിനായി ബോധവത്കരണം പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിനും യുവജന വിദ്യാർത്ഥി സംഘടനകൾ, ക്ലബ്ബുകൾ മറ്റ് കൂട്ടായ്മകൾ എന്നിവരുടെ സേവനം ലഭ്യമാക്കുന്നതിനും നടപ്പാക്കുന്നതിനും സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട് {സ.ഉ.(സാധാ)നം. 1971/2023/LSGD തീ.07.10.2023)} ഗ്രാമപഞ്ചായത്തിൽ 2023-24 വർഷത്തിൽ വിവിധ ബോധവത്കരണ സെമിനാറകളും ക്യാമ്പയ്നുകളും നടപ്പാക്കിയിട്ടുണ്ട്. യുവജന വിദ്യാർത്ഥി സംഘടനകൾ, ക്ലബ്ബുകൾ മറ്റ് കൂട്ടായ്മകൾ എന്നിവയെ പരമാവധി പ്രയോജനപ്പെടുത്തി ഗ്രാമപഞ്ചായത്തിലെ മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കേണ്ടതും ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ വരുന്ന ഗാർബേജ് വൾണറബിൾ പോയിന്റുകളിലും മാലിന്യം കെട്ടി കിടക്കുന്ന പ്രദേശങ്ങളിലും എൻ.എസ്.എസ് മുഖനേയുള്ള മാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതുമാണ് ({സ.ഉ.(സാധാ)നം. 1889/2023/LSGD തീ.23.09.2023 സ.ഉ.(സാധാ)നം. 1496/2023/HEDN തീ.09.10.2023). കൂടാതെ സ.ഉ(സാധാ)നം. 1200/2023/LSGD തീ.09.06.2023

പ്രകാരമുള്ള പാരിതോഷികങ്ങൾ നൽകുന്നതിന്റെ സാധ്യതകൾ കൂടി പ്രയോജനപ്പെടുത്തേണ്ടതും സമൂഹ മാധ്യങ്ങളിൽ ഉൾപ്പടെ ആയതിന് പരമാവധി പ്രചാരണം നൽകേണ്ടതുമാണ്.

**X) മാലിന്യ നിർമ്മാജ്ജന പ്രവർത്തനങ്ങളുടെ മോണിറ്ററിംഗ്**

ഹരിത കർമ്മസേന പ്രവർത്തനങ്ങൾ മോണിറ്ററിംഗ് ചെയ്യുന്നതിനായി ഹരിതമിത്രം ആപ്പ് വഴി ജനറേറ്റ് ചെയ്യുന്ന റിപ്പോർട്ടുകൾ ആഴ്ചയിലൊരിക്കൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറി അവലോകനം ചെയ്യേണ്ടതും വാർഡ് അടിസ്ഥാനത്തിലുള്ള റിപ്പോർട്ടുകൾ, വാർഡ് മെമ്പർമാർക്ക് നൽകേണ്ടതുമാണെന്ന് സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. {സ.ഉ.(സാധാ) നം.2231/2023/LSGD തീ.12.11.2023 പ്രകാരം.}. 2023-24 വർഷം മേൽ ഉത്തരവ് പ്രകാരമുള്ള മോണിറ്ററിംഗ് നടപടികൾ ഗ്രാമപഞ്ചായത്തിൽ സ്വീകരിച്ചിട്ടുണ്ട്.പൊതു സ്ഥലങ്ങളിൽ മാലിന്യങ്ങൾ നിക്ഷേപിക്കുന്നത് തടയുന്നതിനാവശ്യമായ സി.സി.ടി.വി ക്യാമറ സ്ഥാപിക്കുന്നത് ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിന് സർക്കാർ നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും {സ.ഉ (സാധാ)നം. 1971/2023/LSGD തീ.07.10.2023} ഗ്രാമപഞ്ചായത്ത് മുഖേന ഇപ്രകാരം ക്യാമറകൾ സ്ഥാപിച്ച് മോണിറ്ററിംഗ് പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടപ്പാക്കിയിട്ടില്ല. ഹരിതമിത്രം ആപ്പ് മുഖേന ഗ്രാമപഞ്ചായത്ത് തലത്തിലുള്ള മോണിറ്ററിംഗ് പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കേണ്ടതും പൊതു സ്ഥലങ്ങളിൽ മാലിന്യങ്ങൾ നിക്ഷേപിക്കുന്നത് തടയുന്നതിനാവശ്യമായ സി.സി.ടി.വി ക്യാമറ സ്ഥാപിക്കുന്നത് ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾ നടപ്പാക്കി ഗ്രാമപഞ്ചായത്തിനെ മാലിന്യ മുക്തമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-46 പാലിയേറ്റീവ് കെയർ വാഹനം ഉപയോഗം അപാകങ്ങൾ

പാലിയേറ്റീവ് കെയർ വാഹനത്തിന്റെ (നം. KL01C 13 3806) ഇന്ധനക്ഷമത ടെസ്റ്റിന്റെ സർട്ടിഫിക്കറ്റ് ലോഗ്ബുക്കിനോടൊപ്പം ചേർത്തിട്ടില്ല. കൂടാതെ ലോഗ്ബുക്കിൽ Monthly Abstract എഴുതുകയോ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ ഇത് പരിശോധിക്കുകയോ ചെയ്തിട്ടില്ല. ആയതിനാൽ വാഹനത്തിന്റെ ഇന്ധന ഉപഭോഗം സംബന്ധിച്ച് പരിശോധിക്കുവാൻ സാധിച്ചിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം 45/27.11.2024 ന് ഓഡിറ്റ് കാലയളവിൽ വാഹനത്തിന്റെ ഇന്ധനക്ഷമതാടെസ്റ്റ് നടത്തിയിരുന്നില്ലായെന്നും ഈ വർഷം ടെസ്റ്റ് നടത്തിയിട്ടുണ്ടെന്നും, നിലവിൽ ലോഗ്ബുക്കിൽ Monthly Abstract എഴുതി സൂക്ഷിക്കുന്നുണ്ടെന്നും മറുപടി ലഭ്യമാക്കി.

## 1-47 ഉപകരണങ്ങളും റീ എജന്റും വാങ്ങുന്നതിനുള്ള പദ്ധതിയിൽ ഫർണ്ണിച്ചർ വാങ്ങി.

| | |
|---|---|
| പ്രോജക്ട് നമ്പർ | 281/24 |
| പ്രോജക്ടിന്റെ പേര് | ഉപകരണങ്ങളും റീ എജന്റും വാങ്ങൽ |
| അടങ്കൽ തുക | 10,48,000/- |
| ചെലവ് തുക | 75,746/- |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ |

ആശുപത്രി ഉപകരണങ്ങളും റീ ഏജന്റും വാങ്ങുന്നതിനുള്ള ഈ പദ്ധതിയിൽ സിഡ്കോയിൽ നിന്നും 70,746/- രൂപയ്ക്ക് ഫർണ്ണിച്ചറുകൾ വാങ്ങിയിട്ടുണ്ട്. ഇപ്രകാരം പ്രോജക്ടിൽ ഉൾപ്പെടാത്ത ഫർണ്ണിച്ചർ വാങ്ങൽ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം. 65/30.11.2024 ന് ഈ പ്രോജക്ടിൽ കുടുംബക്ഷേമ ഉപകേന്ദ്രങ്ങളിലേയ്ക്ക് ഫർണ്ണിച്ചർ വാങ്ങൽ എന്നയിനത്തിൽ 1,48,000/- രൂപ തെറ്റായി ഉൾക്കുറിപ്പ് രേഖപ്പെടുത്തിയിരുന്നതിലാണ് ഇങ്ങനെ വാങ്ങൽ നടത്തിയത് എന്ന് മറുപടി ലഭ്യമാക്കി. പദ്ധതി പ്രകാരം തുക വകയിരുത്തിയിട്ടുള്ള ഇനങ്ങളിൽ മാത്രമേ ചെലവ് നടത്താനാകൂ. ടി പദ്ധതിയുടെ മോണിറ്ററിംഗ് സമിതി റിപ്പോർട്ട് ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 1-48 പത്രപരസ്യം സർക്കാർ ഉത്തരവ് പ്രകാരമുള്ള നിരക്കിനേക്കാൾ ഉയർന്ന നിരക്കിൽ തുക നൽകി.

സർക്കാർ ഉത്തരവ്(അച്ചടി) നം. 5/2021/ഐ &പി.ആർ.ഡി തീയതി 11.10.2021 പ്രകാരം സർക്കാർ പരസ്യങ്ങൾ അച്ചടി മാധ്യമങ്ങളിൽ പ്രസിദ്ധീകരിക്കതിന് നൽകേണ്ട പരസ്യനിരക്കുകളിൽ അല്ല ചുവടെ ചേർത്തിരിക്കുന്ന പരസ്യങ്ങൾ നൽകിയതിന് ചെലവ് ചെയ്തിരിക്കുന്നത്.

| വൗച്ചർ നം/ തീയതി | പത്രം | അളവ് (ചതുരശ്ര സെന്റീമീറ്റർ) | സർക്കാർ ഉത്തരവ് പ്രകാരം നൽകേണ്ട തുക ചതുരശ്ര സെന്റീമീറ്ററിന് (തിരുവനന്തപുരം എഡിഷൻ) | നൽകിയ തുക (ചതുരശ്ര സെന്റീമീറ്ററിന്) |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 22300103/25.04.2023 | ദേശാഭിമാനി | 32 | 57 നിരക്കിൽ ആകെ 2,201/- രൂപ | 225 രൂപ നിരക്കിൽ ആകെ 6,426/- രൂപ |
| 22300326/21.06.2023 | മലയാള മനോരമ | 30.40 | 124 നിരക്കിൽ ആകെ 3,365/- രൂപ | ചതുരശ്ര സെന്റീമീറ്റർ 1,000/- രൂപ നിരക്കിൽ ആകെ 16,439/- രൂപ |
| 22300574/21.06.2023 | മലയാള മനോരമ | 40 | 124 നിരക്കിൽ ആകെ 4,427/- രൂപ | ചതുരശ്ര സെന്റീമീറ്റർ 180/- രൂപ നിരക്കിൽ ആകെ 7,560/- രൂപ |
| 22300326/21.06.2023 | മലയാള മനോരമ | 19 | 124 നിരക്കിൽ ആകെ 2,103/- രൂപ | ചതുരശ്ര സെന്റീമീറ്റർ 1,000/- രൂപ നിരക്കിൽ ആകെ 10,274/- രൂപ |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം. 60/30.11.2024 ന് സർക്കാർ ഉത്തരവ് പ്രകാരമുള്ള നിരക്കുകളിൽ പരസ്യങ്ങൾ പ്രസിദ്ധീകരിക്കുന്നതിന് അച്ചടി മാധ്യമങ്ങൾ വിമുഖത കാണിക്കുകയും പരസ്യം പത്രങ്ങളിൽ പ്രസിദ്ധീകരിക്കാത്ത അവസ്ഥയാണുള്ളതെന്നും, പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് പത്രപരസ്യം നിർബന്ധമായതിനാലും സമയബന്ധിതമായി പദ്ധതി നടപടികൾ പൂർത്തീകരിക്കേണ്ടതിനാലും അച്ചടി മാധ്യമങ്ങൾ ആവശ്യപ്പെടുന്ന നിരക്കിൽ തുക നൽകേണ്ടതായി വന്നതെന്നും വരും വർഷങ്ങളിൽ സർക്കാർ ഉത്തരവ് പ്രകാരമുള്ള നിരക്കിൽ തുക നൽകുന്നതാണെന്നും മറുപടി ലഭ്യമാക്കി. സർക്കാർ നിശ്ചയിച്ചിട്ടുള്ള നിരക്കിൽ I&PRD വകുപ്പ് മുഖാന്തരം മാത്രം പത്രപ്പരസ്യം നൽകാൻ ശ്രദ്ധിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 എം ബുക്ക് പ്രകാരമുള്ള പ്രവൃത്തി സ്ഥല പരിശോധനയിൽ കണ്ടെത്താൻ കഴിഞ്ഞില്ല - 6,071/- രൂപയുടെ ചെലവ് നിരാകരിക്കുന്നു.

| | |
|---|---|
| പ്രോജക്റ്റ് | ഞെക്കാട് കുളം റോഡിൽ കലുങ്ക് നിർമ്മാണം (SO229/24) |
| അടങ്കൽ തുക | 2,00,000/- |
| ചെലവ് തുക | 1,76,264 |
| കരാർ | 16/AE/LID&EW/CHTY/2022-23 Dated 19.01.23 |
| ബിൽ നം.,തീയതി | 39/06.06.23- 79,049/-, 145/05.08.23 – 97,215/- |
| നിരക്ക് | ഡി.എസ്.ആർ.2018, C.I. - 35.59% |

അസി. എഞ്ചിനീയർ നിർവ്വഹണം നടത്തിയ പ്രസ്തുത പ്രോജക്ടിന്റെ സ്ഥല പരിശോധനയുടെ ഭാഗമായി ഓഡിറ്റ് ടീം, എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ സാന്നിധ്യത്തിൽ 29.11.2024 ൽ നടത്തിയ സ്ഥലപരിശോധനയിൽ മേൽ പ്രവൃത്തിയുടെ ചുവടെ പറയുന്ന ഇനങ്ങൾ കണ്ടെത്താൻ കഴിഞ്ഞിരുന്നില്ല. (സ്ഥലപരിശോധന റിപ്പോർട്ടിൽ ഇക്കാര്യം എഞ്ചിനീയറിംഗ് വിഭാഗം സാക്ഷ്യപ്പെടുത്തിയിട്ടുമുണ്ട്.)

A) പ്രവൃത്തി ഇനം 1.011 – 10.5 Painting New Coats Includign Primer Coats After Filling The Surface With Synthetic Enamel Paint In All Shades On New Plastered/Concrete Surfaces As Per Drawing And Technical Specification Clause 1701

B) പ്രവൃത്തി ഇനം 1.012 – OD 19602/2022-2023 Providing And Fixing Name Board Using GI Pipe Post,MS Plate And MS Angle Including Painting Letters And Fixing Concrete And Photos.

പ്രസ്തുത പ്രവൃത്തി ഇനങ്ങൾക്കായി മേൽ ബിൽ പ്രകാരം ചുവടെ പറയുന്ന ചെലവുണ്ടായിട്ടുണ്ട്.

| | |
|---|---|
| A) 10.5 Painting New Coats On Concrete Surfaces- | 1962.82 |
| B) OD 19602/2022-2023 Providing And Fixing Name Board | 3234.00 |
| ആകെ | 5196.82 |
| Tender Variaion ( -1% ) | 51.97 |
| | 5144.85 |
| Add GST (18%) | 926.07 |
| ആകെ | 6070.92 |
| Rounded | 6071/- |

മേൽപ്പറഞ്ഞ പ്രകാരം ചെയ്യാത്ത പ്രവൃത്തിക്കായി അനുവദിച്ച 6,071/- രൂപയുടെ ചെലവ് നിരാകരിക്കുന്നു. ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (നം. 62/30.11.2024) ലഭ്യമാക്കിയ മറുപടിയിൽ കരാറുകാരനിൽ നിന്നും തുക ഈടാക്കി ഒടുക്കുവരുത്തുന്നതാണ് എന്ന് അറിയിച്ചു. 6,071/- രൂപ ഒടുക്കുവരുത്തി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# ഭാഗം -4
# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രോജക്ടുകളുടെ വിവരം

| വിഹിതം നൽകിയ സ്ഥാപനം | മുന്നിരിപ്പ് | തൻ വർഷം ലഭിച്ച തുക | പ്രോജക്റ്റിന്റെ പേര് | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 11,46,404 | 5,45,870 | 143/24 കേദാരം നൽകൃഷി | 5,45,870 | 11,46,404 |
| | | 2,00,000 | 115/24 സാന്ത്വന പരിചരണം | 2,00,000 | |
| | | 15,60,000 | 154/24 ലൈഫ് ഭവന നിർമ്മാണം 2023-24 പട്ടിക ജാതി | 15,60,000 | |
| | | 10,00,000 | 148/24 ലൈഫ് ഭവന നിർമ്മാണം 2023-24 | 10,00,000 | |
| | | 2,00,000 | 174/24 ലൈഫ് ഭവന നിർമ്മാണത്തിന് ഭൂമി വാങ്ങൽ ജനറൽ | 2,00,000 | |
| | | 2,60,500 | 110/24 സ്നേഹസ്പർശം | 2,60,500 | |
| | | 1,00,000 | 23/24 അങ്കണവാടി പോഷക ആഹാരം ജനറൽ | 1,00,000 | |
| | | 7,45,921 | 06/24 ക്ഷീരസമൃദ്ധി പാലിന് സബ്സിഡി | 7,45,921 | |
| **ആകെ** | **11,46,404** | **46,12,291** | | **46,12,291** | **11,46,404** |
| ജില്ലാ പഞ്ചായത്ത് | | 49,000 | 149/24, ഹരിതഭവനം | 49,000 | |
| | | 11,25,604 | 143/24 കേദാരം നൽകൃഷി | 11,25,604 | |
| | | 12,80,000 | 154/24 ലൈഫ് ഭവന നിർമ്മാണം 2023-24 പട്ടിക ജാതി | 12,80,000 | |
| | | 8,60,000 | 173/24 ലൈഫ് ഭവന നിർമ്മാണത്തിന് ഭൂമി വാങ്ങൽ | 8,60,000 | |
| | | 80,000 | 148/24 ലൈഫ് ഭവന നിർമ്മാണം 2023-24 | 80,000 | |
| | | 2,60,500 | 110/24 സ്നേഹസ്പർശം | 2,60,500 | |

| | | | | | |
|---|---|---|---|---|---|
| | | 2,92,380 | 06/24 ക്ഷീരസമൃദ്ധി പാലിന് സബ്സിഡി | 2,92,380 | |
| ആകെ | 35,200 | 39,47,484 | | 39,47,484 | 35,200 |

## 4-2 നിക്ഷേപ പ്രവൃത്തികൾ

| നിർവഹണ ഏജൻസി | മുൻ ബാക്കി | 2023-24 | | | | |
|---|---|---|---|---|---|---|
| | | പ്രോജക്ട് നം, പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ആകെ തുക | വിനിയോഗ സാക്ഷ്യപത്രം ലഭിച്ചത് + തിരികെ ഒടുക്കിയത് | ബാക്കി തുക |
| കേരള വാട്ടർ അതോറിറ്റി | 16,400 | 294/24, വണ്ടിപ്പുര കുടിവെള്ള ബാക്കി തുക അടവാക്കൽ | 20,000 | 4,36,400 | 0 | 4,36,400 |
| | | 214/24 വണ്ടിപ്പുര കുടിവെള്ളപദ്ധതി പൈപ്പ് ലൈൻ നീട്ടൽ | 4,00,000 | | | |
| കെ.എസ്.ഇ.ബി | 79,13,990 | 96/24, സ്ട്രീറ്റ് മെയിൻ സ്ഥാപിക്കലും ഇലക്ട്രിക് ലൈൻ ദീർഘിപ്പിക്കലും | 1,99,210 | 81,13,200 | 0 | 81,13,200 |
| ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് | 0 | 178/24, ചെമ്മരുതി ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിൽ കുഴൽകിണർ നിർമ്മാണം | 10,00,000 | 10,91,761 | 0 | 10,91,761 |
| | | 212/24, പഞ്ചായത്താഫീസിൽ കുഴൽകിണർ നിർമ്മാണം | 91,761 | | | |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

| വായ്പ വിവരം | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം ലഭിച്ച തുക (RP -31 പ്രകാരം) | ആകെ | തൻവർഷം തിരിച്ചടച്ച തുക (സുലേഖ ചെലവ് പത്രിക പ്രകാരം) | തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക (B-5 ഷെഡ്യൂൾ പ്രകാരം) |
|---|---|---|---|---|---|
| KURDFC | 3,52,92,590 | 1,60,60,000 | 5,13,52,590 | 40,64,961 | 4,72,87,629 |

## 4-5 സ്ഥിരനിക്ഷേപങ്ങളുടെ വിവരം

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

| ക്രമ നം. | റിപ്പോർട്ട്/ വർഷം | ഭാഗം / ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേര് | രസീത് നം/ തീയതി |
|---|---|---|---|---|---|
| 1 | 2022-23 | 1-29 | 3,668 | ഷിജു. എസ്, കരാറുകാരൻ പോങ്ങിൽ കോളനി റോഡ് മെയിന്റനൻസ് | 1230103265 തീയതി 06/02/2024 |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം

| സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|
| 2017-18 | 4(എ) | ആസ്തി രജിസ്റ്റർ പൂർണവും കാലികവുമല്ല | പഞ്ചായത്ത് ഭരണ സമിതി തീരുമാനപ്രകാരം മറുപടി നൽകിയിട്ടുണ്ട്. |
| 2017-18 | 4(ബി) | രണ്ട് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ആസ്തി രജിസ്റ്ററിൽ ഒരേ റോഡ് ഉൾപ്പെടുത്തിയിരിക്കുന്നു. | |

## 4-8 ചാർജ്/സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| മുന്നിരിപ്പ് | 6,51,51,919 |
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 7,82,75,818 |
| ആകെ | 14,34,27,737 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 8,20,90,029 |
| നീക്കിയിരിപ്പ് | 6,13,37,708 |
| വരവിനങ്ങളിലെ നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലെ നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | **6,071** |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | **21,93,644** |

(ബി) പഞ്ചായത്തു ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 6,071 | ശ്രീമതി ഷൈന ഹാഷിം, അസിസ്റ്റന്റ് എഞ്ചിനീയർ |

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-24-1 | 10,00,000 | ശ്രീ. എസ്. ഷാനികുമാർ, സെക്രട്ടറി |
| 1-24-2 | 2,29,855 | ശ്രീ. എസ്. ഷാനികുമാർ, സെക്രട്ടറി |
| 1-24-3 | 4,20,000 | ശ്രീ. എസ്. ഷാനികുമാർ, സെക്രട്ടറി |
| 1-34-1 | 2,60,000 | ശ്രീമതി ആശാരാജ്, വി.ഇ.ഒ. സർക്കിൾ-1 |
| 1-34-2 | 2,00,000 | ശ്രീമതി ആശാരാജ്, വി.ഇ.ഒ. സർക്കിൾ-1 |
| 1-41 | 83,789 | ഡോ. സബിത. എ, മെഡിക്കൽ ഓഫീസർ (ഹോമിയോ) |
| **ആകെ** | **21,93,644** | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം
ഇല്ല
(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ
ഇല്ല
(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി ഷൈന ഹാഷിം, അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, | കുന്നുവിള, കുരയ്ക്കണ്ണി, വർക്കല പി.ഒ. |

| | | |
|---|---|---|
| | ചെമ്മരുതി ഗ്രാമ പഞ്ചായത്ത് | |
| ശ്രീ. എസ്. ഷാനികുമാർ, സെക്രട്ടറി | സെക്രട്ടറി, ചെമ്മരുതി ഗ്രാമ പഞ്ചായത്ത് | 'ശ്രീകൃഷ്ണാസ് ', കാട്ടുകുളം, ചിറയിൻകീഴ്.പി.ഒ Sshanikumar@Gmail.Com |
| ശ്രീമതി ആശാരാജ്, വി.ഇ.ഒ. സർക്കിൾ-1 | വി.ഇ.ഒ. സർക്കിൾ-1, ചെമ്മരുതി ഗ്രാമ പഞ്ചായത്ത് | സുജിത് നിവാസ്, വലിയകുന്ന്, കിഴുവിലം പി.ഒ. Sreeambady6@Gmail.Com |
| ഡോ. സബിത. എ, മെഡിക്കൽ ഓഫീസർ (ഹോമിയോ) | മെഡിക്കൽ ഓഫീസർ (ഹോമിയോ), ചെമ്മരുതി ഗ്രാമ പഞ്ചായത്ത് | DN306 Lane 3, ദർശൻ നഗർ, പേരൂർക്കട പി.ഒ. |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2006-07 മുതൽ 2016-17 | കെ.എസ്.എ.റ്റി.വി.എം/ജി.പി8/154/2022 തീയതി. 12.10.2022 | 12 |
| 2017-18 | കെ.എസ്.എ.റ്റി.വി.എം/ജി.പി8/154/2022 തീയതി. 22.05.2023 | 3 |
| 2018-19 | കെ.എസ്.എ.റ്റി.വി.എം/ജി.പി8/470/2022 തീയതി. 22.05.2023 | 21 |
| 2019-20 | കെ.എസ്.എ.റ്റി.വി.എം/ജി.പി8/1951/2021 തീയതി. 02.04.2024 | 21 |
| 2020-21 | കെ.എസ്.എ.റ്റി.വി.എം/ജി.പി8/1062/2022 തീയതി. 05.03.2024 | 25 |
| 2021-22 | കെ.എസ്.എ.റ്റി.വി.എം/ജി.പി8/2136/2022 തീയതി. 13.06.2024 | 34 |
| 2022-23 | കെ.എസ്.എ.റ്റി.വി.എം/ജി.പി8/1553/2023 തീയതി. 13.03.2024 | 49 |

**ഡെപ്യൂട്ടി ഡയറക്ടർ**
**ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം**
**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

# Annexure-1
# Audit Certificate

i. I have audited the attached Financial statements approved vide resolution number 3 dated 3 dated 05-07-2024 and submitted on 09-07-2024 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2024 and Balance sheet as on 31-03-2024 , with supporting forms, of the Chemmaruthy Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2023-2024 and Financial position of Chemmaruthy Grama Panchayat as on 31-03-2024

**Date: 22/12/2024** **Deputy Director**

**Kerala State Audit Department**

## Audit Report appended to the Audit Certificate of Chemmaruthy Grama Panchayat for the Year 2023-2024.

### 1.Major Observations

NIL

### 2.Other Observations

1) The Notes on Accounts under Rule 62-2 (e) and Annual Ratio under Rule 62-2 (f) of the Kerala Panchayat Raj Accounts Rules, 2011 have not been prepared and submitted along with the Annual Financial Statement.

2) In the Cash Flow Statement, the amount "Net Cash Generated -Grand Total" (24165297) does not match the amount "Net Increase / (Decrease) In Cash and Cash Equivalents" (3814211).

3) As per the Kerala Panchayat Raj (Accounts) Rules 58 (4) (a), physical verification and matching of stock is to be done at the end of every year. But at the end of the year 2023-24, the value of Stock in hand (inventories) has not been included in the Balance Sheet B-14 Schedule of the annual financial statement. As per the balance sheet, the stock value is shown as zero.

4) Schedule B-1, which determined the Financial outcome (Panchayat fund) for the year, has not been made available for audit along with the annual accounts.

5) On verification of bank accounts and reconciliation statements, the following cheques have not been credited (Cash or check deposited) till date.

| Bank | Voucher No. | Date | Instruments No. | Date | Amount |
|---|---|---|---|---|---|
| STATE BANK OF INDIA PALAYAMKUNNU (37289819391) | 117220900102 | 31.03.2018 | - | - | 7534 |
| Sub Treasury Varkala. (799013000000904) | 1210100102 | 15.04.2021 | 2661164 | 15.04.2021 | 34,425 |

6) As per Rule 17 (2) of the Kerala Panchayat Raj Accounts Rules, the monthly demand for each item of income approved by the Grama Panchayat is to be recorded through journal entry. But on checking the ledger of various income, the demand entry was recorded only at the end of the financial year 2023-24.

7) Rs.664144 allocated for construction of veterinary subcentre (project No. 68/24) which was given as part bill is not included under the head Capital Work in progress in the balance sheet.

8) The bank books for various accounts reflect credit balances for different time periods. Details given below.

| Account | period |
|---|---|
| THE FEDERAL BANK HOUSING (11290100430077) | 03.06.2023 to 06.06.2023<br>10.07.2023 to 30.03.2024 |
| KERALA GRAMIN BANK - NREGS-85646 (40351101085646) | 05.03.2024 to 30.03.2024 |

9) As per Balance Sheet B - 2 Schedule (Head Code 311100101) the balance in the Panchayat Distress Relief Fund is Rs. 6,950/-, whereas the corresponding balance in the respective bank Account (No. 12807) is Rs. 4,581/- Only.

10) Depreciation has not been calculated in Income & Expenditure for the year 2023-24 for various assets. example

| Head code | item |
|---|---|
| 416100102 | Accumulated Depreciation - Roads and Bridges |
| 416100103 | Accumulated Depreciation -Sewerage and drainage |
| 416100104 | Accumulated Depreciation - Waterways |
| 416100105 | Accumulated Depreciation - Public Lighting |
| 416100106 | Accumulated Depreciation - plant ant Machinery |
| 416100110 | Accumulated Depreciation - Other Fixed Assets |

11) The amounts of advance receipts as per the balance sheet for the year 2022-23, listed below, have not been transferred to the revenue head for the year 2023-24.

| Head code | item | amount |
|---|---|---|
| 350410199 | Advance Collection Of Revenues -Other Taxes | 778.00 |
| 350410401 | Advance Collection Of Revenues -Rent from buildings | 18829.00 |

12) For recording the capital contribution of each fund, such as the Development Fund, Finance Commission Grant, and Maintenance Grant, specific heads have been allocated in Balance Sheet B-3 Schedule. However, instead of recording the capital contribution under the respective heads allocated, the amount has been included under the general head Code 312109901 - Capital Contribution.

13) The Advance Register, Deposit Register, and Loan Register were not made available for audit. Hence the accuracy of the balances in the Annual Financial Statement could not be verified.

14) The balances as per the Annual Financial Statement (B-4 Schedule) for various grants do not match with the balances in the Bank Book (B-17 Schedule). The details of the discrepancies are as follows:

| Grant | Balance as per 2023-24 Balance Sheet (B-4 Schedule) | Balance as per Bank Book (B-17 Schedule) |
|---|---|---|
| CFC (Central Finance Commission) | 42,75,990 (Basic-1,554,282, Tied-2,721,708) | 43,91,084 |
| Health Grant towards conversion of PHCs and subcentres | 4,38,905 | 4,38,904 |

15) The collection and balance amounts for Property Tax on residential and non-residential buildings as per the Annual Financial Statement do not match with the corresponding figures in the Sanchaya Software. The details of the discrepancies are as follows:

| Item | Demand (Annual Financial Statement) | Collection (Annual Financial Statement) | Balance (Including Library Cess) | Demand (Sanchaya Software) | Collection (Sanchaya Software) | Balance (Sanchaya Software) |
|---|---|---|---|---|---|---|
| Property Tax on Residential Building - Current | 22,41,873 | 22,43,590 | 22,34,174 | 22,39,941 | 0 | 3,415 |
| Property Tax on Non-Residential Building - Current | 16,64,528 | 16,64,623 | 16,63,270 | 16,61,309 | 0 | 1,331 |

16) In the Income & Expenditure statement Abstract Report, the Gross Surplus/(Deficit) of income over expenditure after prior items was calculated based on the net difference of Rs. 15,67,833/- for prior period income and expenditure. However, instead of this amount, Rs. 15,12,873/- has been recorded in the AFS. Subsequently the gross surplus of income over expenditure for 2023-24 has been understated by Rs. 54,960/-.

17) Upon verification of the trial balance for the financial year 2023-24, the opening balance for MGNREGS administrative expenses is shown as Rs. 7,03,978/- as per the balance sheet, whereas the opening balance as per the Cash Book is Rs. 7,21,566.48. Additionally, the expenditure recorded in the Cash Book amounts to Rs. 13,77,518 (Kerala Gramin Bank - Rs. 13,34,209 + IOB Vadasseryikkonam - Rs. 43,309/-), whereas the expenditure recorded in the Annual Financial Statement is Rs. 13,59,931/-.

## അനുബന്ധം-2
## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തിരുവനന്തപുരം ജില്ലയിലെ ചെമ്മരുതി ഗ്രാമപഞ്ചായത്തിന്റെ 2023-2024 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/ തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്